# കരയോഗ സൗഹൃദം


*സത്യം പരം ധീമഹീ*

**Rs. 6**

**മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം**

**Pages 52**

വാല്യം – 16 ലക്കം – 8 കർക്കിടകം – 1199 ആഗസ്റ്റ് 2024






ഇ സി എഫ് 26–ാമത് വാർഷികാഘോഷം
അഡ്വ. എ. ബാലഗോപാൽ ഭദ്രദീപം
കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളം കരയോഗത്തിൽ 18-7-2024 ൽ നട
ന്ന അഖണ്ഡ രാമായണ പാരായണത്തിൽ നിന്ന്










വയനാട് പ്രകൃതി ദുരന്തത്തിൽ ജീവൻ പൊലിഞ്ഞ സഹോദരങ്ങൾക്ക് ആദരാഞ്ജലികൾ.
എറണാകുളം കരയോഗവും മാതൃഭൂമിയുമായി കൈകോർത്ത് വയനാടുള്ള സഹോദരങ്ങൾക്ക്
ആവശ്യവസ്തുക്കൾ സമാഹരിച്ച് നൽകി.



## എഡിറ്റോറിയൽ

# യാത്രാ ദുരിതം പരിഹരിക്കുക

**കേ**രളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാദുരിതം-ഇതൊന്ന് പരിഹരിച്ച് ജനങ്ങൾക്ക് മിതമായ സമയം കൊണ്ട് ലക്ഷ്യസ്ഥാനത്തെത്താൻ കഴിയുന്ന ഒരു കാലം ഉണ്ടാകുമോ? ഈ ചോദ്യം ഇവിടുത്തെ ജനങ്ങൾ ചോദിച്ചു തുടങ്ങിയിട്ട് വർഷങ്ങളേറെയായി. പക്ഷെ ഇതുവരെയും ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടായിട്ടില്ലെന്ന് മാത്രം. ഓരോ വർഷം കഴിയുന്തോറും ദുരിതം ഇരട്ടിക്കുകയാണ്. കേരളത്തിലെ പ്രധാന നഗരങ്ങളെല്ലാം ഗതാഗതക്കുരുക്കിൽ വീർപ്പുമുട്ടുകയാണിന്ന്. പ്രത്യേകിച്ച് പീക് അവ്വേഴ്സ് എന്നു പറയുന്ന രാവിലെ 8 മണി മുതൽ 11 വരെയും വൈകിട്ട് 4 മുതൽ 8 മണി വരെയും. മഴക്കാലം ആയാൽ പിന്നെ എപ്പോഴും ബ്ലോക്ക് തന്നെ. ഈ വിഷയം എവിടെ ഉന്നയിച്ചാലും കിട്ടുന്ന മറുപടി കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും അനിയന്ത്രിതമായ വാഹനപ്പെരുപ്പവുമാണെന്നാണ്. ഇതു രണ്ടും എങ്ങനെ ദോഷകരമാകും, ആകില്ല. ഇത് പോലയോ, ഇതിലുമധികമോ ജനസാന്ദ്രതയുള്ള മറ്റ് നഗരങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടല്ലോ അവിടെയെങ്ങും ഇത്രത്തോളം യാത്രാദുരിതം ഉണ്ടാകുന്നതായി കാണാറില്ലല്ലോ. എന്തുകൊണ്ട് കേരളത്തിൽ മാത്രം ഇങ്ങനെ?

അടുത്തത് വാഹനങ്ങളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനയെന്നാണല്ലോ പറയുന്നത്. യഥാർത്ഥത്തിൽ വാഹനവർദ്ധനവ് സർക്കാരിന് ഗുണകരമല്ലേ? ഏതെല്ലാം തരത്തിലുള്ള നികുതികളാണ് വാഹനഉടമകളിൽനിന്നും സർക്കാർ ഈടാക്കുന്നത് വണ്ടി വാങ്ങുമ്പോഴുള്ള നികുതി, പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി, റോഡ് ടാക്സ്, സ്പെയർ പാർട്ട്സിന്മേലുള്ള നികുതി, ടോളുകളിലെ ചാർജ്ജുകൾ അങ്ങനെ പോകുന്നു ആ പട്ടിക. വാഹനങ്ങൾക്ക് റോഡ് ടാക്സ് വാങ്ങുന്ന സർക്കാരിന്, ആ വാഹനം സുഗമമായി ഉപയോഗിക്കത്തക്കവിധം റോഡുകൾ ഗതാഗതയോഗ്യമാക്കി കാത്തു

# ഉള്ളടക്കം

വാല്യം 16 | ലക്കം 8 | ആഗസ്റ്റ് 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 10 |
| യാത്രാ വിവരണം | 13 |
| ഭദ്രകാളി അനുഷ്ഠാനകലകളിൽ | 15 |
| കർക്കിടകചികിത്സ | 23 |
| രാമരാജ്യം | 25 |
| നമഃശിവായ | 27 |
| ഇത് മലയാള നാടല്ല തീർച്ച തന്നെ | 29 |
| ആഗോളതാപനവും കൂട്ടവംശനാശവും | 30 |
| ദൃക്ക്ദൃശ്യ വിവേകം | 33 |
| ടെൻഷൻ | 40 |
| ആരാണ് അമ്മ | 43 |
| എന്റെ അമ്മയുടെ കഥ - എന്റെയും | 45 |
| മാസഫലം | 48 |
| മാട്രിമോണിയൽ. | 49 |



## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

സൂക്ഷിക്കുവാനുള്ള കടമയും ഉത്തരവാദിത്വവും ഇല്ലേ അതോ, ടാക്സ് വാങ്ങികഴിഞ്ഞാൽ അവരുടെ ഉത്തരവാദിത്വം അവിടെ അവസാനിച്ചുവോ? ടാക്സ് അടക്കാത്ത വാഹനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ എടുക്കുന്നുണ്ടല്ലോ? അപ്പോൾ ടാക്സ് അടച്ചു നിയമം പാലിക്കുന്ന ജനത്തിന്, അവർക്ക് അർഹതപ്പെടുംവിധം റോഡുകൾ ഗതാഗതയോഗ്യമാക്കി പരിപാലിക്കാത്ത സർക്കാർ വകുപ്പുകൾക്കെതിരേയും ശിക്ഷണ നടപടികൾ ഉണ്ടാകേണ്ടതല്ലേ? നിയമം എന്ന പാലം ഒരു വശത്തേക്കു മാത്രമുള്ളതാണോ? എത്രകാലം സഹിക്കണം ഈ ഗതികേട്? എത്രകാലം ജീവിതത്തിൽ ക്രിയാത്മക പ്രവർത്തനങ്ങൾ ചെയ്യേണ്ട സമയം റോഡുകളിൽ കാത്തു കിടപ്പിനായി ചിലവഴിക്കണം? എന്തെ ഇതിങ്ങനെ തുടരുന്നു? കാരണം മറ്റൊന്നുമല്ല, ഭരിക്കുന്നവരാണല്ലോ റോഡ് നിർമ്മാണവും അറ്റകുറ്റപണികളും എല്ലാം ചെയ്യിക്കേണ്ടത്. അവർക്ക് എത്ര ബ്ലോക്ക് ഉണ്ടെങ്കിലും മണിക്കൂറുകളായി കാത്തുകിടക്കുന്ന ജനങ്ങളെ പരിഹസിക്കും വിധം പോലീസ് എസ്കോർട്ടോടു കൂടി സൈറൺ മുഴക്കി അതിവേഗം പാഞ്ഞുപോകാനുള്ള അനുമതി ഉണ്ടല്ലോ അതു നിർത്തലാക്കണം. എല്ലാവരുടെയും സമയത്തിന് തുല്യവില ആവണം. രോഗികളുമായി വരുന്ന ആബുലൻസുകൾക്കല്ലാതെ മറ്റൊരു വാഹനത്തിനും മറ്റുള്ളവരെ അവഗണിച്ച് അമിത വേഗത്തിൽ പോകുവാനുള്ള അനുവാദം നല്കരുത്- നിയമങ്ങൾ മാറ്റപ്പെടണം. സാധാരണ ജനങ്ങൾക്കും ഇവിടെ അവകാശാധികാരങ്ങൾ ഉണ്ടാവണം. അത് വോട്ടുകുത്തലിൽ മാത്രം ഒതുങ്ങിക്കൂടാ. ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ വേണ്ടി ഉള്ള വഴി തിരിച്ചു വിടലാണ് മറ്റൊരു വിഷയം. ഉദാഹരണത്തിന് തൃപ്പൂണിത്തുറ നിന്നും എറണാകുളം മേനക സ്റ്റാൻഡിലേയ്ക്ക് പോകുന്ന ബസ്സുകൾ പണ്ട് വളഞ്ഞമ്പലം വഴി പള്ളിമുക്ക് വഴി സൗത്ത് വഴി മേനകയിലെത്തുകയായിരുന്നു പതിവ്. തിരക്ക് കൂടിയപ്പോൾ അത് നിയന്ത്രണ വിധേയമാക്കുവാൻ ബസ്സുകളെ രവിപുരം വഴി ചുറ്റി മേനകയിലെത്തുവാൻ നിർദ്ദേശിച്ചു. അതും രവിപുരത്തുനിന്നും ഓൾഡ് തേവര റോഡുവഴി ഫൈൻ ആർട്സ് അവന്യു വഴി ചുറ്റി വേണം മേനകയിലെത്താൻ. ഇതുപോലെ തിരിച്ചു പോകുമ്പോൾ ജിസിഡിഎയുടെ അവിടെ നിന്നും നേരെ തൃപ്പൂണിത്തുറയ്ക്ക് പോകാതെ ഇന്ദിരാഗാന്ധി ഹോസ്പിൽ ചുറ്റി ആലുങ്കൽ റോഡ് വഴി കടവന്ത്രയിലെത്തി വേണം പോകാൻ. ഇതൊരു ഇദാഹരണം മാത്രം. കേരളത്തിൽ പലയിടത്തും ഇതുപോലെ 'പുറകിൽ ചുറ്റി മൂക്ക്' പിടിക്കുന്നത് കാണാം. എത്രമാത്രം പെട്രോളും ഡീസലുമാണ് ഈ ഇനത്തിൽ അധികമായി ഉപയോഗിക്കപ്പെടുന്നതു ഇതു മൂലം വാഹന ഉടമകൾക്കുണ്ടാകുന്ന നഷ്ടം മാത്രമല്ല, പെട്രോളിയം ഉല്പന്നങ്ങൾ ഇറക്കുതി ചെയ്യുന്ന നമ്മുടെ ഈ രാജ്യത്തിന് അതുവഴി ഉണ്ടാകുന്ന വിദേശനാണ്യനഷ്ടവും കണക്കിലെടുക്കേണ്ടതല്ലേ? വാഹനങ്ങളുടെ നികുതി പിരിക്കുമ്പോൾ ആ നികുതിപണം ഉപയോഗിച്ച് റോഡ് വികസനം നടത്തുക. അപ്പോൾ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

സാധാരണക്കാരുടെ യാത്രാ ദുരിതം പരിഹരിക്കാനുള്ള മറ്റൊരു മാർഗ്ഗമാണല്ലോ റയിൽ ഗതാഗതം കേരളത്തിന്റെ ഭരണസിരാകേന്ദ്രമായ തിരുവനന്തപുരത്തേയ്ക്കും വ്യവസായ തലസ്ഥാനമായ കൊച്ചിയിലേയ്ക്കും കേരളത്തിന്റെ തെക്കെ അറ്റം മുതൽ വടക്കേ അറ്റം വരെ ഉള്ളവർ നിത്യേന യാത്ര ചെയ്യുന്നുണ്ട്. ഇക്കൂട്ടത്തിൽ വിദ്യാർത്ഥികളുണ്ട്, ഉദ്യോഗസ്ഥരുണ്ട്, വ്യാപാരികളുണ്ട്. മറ്റു സംസ്ഥാനങ്ങളിലേക്ക് യാത്ര ചെയ്യുന്നവരും ഏറെയാണ്. ഇവർക്കെല്ലാം സമയാസമയങ്ങളിൽ കൃത്യമായി എത്തിച്ചേരുവാൻ പറ്റും വിധം റെയിൽ സൗകര്യം ഒരുക്കേണ്ടത് റെയിൽവേയുടെ ഉത്തരവാദിത്വമല്ലെ റയിൽവേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന ഒരു സംസ്ഥാനമല്ലേ കേരളം.? അപ്പോൾ അതനുസരിച്ച് ട്രെയിൻ സർവ്വീസ് വർദ്ധിപ്പിക്കേണ്ടതല്ലെ? പാത വികസിപ്പിക്കൽ പ്രശ്നമാണെന്ന് പറഞ്ഞേക്കാം. അതിന്റെ ഉത്തരവാദി സാധാരണക്കാരനല്ലോ. കേന്ദ്രത്തിലും കേരളത്തിലും ഭരിക്കുന്ന സർക്കാരുകളല്ലേ? നിങ്ങൾ തമ്മിലുള്ള പരസ്പരം പഴിചാരൽ കേട്ടുകൊണ്ട് ജനം എത്രകാലം ഈ ദുരിതം പേറണം.?

കേരളത്തിലെ റോഡ് ഗതാഗതവും റെയിൽ ഗതാഗതവും സാധാരണക്കാരന് പ്രയോജനപ്രദമാകും വിധം പരിഷ്ക്കരിക്കപ്പെടണം. ഒരു നാടിന്റെ വികസനത്തിന്റെ അടിസ്ഥാന ഘടകം സുഗമമായ ഗതാഗതസൗകര്യമാണ്. ഇക്കാര്യങ്ങളിലുള്ള ശോച്യാവസ്തയാണ് വ്യാവസായികമായി കേരളം വളരാത്തതിന്റെ പ്രധാനകാരണം. അതുകൊണ്ട് നമ്മുടെ സംസ്ഥാനം മറ്റുള്ള സംസ്ഥാനങ്ങൾക്കൊപ്പം വളരണമെന്നുണ്ടെങ്കിൽ, റോഡുമാർഗ്ഗവും റെയിൽ മാർഗ്ഗവും ഉള്ള യാത്രയിൽ ഇന്ന് അനുഭവിക്കുന്നു. ക്ലേശങ്ങൾ ഒഴിവാക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ഉണ്ടാവണമെന്ന് ബന്ധപ്പെട്ട എല്ലാവരോടും ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു. ജയ്ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

*പ്രിയ കരയോഗാംഗങ്ങളെ,*

**ക**ർക്കിടകമാസം രാമായണമാസമായി ആചരിച്ച് ഹൈന്ദവകുടുംബങ്ങളിലും സ്ഥാപനങ്ങളിലും ക്ഷേത്രങ്ങളിലും ശ്രീരാമചരിതം സമ്പൂർണ്ണമായി പാരായണം ചെയ്യുന്ന ഒരു കാലമാണല്ലോ ഇത്. കർക്കിടകം പഞ്ഞകർക്കിടകം എന്നുപറഞ്ഞതിനുപകരം കഴിഞ്ഞ പത്ത് മുപ്പത് കൊല്ലങ്ങളായി അദ്ധ്യാത്മരാമായണ പാരായണത്തിനും പ്രചാരണത്തിനുമുള്ള കാലമായി മാറുകയും അത് ഏറ്റെടുത്തുകൊണ്ട് ഹൈന്ദവ വിശ്വാസികൾ ക്ഷേത്രദർശനവും പുരാണേതിഹാസപാരായണവുംനടത്തി പോരുന്നു. ഇത് ഒരു മാറ്റത്തിന്റെ തുടക്കമാണ്. എല്ലാവർക്കും ശ്രീരാമചന്ദ്രന്റെ അനുഗ്രഹം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ശക്തിയായ വേനൽ ചൂടിന് ശേഷം ഉണ്ടായ മഴ ആശ്വാസം പകരുന്നതായിരുന്നു. പക്ഷെ തുടർന്നു വന്ന ദിവസങ്ങളിൽ മഴ സർവ്വനാശം വിതച്ചുകൊണ്ട് സംഹാരതാണ്ഡവമാടുന്ന കാഴ്ച്ചയാണ് നാം കണ്ടത്. പ്രത്യേകിച്ച് വടക്കൻ ജില്ലകളിലേയും തെക്കൻ ജില്ലകളിലേയും ജനങ്ങൾ മഴക്കെടുതിയുടെ ദുരിതം അനുഭവിക്കുകയാണ്. ഗൃഹങ്ങൾ നഷ്ടപ്പെട്ടവർ, ബന്ധുമിത്രാദികളെ നഷ്ടപ്പെട്ടവർ, സമ്പത്ത് നഷ്ടപ്പെട്ടവർ എന്നിങ്ങനെ വളരെ സങ്കടകരമായ അവസ്ഥയിലാണ് കേരളം. പ്രത്യേകിച്ച് വയനാട്ടിലെ മുണ്ടക്കൈ, മേപ്പാടി, ചൂരൽമല തുടങ്ങിയ സ്ഥലങ്ങളിലെ ഉരുൾ പൊട്ടൽ. ഒട്ടേറെപ്പേരുടെ ജീവന പഹരിച്ചു എന്ന വാർത്ത വളരെ ദു:ഖത്തോടെയാണ് ശ്രവിക്കുന്നത്. കേരളം ഇന്നോളം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ ദുരന്തമാണിത്. അത്രയ്ക്ക് ഭീകരമാണ്, ദയനീയമാണ് അവിടുത്തെ അവസ്ഥ. അതിഭങ്കരമായ സ്പോടനത്തോടുകൂടി തുടരെത്തുടരെ ഉണ്ടായ ഉരുൾപൊട്ടലിൽ ഒരു പ്രദേശം മുഴുവനും ഒഴുകി പോയി. ഏതാണ്ട് മുന്നോറാളം ആളുകളാണ് ദാരുണമായി മരണമടഞ്ഞത്. ഏതാണ്ട് അത്രത്തോളം ആളുകളെ കാണാതായിട്ടുമുണ്ട്. ഒരിക്കലും നികത്താൻ പറ്റാത്ത മഹാനഷ്ടം. രാത്രിയിലുണ്ടായ അപ്രതീക്ഷിതമായ മലവെള്ളപാച്ചിലിനൊപ്പം ഇളകി മറിഞ്ഞൊഴുകിയ മണ്ണും പാറകളും എല്ലാം വീടുകളുടെ മുകളിൽ പതിച്ച് വീടിനൊപ്പം സർവ്വരേയും വിഴുങ്ങി ഒഴുകുകയായിരുന്നു പ്രളയ ജലം. നിസ്സഹായതോടെയുള്ള നിലവിളികൾ മാത്രം. എങ്ങനെയൊക്കെയോ കുറെ പേർ രക്ഷപെട്ടു. മരിച്ചവരുടെയും കാണാതായവരുടെയും യഥാർത്ഥ കണക്ക് ഇനിയും പറയാറായിട്ടില്ല. കേരളം കേഴുകയാണ്. അവശേഷിച്ചവർക്കു വേണ്ടി സഹായങ്ങൾ എത്തുന്നുണ്ട്-എത്തിക്കുന്നുണ്ട്. നമുക്ക് ഈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും അവരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കു ചേരുകയും ചെയ്യാം. ആകസ്മികമായി ഉണ്ടായ ഈ ദുരന്തത്തിൽ നമ്മുടെ അനുശോചനവും രേഖപ്പെടുത്തുന്നു.

മലയോരമേഖലകളിൽ ഉരുൾപൊട്ടലും പുഴ കരകവിഞ്ഞ് ഒഴുകുന്ന വെള്ളപ്പൊക്കവുമാണ് ദുരിത കാരണമെങ്കിൽ, കൊച്ചിയെപ്പോലെയുള്ള നഗരങ്ങളിൽ കാനകളും, വലിയതോടുകളും മൂടികിടക്കുന്ന പ്ലാസ്റ്റിക്ക് ഉൽപന്നങ്ങളുമാണ് മുഖ്യദുരിതകാരണം. തിരുവനന്തപുരം നഗരത്തിൽ റെയിൽവേയുടെ പാളത്തിനടിയിൽ കൂടി പോകുന്ന കനാൽ

ക്ലീൻ ചെയ്യുന്നതിനിടയിൽ ഒരു ജീവൻ നഷ്ടപ്പെട്ടതും ഇത്തരുണത്തിൽ ഓർക്കേണ്ട താണ്. ആ കാനയിൽ ലോറിക്കണക്കിനുള്ള പ്ലാസ്റ്റിക് മാലിന്യകൂമ്പാരങ്ങളാണുണ്ടായിരുന്നത്. പ്രകൃതി ദുരന്തത്തെക്കാൾ വലുതാണ് മനുഷ്യനിർമ്മിതമായ ഇത്തരം ദുരന്തങ്ങൾ.

ചപ്പുചവറുകളും, പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളും കാനകളിലേയ്ക്കും കായലിലേയ്ക്കും തോട്ടിലേയ്ക്കും ഒക്കെ വലിച്ചറിയുന്ന, പരിഷ്കൃതരെന്ന് സ്വയം അവകാശപ്പെടുന്ന നഗരവാസികളാണ് ഇതിനുത്തരവാദികൾ. അതുകൊണ്ട് തിരുവനന്തപുരത്തെ ഒരു തൊഴിലാളിയുടെ ജീവൻ നഷ്ടപ്പെട്ടതിന് ഉത്തരവാദികൾ ആ പ്രദേശത്തുള്ളവർ തന്നെയാണെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്.

പ്രിയപ്പെട്ട സഹോദരങ്ങളെ മേൽ പറഞ്ഞ സംഭവങ്ങളുടെ രൂക്ഷതയും അതുകൊണ്ട് ഉണ്ടാകുന്ന നഷ്ടങ്ങളും കഷ്ടങ്ങളും എല്ലാം തന്നെ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമുക്ക് ഒരു പ്രതിജ്ഞ എടുക്കാം. തന്റെ വീട്ടിലേ ജൈവ അജൈവ മാലിന്യങ്ങളും പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളും പൊതു സ്ഥലത്ത്, മറ്റുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വിധത്തിൽ നിക്ഷേപിക്കുകില്ല എന്നും, തൻെറ നിത്യ ജീവിതത്തിൽ പ്ലാസ്റ്റിക്ക് ഉൽപന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കും എന്നുള്ള ദൃഢനിശ്ചയത്തോടെ മുന്നോട്ട് പോകാം.

പ്രിയ കരയോഗാഗംഗങ്ങളെ മുമ്പ് പലപ്പോഴും സൂചിപ്പിച്ചിട്ടുള്ളപോലെ എറണാകുളം കരയോഗത്തിന്റെ ഏറ്റവും അഭിമാനകരമായ കല്യാണ മണ്ഡപമാണ് ടിഡിഎം ഗംഗ. 25 കൊല്ലം മുമ്പ് പുനർനിർമ്മിച്ച പ്രസ്തുത ഹാളിന്റെ ഇന്റീരിയർ ഡെക്കറേഷൻ കാലപഴക്കം കൊണ്ട് മോശമായ കാര്യം നമ്മൾ ചർച്ച ചെയ്യുകയും അതു പരിഹരിക്കുന്നതിന് കഴിഞ്ഞ വാർഷികപൊതുയോഗം തീരുമാനിച്ചതിന്റേയും അടിസ്ഥാനത്തിൽ ജൂലൈ മാസം 12 മുതൽ ഹാളിൻെറ അറ്റകുറ്റ പണികൾ വളരെ ദ്യുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കാലത്തിനു അനുസൃതമായി, ആവശ്യമായ രൂപഭംഗിയോടെ, ഒരു കൺവെൻഷൻസെന്ററിന്റെ പുതുമയോടെ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ആഗസ്റ്റ് 17 മുതൽ ടിഡിഎം. ഗംഗ ഹാൾ നവീകരിച്ച് തുറന്നു കൊടുക്കുന്നതാണ്. അംഗങ്ങൾ കുടുബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവർ നവീകരിച്ച ടിഡിഎം നേരിട്ട് കാണുന്നതിനും തങ്ങളുടെ ഗൃഹങ്ങളിലെ എല്ലാ നല്ല കാര്യങ്ങൾക്കും ടിഡിഎം ഹാൾ കോംപ്ലക്സിന്റെ വിവിധ ഹാളുകൾ ഉപയോഗപ്പെടുത്തണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നതോടൊപ്പം നവീകരിച്ച ഗംഗഹാൾ കാണുവാൻ നിങ്ങളെ ക്ഷണിക്കുകയും ചെയ്തുകൊള്ളുന്നു.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഗസ്റ്റ് മാസ പ്രോഗ്രാം : ടി. ഡി എം ഹാളിൽ. ഓഗസ്റ്റ് പതിനേഴിന് ശനിയാഴ്ച ഉച്ചക്ക് രണ്ടു മണി മുതൽ ആറു മണി വരെ – 'കൊച്ചി വിശ്വപൈതൃകം' എന്ന വിഷയത്തെ അധികരിച്ച് നടത്തുന്ന ശില്പശാല.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടിയിൽ മഹാകവി കുമാരനാശാന്റെ ദുരവസ്ഥ, ലീല, നളിനി എന്നീ കൃതികളുടെ നൃത്താവിഷ്ക്കാരം. അവതരണം– ശ്രീമതി കലാമണ്ഡലം സുഗന്ധി. 2024 ആഗസ്റ്റ് 27 ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി. എം. ഹാളിൽ. ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

# ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

# അറിയിപ്പ്

## എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം

പറവൂർ രാജഗോപാൽ – 9847291483

## ഭാഷാശുദ്ധി

*പ്രിയപ്പെട്ട കൂട്ടുകാരേ,*

**യ**തോ ധർമ്മസ്തോ ജയ: ഇത് ഒരു സനാതന സത്യമാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം (സുപ്രീംകോർട്ട്) അതിന്റെ ചിഹനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മുദ്രാവാക്യമാണിത് ഇത് മഹാഭാരതത്തിലുള്ളതാണ്. കുരുക്ഷേത്രയുദ്ധാരംഭത്തിൽ അനുഗ്രഹത്തിനുവേണ്ടി മാതാവിനെ സമീപിച്ച ദുര്യോധനനോട് ഗാന്ധാരി പറഞ്ഞതാണ് ഈ വാചകം.

കൃതയുഗത്തിൽ രാജാവും കോടതിയും സൈന്യവുമില്ല. ജനങ്ങൾ സമാധാനപൂർവ്വം ജീവിച്ചിരുന്നുവെന്ന് മഹാഭാരതത്തിൽ ഭീഷ്മർ പറയുന്നു. അതിനു കാരണം ധർമ്മത്താൽ പ്രേരിതരായ ജനങ്ങൾ പരസ്പരം സഹകരിച്ചു ജീവിച്ചു എന്നതുകൊണ്ടാണ്.

ധർമ്മം ജനങ്ങളെ കൂട്ടി യോജിപ്പിക്കുന്നു.

ഇഹപര ലോകങ്ങളിൽ ഒരുപോലെ ശ്രേയസ്ക്കരമായിട്ടുള്ളതേതോ അതാണ് ധർമ്മം.

കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിരുന്നില്ലേ, പുരാണേതിഹാസങ്ങൾ വായിക്കണമെന്ന് മനസ്സിലാക്കണമെന്നും, അതില്ലാതെ പോയതുകൊണ്ടാണ് നല്ല ഭാഷ നമുക്കു നഷ്ടമായതെന്നും.

ഭാഷയിൽ ആദ്യം അക്ഷരം പിന്നെ വാക്ക്, വാക്യം, ആശയം എന്ന രൂപത്തിൽ പണ്ടത്തെപ്പോലെ പഠിച്ചാലേ വായിക്കാനും എഴുതാനും പറ്റൂ. ഭാഷയുടെ അടിത്തറ അക്ഷരമെങ്കിൽ അത് മേൽപ്പോട്ടു പഠിച്ചുയരാൻ വ്യാകരണം അനിവാര്യമാണ്. ഇന്ന് പഠിപ്പിക്കാത്തതും അതുതന്നെയാണ്. അലങ്കാരങ്ങളും വൃത്തങ്ങളും മാത്രമല്ലല്ലോ വ്യാകരണം ഭാഷാശുദ്ധിക്കുതന്നെ ഒഴിച്ചു കൂടാനാവാത്ത വ്യാകരണം നിർബന്ധമായും പഠിച്ചിരിക്കണം.

ചുമരില്ലാതെ ചിത്രമെഴുതാനും വളയമില്ലാതെ ചാടാനും മുന്നിട്ടിറങ്ങുന്ന മലയാളിക്ക് അക്ഷരമാല പഠിക്കാതെ സാക്ഷരത നേടാം എന്നത് വികല ധാരണയും തെറ്റായ തീർപ്പു കൽപ്പിക്കലുമാണ്.

മദ്യവും മധ്യവും തമ്മിലുള്ള വ്യത്യാസം എഴുതുമ്പോഴും പറയുമ്പോഴും തിരിച്ചറിയാത്ത ഒരു കൂട്ടം ഭാഷാപമാനികളായി മലയാളിയെ മാറ്റി തീർത്തു അക്ഷരമാലാ തമസ്ക്കരണത്തിന്റെ ഈ അപാകവും അപകടവും തിരിച്ചറിയുകയും തിരുത്തുകയും ചെയ്യണം നമ്മുടെ അധികാരികൾ.

ഭാഷ ശുദ്ധമായിരിക്കണം. കൂടുതൽ കൂടുതൽ ശുദ്ധമാക്കി കൊണ്ടേയിരിക്കണം. ഭാഷ പ്രോജ്ജ്വലമാക്കാൻ എന്തൊക്കെയാണോ വേണ്ടത്, അതൊക്കെ അറിവായി നേടി നമുക്ക് ഭാഷ മികവുറ്റതാക്കാം.

മനപ്പാഠം പഠിച്ച് പരീക്ഷകളെ നേരിടാമെന്നൊരു ധാരണ മുൻതലമുറയ്ക്കും ഇന്നും ഉണ്ടെന്നു കൂട്ടിക്കോളൂ. ‘മനപ്പാഠമെന്നത് കാണാപ്പാഠം ഓർമ്മിക്കാനുള്ള ഒരു വലിയ സൂത്രം മാത്രമാണെന്നാണ്’ ഈ ഭാഗം എഴുതിചേർത്ത ആളുടെ വിചാരമെന്നു തോന്നുന്നു. പഠിക്കുന്നതും പഠിച്ചതും ആവശ്യം വരുമ്പോൾ ഓർക്കുന്നതും ഒരു മാനസിക കഴിവാണ്.

സ്വയം പഠിക്കാൻ ഏറ്റവും എളുപ്പമായ വഴി അത് പഠിപ്പിക്കലാണ്. കൂട്ടുകാർക്ക് പരീക്ഷിച്ചു നോക്കാവുന്നതാണ്. കൂട്ടുകാരായ മറ്റു കുട്ടികൾക്ക് സംശയം വരുന്ന പാഠഭാഗങ്ങൾ പഠിപ്പിച്ചു കൊടുത്താൽ ആ പാഠ ഭാഗങ്ങൾ കൂടുതൽ ഹൃദിസ്ഥമാക്കാനാവും.

ചില വാക്കുകളിലെ തെറ്റും ശരിയും ശ്രദ്ധിച്ചോളൂ

അസ്തമയം എന്നതാണ് ശരി അസ്തമനം തെറ്റാണ്.

അങ്ങിനെ എന്നത് തെറ്റ് അങ്ങനെയാണ് ശരി

അടിമത്തം ശരി അടിമത്വം തെറ്റ്

അല്ലെങ്കിൽ ശരി- അല്ലങ്കിൽ തെറ്റ്

വിമ്മിട്ടം ശരി-വിമ്മിഷ്ടം തെറ്റ്

മേലോട്ട് എന്നാണ് എഴുതേണ്ടത്. മേൽപോട്ട് എന്നത് തെറ്റാണ്. പിമ്പോ എന്നെഴുതുക. പിന്നെയല്ല പിമ്പേ എന്നാൽ പിന്നാലെ എന്നർത്ഥം.

ക്ഷണം മതി ക്ഷണനം തെറ്റ് ക്ഷണനം എന്നാൽ വധം എന്ന് അർത്ഥം.

കൈയക്ഷരം ശരി കൈയ്യക്ഷരം തെറ്റ്

സ്വീകർത്താവ് എന്നാൽ സ്വീകരിക്കുന്നയാൾ

പ്രേഷിതൻ എന്നാൽ സുവിശേഷപ്രചാരകൻ

വാക്കുകൾ എഴുതുമ്പോൾ തെറ്റായി എഴുതാതെ നോക്കണം. വാക്കിലെ അക്ഷരങ്ങൾ മാറിയാൽ വാക്കിന്റെ അർത്ഥം തന്നെ മാറിയേക്കാം.

ശരി എഴുതി പഠിക്കുക. ശരിമാത്രം പറയുക. ശരികളിയാവട്ടെ ജീവിതം-ശരിയാവട്ടെ ജീവിതം.

*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## മരണച്ചുറ്റ് അഥവാ മരണക്കണക്ക്

**ക**ഴിഞ്ഞയാഴ്ച ഞാൻ പോയ വീട്ടിലെ പ്രധാന പ്രശ്നം വളരെയധികം പേരും, പെരുമായും, പ്രശസ്തിയുമുള്ള ചങ്ങനാശ്ശേരിയിൽ ഉള്ള ഒരു നമ്പൂതിരി ആ വീട്ടിൽ വരികയും വീട് ആകെ ടേപ് ഉപയോഗിച്ച് അളക്കുകയും മരണക്കണക്കാണെന്ന് പറയുക മാത്രമല്ല, വീട്ടുടമസ്ഥനും, മക്കളും ഉടനെ തന്നെ മരിക്കുന്നതാണെന്നും പറഞ്ഞു.

എവിടെ വീടുപണിയുമ്പോഴും പലരും വന്ന് പല അഭിപ്രായങ്ങളും പറയും. ഒന്നും പറയാതെ പോയാൽ അതവരുടെ മനസ്സമാധാനം കെടുത്തും. ഇവിടെയും സംഭവിച്ചത് അതു തന്നെയാണ്. വീട്ടിൽ എന്തൊ ചെറിയ പ്രശ്നം വന്നപ്പോൾ വീട്ടുടമസ്ഥന്റെ സ്നേഹിതൻ പ്രശസ്തനായ, വാസ്തു നോക്കുന്ന ആളെ വിളിച്ചു വരുത്തുകയും വീടിന്റെ കണക്കുകൾ പരിശോധിക്കുകയും മരണച്ചുറ്റാണെന്ന് വിധിയെഴുതുകയും ചെയ്തു. കണക്ക് എന്നു പറയുന്നത് കേരളത്തിൽ 1955 വരെ നിലനിന്നിരുന്ന കോൽ, വിരൽ അളവുകളാകുന്നു. പഴയ വീടുകൾ ഓല മേഞ്ഞതായിരുന്നു. പിന്നീട് ഓടായി. അതെല്ലാം പണിതിരുന്നത് തച്ചന്റെ ശാസ്ത്രം അഥവാ തച്ചുശാസ്ത്രപ്രകാരമായിരുന്നു. മനുഷ്യാലയചന്ദ്രിക, ശില്പരത്നം എന്നീ പുസ്തകങ്ങൾ എല്ലാ മൂത്താശാരിമാരുടെ കയ്യിലും ഉണ്ടായിരുന്നു. അവരാണ് വീടു പണിയുന്നതിന് സ്ഥാനം കാണുന്നതും, കുറ്റിയടിക്കുന്നതും, മരത്തിന്റെ കണക്കുണ്ടാക്കുന്നതും, മരഉരുപ്പടികളുടെ നീളം, വീതി, ഘനം എന്നിവയും അടയാളപ്പെടുത്തിക്കൊടുത്തിരുന്നത്. അടുത്ത കാലം വരെ സ്ക്കൂളിൽ പെരുക്കപ്പട്ടിക പഠിപ്പിച്ചിരുന്നു. അതനുസരിച്ച് കണക്കുകൾ അനായാസം ചെയ്യാൻ കഴിഞ്ഞിരുന്നു.

ഓടിട്ടതും ഓലമേഞ്ഞതുമായ വീടുകൾക്ക് ഉത്തരവും, കഴുക്കോലും മരംകൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. കഴുക്കോലിന്റെയും, ഉത്തരത്തിന്റെയും നീളവും വീതിയും കണക്കുകൂട്ടുന്നതിന് മൂന്നുതരം കണക്കുകൾ ഉണ്ടായിരുന്നു. ഓല മേഞ്ഞ വീടിന്റെയും, ഓടിട്ട വീടിന്റെയും മുകളിൽ വീഴുന്ന മഴവെള്ളം വേഗത്തിൽ ഒഴുകിപ്പോയില്ലെങ്കിൽ ലീക്ക് വരുവാൻ സാധ്യതയുണ്ട്. രണ്ടിന്റെയും കഴുക്കോലുകൾ തമ്മിൽ നീളവ്യത്യാസമുണ്ടായിരുന്നു. അതുപോലെ തന്നെ കണക്ക് എന്നു പറയുന്നത് കഴുക്കോലുകളുടെ നീളം കണക്കു കൂട്ടുന്നതിനുള്ള Ready Reckoner ആയിരുന്നു. ഒരു മുറിയുടെ വീതി 4 കോൽ 2 വിരൽ എന്നു പറഞ്ഞാൽ അതിന്റെ മരത്തിന്റെ കണക്ക് ഉടനെ കണക്കുകൂട്ടാൻ പറ്റും. ജാതി വ്യവസ്ഥ ഉണ്ടായിരുന്ന കാലത്ത് കണക്കുകളിൽത്തന്നെ ഉത്തമം, മദ്ധ്യമം, അധമം എന്നിവ ഉണ്ടായിരുന്നു. കണക്കുകളിൽത്തന്നെ പഴയ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ സ്ഥലങ്ങളിൽ പലതരത്തിലുള്ള കോലുകൾ ഉണ്ടായിരുന്നു. എല്ലാ പ്രദേശങ്ങളിലും കണക്കറിയാവുന്ന ഒരു ആശാരി ഉണ്ടായിരുന്നു. അദ്ദേഹത്തെ മൂത്താശാരി എന്നാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ വീടിന്റെ പേര് ആ ദേശത്തിന്റെ പേരായിരിക്കും. അദ്ദേഹമായിരിക്കും ആ പ്രദേശത്തെ എല്ലാ വീടുകളും കുറ്റിയടിച്ച് വീടുപണി കഴിയുന്നതു വരെ കൂടെ നിൽക്കുക

യും, വീട്ടിൽ കയറി താമസിക്കുന്ന ദിവസം താക്കോൽ കൈമാറുന്നതും. കാലം മാറി ധാരാളം Enginening college കൾ നാട്ടിൽ വന്നു. Plan വരക്കുന്നതും കുറ്റിയടിക്കുന്നതും പണി തുടങ്ങി അവസാനം വരെയുള്ള supervision ഉം എഞ്ചിനീയർമാർ ഏറ്റെടുത്തു. ഇപ്പോൾ അത് വീണ്ടും മാറി. ധാരാളം Architectകൾ ഉണ്ടായതോടുകൂടി വീടുപണി അവരുടെ നിയന്ത്രണത്തിലാണ്. മേൽപ്പറഞ്ഞ വീട്ടിൽ നമ്പൂതിരി വന്ന് വീടിന്റെ നീളവും, വീതിയു മളന്ന്. രണ്ടു നീളവും, രണ്ടു വീതിയും കൂട്ടി കിട്ടിയ സംഖ്യയെ മൂന്നുകൊണ്ട് ഹരിച്ച സംഖ്യ വിരലായും, അതിനെ വീണ്ടും 24 കൊണ്ട് ഹരിച്ച് കോലുമായി കണക്കുകൂട്ടി. ഇവിടെ 1 കോൽ 72 സെ.മീ ഒരു വിരൽ 3 സെ.മീ ഉം ആണ്. ഇതുതന്നെ വലിയതെറ്റാണ്. ഓരോ നാട്ടിലെയും കോലുകൾ ഓരോ അളവാണ്. 60 സെമീന്റെയും 84 സെ.മീറ്ററിന്റെയും കോൽ ഉണ്ട്.

ഞാൻ ആ വീടു പരിശോധിച്ചപ്പോൾ അടുക്കള കിഴക്കുവടക്കാണ്. കിഴക്കോട്ട് ധാരാളം ജനലുകളുണ്ട്. ഉദയരശ്മികൾ ധാരാളം അടുക്കളയിലേക്ക് വരുന്നുണ്ട്. കിടപ്പുമുറി പരിശോധിച്ചപ്പോൾ തെക്കു പടിഞ്ഞാറൻ കാറ്റ് കടന്നു പോകുന്നുണ്ട്. പോക്കുവെയിലും വരുന്നുണ്ട്. വളരെ നല്ല വീടാണ്. നാട്ടിൽ നിലവിലുണ്ടായിരുന്ന മനുഷ്യാലയ ചന്ദ്രിക എന്ന പ്രശസ്തമായ പുസ്തകത്തിൽ മരണക്കണക്ക് എന്നൊരു വാക്കില്ല. കൂടാതെ കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുമ്പോൾ കോൽ, വിരൽ കണക്കുകളില്ല. ശില്പ രത്നം അഥവാ ശില്പശാസ്ത്ര പ്രകാരം ദേവാലയങ്ങൾക്കും, കൊട്ടാരങ്ങൾക്കും മാത്രം മതി ഈ കണക്കുകൂട്ടൽ. ഞാൻ പോയി കണ്ട വീട്ടിൽ നമ്പൂതിരി പറഞ്ഞതനുസരിച്ച് എല്ലാവരും മരണം കാത്തു കഴിയുകയാണ്. ഈ വീടിന്റെ Architect TDM ഹാളിന്റെ ധാരാളം പണികൾ ചെയ്തിട്ടുള്ളതും, ഗുരുവായൂരിലെ രാധേയം, എറണാകുളത്തെ ഭാസ്ക്കരീയം കൺവെൻഷൻ സെന്റർ എന്നിവയും പണിതിട്ടുള്ള ഇന്ഡ്യയിലെ തന്നെ സീനിയർ Architect and structural Engineer ആയ ശ്രീ ദാമോദർ ആണ്. 60 കൊല്ലമായി ഈ രംഗത്തുള്ള എന്റെ ആദ്യത്തെ അനുഭവമാണ് വീട്ടിൽ ഒരാൾ വന്ന് പരിശോധിച്ചിട്ട് വീട് മരണക്കണക്കിലായിതിനാൽ ഓരോരുത്തരായി അടുത്തുതന്നെ മരിക്കുമെന്ന് ഒരാൾ പറയുന്നത്. ആ വീട്ടിൽ ഉള്ളവർക്ക് counselling ഏർപ്പാടു ചെയ്തിട്ടാണ് ഞാൻ മടങ്ങിയത്.

ദയവായി എല്ലാവരും ശ്രദ്ധിക്കേണ്ടത് വീടുപണി നടക്കുമ്പോൾ Architect ഉണ്ടാക്കിയ പ്ലാൻ അനുസരിച്ച് മാത്രം പണിയുക. ആര് എന്തുപറഞ്ഞാലും Architetc നോട് മാത്രം പറഞ്ഞ് കാര്യങ്ങൾ നടത്തുക. വഴിയിൽ പോകുന്നവർ പലതും പറയും. എന്തെങ്കിലും പറഞ്ഞില്ലെങ്കിൽ അവരുടെ മനസമാധാനം പോകും. പറഞ്ഞാൽ നമ്മുടെ മനസമാധാനം പോകും.

*****

| | | |
|---|---|---|
| പൂർണ്ണേ ഗർഭേ സമസ്ത ത്രിഭുവന ശുഭക -<br>ർമ്മങ്ങളേകത്രകൂടി -<br>പ്പൂർണ്ണാനന്ദം വിളങ്ങീടിന ഘനപടല-<br>ശ്യാമധാമാഭിരാമൻ<br>മംഗല്യേ സന്മുഹൂർത്തേ മഹിതഗുണിമിയ -<br>ന്നഷ്ടമീ രോഹിണീഭ്യാം<br>സംഗേ ഭംഗ്യാ ജനിച്ചാ നഴകൊടു ജഗതീ -<br>മൂലകന്ദം മുകുന്ദൻ.<br>- ശ്രീകൃഷ്ണചരിതം മണിപ്രവാളം 1. 72 | → | *ലോകങ്ങൾക്ക് ആദികാരണനായ മഹാവിഷ്ണു ദേവകിയുടെ ഗർഭം പൂർണ്ണമായപ്പോൾ, മൂന്നു ലോകത്തിലെയും സകല ശുഭകർമ്മങ്ങളുടേയും മൂർത്തീഭാവം പോലെ, മേഘപാളികളുടെ നീലശോഭയുള്ളവനായി, അഷ്ടമിയും രോഹിണിയും ചേരുന്ന സന്മുഹൂർത്തത്തിൽ ആ ദേവിയുടെ ഉദരത്തിൽ നിന്നു പിറന്നു.* |

ക്ഷേത്രങ്ങളിലൂടെ

# മാവേലിക്കര ശ്രീകൃഷ്ണസ്വാമിക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

ഭക്തിപ്രസ്ഥാനത്തിലെ നിറസാന്നിദ്ധ്യമാണ് ശ്രീകൃഷ്ണഭഗവാൻ. നിരവധി ദർശനങ്ങളുടെ ജന്മഭൂമിയാണ് ഭാരതം. എല്ലാ ദർശനങ്ങളും ഏതെങ്കിലും തരത്തിൽ ശ്രീകൃഷ്ണഭഗവാനുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ ശ്രീകൃഷ്ണഭക്തരും ഭഗവാനെ അവരവരുടെ കാഴ്ചപ്പാടിലൂടെ കാണുന്നു. കേൾക്കുന്നു, അറിയുന്നു. അമ്പാടിയിലെ കൃഷ്ണഭാവമല്ല വൃന്ദാവനത്തിലെ കൃഷ്ണൻ. ഭഗവത് ഗീതയിലെ കൃഷ്ണൻ അസ്ത്രങ്ങൾ ചീറിപാഞ്ഞ് മരണം വിതക്കുന്ന യുദ്ധഭൂമിയിലാണ് നില്ക്കുന്നത്. ഭാഗവതത്തിലാകട്ടെ ആട്ടവും പാട്ടുമായി ജീവിതം ആഘോഷിക്കുന്ന കൃഷ്ണനാണ്. യുദ്ധവും സമാധാനവും സ്നേഹവും അക്രമവും ജീവിതവും മരണവും പകലും രാത്രിയും എന്നിങ്ങനെ എല്ലാ വിധ വിരുദ്ധഭാവങ്ങളും ശ്രീകൃഷ്ണനിൽ സമ്മേളിച്ചിരിക്കുന്നു. ആത്മജ്ഞാനത്തിൽ നിന്നാണ് കൃഷ്ണന്റെ രൂപം തെളിയുന്നത്. ജീവിതത്തിലെ വെല്ലുവിളികളെ അതിജീവിക്കാൻ പാടുപെടുന്നവർക്ക് പ്രതീക്ഷയും പ്രചോദനവും പ്രകാശവുമാണ് ശ്രീകൃഷ്ണഭഗവാൻ. ശ്രീകൃഷ്ണതൃപ്പാദങ്ങളെ അഭയം പ്രാപിക്കുന്നവരെല്ലാം ജീവിതത്തിൽ ശ്രീകൃഷ്ണനെ അഭയം പ്രാപിച്ച് പാണ്ഡവരെപ്പോലെ വിജയം പ്രാപിക്കുന്നതായികാണാം. സുദാമാവിന്റെ ഏറ്റവും വലിയ സമ്പത്ത് ശ്രീകൃഷ്ണഭക്തിമാത്രമായിരുന്നു. ഹൃദയത്തിൽ ഭഗവാനെ ചേർത്തുവയ്ക്കാം. ജീവിതഭാരം ലഘൂകരിക്കാം. ഭക്തിയുണ്ടെങ്കിൽ മുക്തിയും ഭഗവാൻ തരും എന്നൊരു വിശ്വാസവും മനസ്സിൽ ഉണ്ടാകും.

ഗുരുവായൂർപുരേശ്വരത്തമരുന്ന ഗുരുവായൂരപ്പന് കുറച്ചുകാലം ആതിഥ്യമരുളിയ രണ്ടു ക്ഷേത്രങ്ങളാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രവും മാവേലിക്കര ശ്രീകൃഷ്ണസ്വാമിക്ഷേത്രവും. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഗുരുവായൂരപ്പൻെറ വിഗ്രഹം അമ്പലപ്പുഴ ക്ഷേത്രത്തിൽ വച്ചു പൂജിച്ചിരുന്നു. എന്നാൽ അവിടെയും ആക്രമണവുണ്ടാകുമോ എന്നു സംശയിച്ച് ഗുരുവായൂരപ്പന്റെ വിഗ്രഹം മാവേലിക്കര ശ്രീകൃഷ്ണക്ഷേത്രത്തിലേക്ക് മാറ്റിയിരുന്നു. പിന്നീട് തിരിച്ചു ഗുരുവായൂരിലേക്കു തന്നെ കൊണ്ടുപോവുകയും ചെയ്തു. അങ്ങനെ മാവേലിക്കരക്ക് ഗുരുവായൂരപ്പന് ആതിഥ്യമരുളുവാനുള്ള ഭാഗ്യം ഉണ്ടായി. 1300 ലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണ് മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. വെണ്ണക്കായി ഇരുകൈകളും നീട്ടിനില്ക്കുന്ന നവനീത കൃഷ്ണനാണ് ഇവിടുത്തെ പ്രതിഷ്ഠ. ഭൂമിക്കടിയിൽ നിന്നും കണ്ടുകിട്ടിയ വിഗ്രഹമാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഒരു കുടുംബത്തിന്റെ അധീനതയിലായിരുന്ന ഈ ഭൂമിയിൽ കാടു വെട്ടിവൃത്തിയാക്കിയപ്പോ പണിക്കാരിലൊരാൾക്ക് കിട്ടിയതാണ് വിഗ്രഹം. അന്നത്തെ രാജാവിന്റെ സഹായത്തോടെ ഇവിടെ ക്ഷേത്രം പണികഴിപ്പിച്ച് മണ്ണിൽ നിന്നു കിട്ടിയ വിഗ്രഹം പ്രതിഷ്ഠിച്ചു. വിഗ്രഹം കണ്ടെടുത്ത് ആദിച്ചൻ എന്ന വ്യക്തിയെ കേരളാദിച്ചൻ എന്ന പട്ടം നൽകി ആദരിക്കുകയും ചെയ്തു. ഇന്ന് അദ്ദേഹത്തിന്റെ കുടുംബം ഊരാളശ്ശേരി എന്നറിയപ്പെടുന്നു.

രാമയ്യൻ ദളവയുടെ ഭരണകാലത്ത് മാവേലിക്കരയിൽ ഒരു കോട്ടനിർമ്മിക്കുകയും ക്ഷേത്രം കോട്ടക്കുള്ളിൽ ആക്കുകയും ചെയ്തു. അങ്ങനെ ഈ സ്ഥലം കോട്ടക്കകം എന്നറിയപ്പെടുകയും ചെയ്തു. 1809-ൽ മെക്കാളെ ഈ കോട്ട തകർത്തു കളഞ്ഞു എങ്കിലും സ്ഥലനാമം കോട്ടക്കകം എന്നു തന്നെയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ വാകച്ചാർത്തു നടക്കുന്ന അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണിത്. അച്ചൻ

കോവിലാറിന്റെ തെക്കേകരയിലാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ബുദ്ധമതത്തിന് വലിയ പ്രചാരം സിദധിച്ചിരുന്ന കാലത്ത് ഈ പ്രദേശത്തും ബുദ്ധമതം വ്യാപിച്ചിരുന്നു. ക്ഷേത്രകവാടത്തിന്റെ കിഴക്കുഭാഗത്ത് ഒരു ആൽച്ചുവട്ടിൽ ധ്യാനബുദ്ധന്റെ ഒരു പ്രതിമ ഇന്നും കാണാം. ഇത് അക്കാലത്തിന്റെ സ്മരണ നിലനിർത്തുന്നു.

അതിവിശാലമായ ക്ഷേത്രാങ്കണത്തിൽ ഒരു വലിയ ദീപസ്തംഭം കാണാം. ഈ ദീപസ്തംഭത്തിനുമുണ്ട് ഒരു പ്രത്യേകത. ഇതിന്റെ ചുവട്ടിൽ നാലുമൂലകളിലും നാലുതോക്കുധാരികളായ പടയാളികളുടെ പ്രതിമകൾകാണാം. ക്ഷേത്രനടയിലെ ദീപസ്തംഭത്തിൽ ആയുധധാരികളായ പടയാളികൾ അതൊരു അപൂർവ്വകാഴ്ചയാണ്. ഈ ദീപസ്തംഭം ഒരു സൗഹൃദ ഉടമ്പടിയുടെ അടയാളമാണ് എന്നു വിശ്വസിക്കുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് മാവേലിക്കര പിടിച്ചടക്കിയശേഷം ഡച്ചുകാരുമായി ഒരു സന്ധിയുണ്ടാക്കി.. ഈ സമാധാന ഉടമ്പടിയുടെ സ്മരണക്കായി ഡച്ചുകാർ സമർപ്പിച്ചതാണ് സ്തംഭവിളക്ക്. വിളക്കിന് നാലുഭാഗത്തു നിന്നും സംരക്ഷണം നൽകുവാൻ കാവൽ നില്ക്കുന്ന രൂപത്തിലാണ് ഒരുവശംമടങ്ങിയ തൊപ്പിയും, കൈയ്യിൽ നിവർത്തിപ്പിടിച്ച തോക്കുമായി നാലു പടയാളികളുടെ പ്രതിമകൾ കാണപ്പെടുന്നത്.

ഗരുഡവാഹന എഴുന്നള്ളത്തു നടത്തുന്ന ക്ഷേത്രമാണിത്. നവനീത പ്രതിഷ്ഠയായതിനാൽ തൃക്കൈവെണ്ണ ഇവിടെ പ്രധാനവഴിപാടാണ്. ഗണപതി, അയ്യപ്പൻ, നവഗ്രഹങ്ങൾ, നാഗദേവതകൾ എന്നീ ഉപദേവ പ്രതിഷ്ഠകളുമുണ്ട്. വിശാലമായ ക്ഷേത്രാങ്കണത്തിൽ ഉയരമുള്ള കൊടിമരവും കാണാം. ക്ഷേത്രനിർമ്മിതിയിൽ നിന്നും കാലപ്പഴക്കത്തിന്റെ ഏകദേശരൂപം മനസ്സിലാക്കാം. വലിയ ഒരു ഊട്ടുപുരയുണ്ട്. ആയിരം പേർക്ക് ഇരുന്നു ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള ഊട്ടുപുരയാണത്. രാജഭരണകാലത്ത് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലേക്ക് മുറജപത്തിനായി പോകുന്ന ബ്രാഹ്മണർക്ക് അന്നദാനം നടത്തുന്നതിനായി നിർമ്മിച്ചതാണിത്. മാവേലിക്കര ശ്രീകൃഷ്ണ ക്ഷേത്രത്തിനടുത്ത മറ്റ് അഞ്ചു ക്ഷേത്രങ്ങളും ഉണ്ട്. പല ചരിത്രസംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഉണ്ണിക്കണ്ണൻ ബുദ്ധമതത്തിന്റെ വളർച്ചക്കും തളർച്ചക്കും സാക്ഷ്യം വഹിച്ച് ഉണ്ണിക്കണ്ണൻ മാവേലിക്കരയുടെ ഐശ്വര്യദായകനായി ഇവിടെ പരിലസിക്കുന്നു. ഗുരുവായൂരപ്പന് ആതിഥ്യമരുളിയ ഈ ക്ഷേത്രത്തിലെ നവനീത കണ്ണനെ കണ്ടുവണങ്ങുവാനും ചരിത്രപ്രധാനമായ സ്തംഭവിളക്കു കാണുവാനും ഉണ്ണിക്കണ്ണന് ഉണ്ണിക്കൈകളിൽ വെണ്ണ സമർപ്പിച്ച് തൊഴുത് അനുഗ്രഹം വാങ്ങുവാനും ഏവർക്കും സാധിക്കുമാറാകട്ടെ.

*****

# അഭിനന്ദനങ്ങൾ



യു.കെ. സ്വിറ്റ്സർലൻഡ്, ജർമനി എന്നിവിടങ്ങളിൽ മൂന്നുവർഷത്തെ ഡോക്ടറൽ ഗവേഷണത്തിനുള്ള മേരിക്യൂറിസ്കോളർഷിപ്പിന് ശ്രീഹരി ഗോപിനാഥൻ അർഹനായി. ഏകദേശം 1.25 ലക്ഷം ബ്രിട്ടീഷ് പൗണ്ടാണ് സ്കോളർഷിപ്പ്.

വെണ്ണല ശിവപത്മത്തിൽ കരയോഗം മെമ്പർ ആയ (B/020) എസ്. ഗോപിനാഥന്റേയും (സീനിയർ ഗവ. പ്ലീഡർ, ഹൈക്കോടതി) പ്രൊഫ. ഡോ. രമ. എൽ. പിയുടേയും (റിട്ട. പ്രിൻസിപ്പാൾ ഗവ. കോളേജ് വൈപ്പിൻ) മകനാണ് ശ്രീഹരി. ശ്രീഹരിക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ

## എറണാകുളം കരയോഗം

# ഓണം

## വിപണനമേള 2024

## ടി. ഡി. എം. ഹാളിൽ

### ആഗസ്റ്റ് 30 വെള്ളിയാഴ്ച മുതൽ സെപ്റ്റംബർ 14 ശനിയാഴ്ച വരെ

2024 ലെ ഓണത്തോടനുബന്ധിച്ചുള്ള ഓണം വിപണനമേള ആഗസ്റ്റ് മാസം 30-ാം തീയതി രാവിലെ 10.30ന് ടി.ഡി.എം. ഹാളിൽ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, പാലട, വിവിധയിനം പ്രഥമനുകൾ എന്നിവ ഈ വിപണന മേളയിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണി വരെയായിരിക്കും വിപണനമേളയുടെ കൗണ്ടർ പ്രവർത്തിക്കുന്നത്.

വിപണനമേളയിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങുവാൻ വരുന്നവർ ക്യാരീബാഗ് കൊണ്ടുവരേണ്ടതാണ്.

### തിരുവോണം പ്രഥമനുകൾ സെപ്റ്റംബർ 15-ാം തീയതി

തിരുവോണത്തിന് പ്രഥമനുകൾ മുൻകൂട്ടി ബുക്കു ചെയ്യുവാൻ സെപ്റ്റംബർ 8-ാം തീയതി മുതൽ 12-ാം തീയതി വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി.ഡി.എം. ഹാളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

### 4 പേർക്കുള്ള തിരുവോണ സദ്യ - 1400/- രൂപ

(2024 സെപ്റ്റബർ 15-ാം തീയതി രാവിലെ 9 മണി മുതൽ 10 മണി വരെ മാത്രം)

വിഭവങ്ങൾ:- ചോറ്, പ്രഥമനുകൾ, സാമ്പാർ, അവിയൽ, കാളൻ, ഓലൻ, എരിശ്ശേരി, പച്ചടി, കിച്ചടി, തോരൻ, അച്ചാർ (3 തരം), ഉപ്പേരി (2 തരം), പരിപ്പ്, നെയ്യ്, മോര്, രസം, പപ്പടം, പഴം, ഇല എന്നിവ അടങ്ങിയ കിറ്റൊന്നിന് 1400/- രൂപ നിരക്കിൽ സദ്യകിറ്റ് മുൻകൂറായി ബുക്കു ചെയ്യുവാൻ സെപ്റ്റംബർ മാസം 8 മുതൽ 12 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി.ഡി. എം ഹാളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവോണ ദിവസം രാവിലെ 9 നും 10 നും ഇടയ്ക്ക് മാത്രമേ സദ്യ കിറ്റ് വിതരണം ഉണ്ടായിരിക്കുകയുള്ളൂ അതുകൊണ്ട് സദ്യകിറ്റുകൾ ബുക്കു ചെയ്യുന്നവർ കൃത്യസമയത്ത് തന്നെ എത്തി കിറ്റുകൾ ഏറ്റുവാങ്ങേണ്ടതാണ് എന്ന് അറിയിക്കുന്നു.

മാംഗല്യ ട്രസ്റ്റ്

യാത്രാ വിവരണം



# കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലൂടെ.....

ഭവാനി. കെ. –9895071101

**എ**റണാകുളം കരയോഗം 1996 മുതൽ വിദേശയാത്രകൾ സംഘടിപ്പിക്കുകയും കഴിഞ്ഞ 7 പ്രാവശ്യങ്ങളിലായി ഏകദേശം 22 രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഒരു സഞ്ചാരി എന്ന നിലയിൽ അവിടുത്തെ അനുഭവങ്ങളും അതിലുപരി 21–ാം നൂറ്റാണ്ടിലെ ലോകം എത്ര പുരോഗമിച്ചിരിക്കുന്നു എന്നും സാങ്കേതികമായും വിദ്യാഭ്യാസപരമായും സാമ്പത്തീകമായും എങ്ങനെയൊരു ജനത ശുചിത്വത്തോടും അച്ചടക്കത്തോടും കൂടി ജീവിക്കുന്നു എന്നും കാണുവാനുള്ള അവസരം മാത്രമല്ല അതനുഭവിച്ചറിയാനും സാധിച്ചിട്ടുണ്ട്. അതിൽ നിന്ന് പഠിക്കുവാനും പാഠം ഉൾക്കൊള്ളുകയും ചെയ്യുക അതനുസരിച്ച് അത് നടപ്പിലാക്കുകയുമാണ് എറണാകുളംകരയോഗം ഇത്തരം യാത്രകൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ ചിന്താഗതികളും പരമ്പരാഗതമായി നമ്മൾ കണ്ടതും കേട്ടതും ശീലിച്ചതുമായ പല കാര്യങ്ങളിൽ നിന്നും വ്യത്യസ്തമായവ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സംസ്ക്കാരത്തിന് കോട്ടം തട്ടാതെ അതിന്റെ ഒരംശമെങ്കിലും ഈ സഞ്ചാരികളിൽ ആർക്കെങ്കിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ ഞങ്ങൾ ധന്യരായി.

2024 ഏപ്രിൽ 25ന് അർദ്ധരാത്രി കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് 20 സഞ്ചാരികളുമായി യാത്ര ആരംഭിച്ചു. യൂറോപ്പിന്റെ കിഴക്കുഭാഗങ്ങളായ Munich (Germany), Salzburg/ Vienna (Austria) Jubljana (Slovenia), Zagrch (croatia), Budapest (Hungary) Prague Czech Republic. എന്നീ 6 രാജ്യങ്ങളിലുള്ള വിവിധ ദേശങ്ങളിൽ 12 ദിവസത്തെ യാത്ര പുറപ്പെടുവാനുള്ള ഞങ്ങളുടെ ആകാംക്ഷയും സന്തോഷവും വാക്കുകൾകൊണ്ട് വിവരിക്കുന്നതിലും അപ്പുറമായിരുന്നു.

കൊച്ചിയിൽ നിന്നും യാത്ര ദുബായ് ഇന്റർനാഷണൽ എയർപോർട്ടിലേക്കും അവിടെ നിന്ന് Munich എയർപോർട്ടിലേക്കു ആയിരുന്നു. ഏകദേശം 4526 കി. മീറ്റർ പറന്ന് 26–ാം തീയതി ഉച്ചയ്ക്ക് ശേഷം മൂന്നരയോടുകൂടി എയർപോർട്ടിൽ എത്തി. പത്തര മണിക്കൂർ നേരത്തെ വിമാനയാത്രയുടെ Jetlag ഞങ്ങളെ കുറച്ച് ക്ഷീണിതരാക്കിയിരുന്നു എങ്കിലും എയർപോർട്ടിന്റെ സാങ്കേതികമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി എയർപോർട്ടിൽ നിന്നും ബസ്സിൽ mercure ഹോട്ടലിലേക്ക് യാത്ര പുറപ്പെട്ടു. അടുത്ത 12 ദിവസവും ഞങ്ങളുടെ യാത്രയ്ക്കുള്ള കോച്ച് ഇതുതന്നെയായിരുന്നു. ഹോട്ടലിൽ റസ്റ്റ് എടുത്ത ശേഷം അന്ന് 4 മണിയോടുകൂടി എല്ലാവരും ഹോട്ടൽ ലോബിയിൽ എത്തിച്ചേരുകയും ഏകദേശം രണ്ടര മൂന്ന് മണിക്കൂർ നഗരകാഴ്ചയിൽ മുഴുകി നടന്നു. ഞങ്ങൾക്ക് 38–40 $^{0}$ നിന്ന്



18° താഴ്ന്ന ടെംപറേച്ചറിൽ യാത്ര ചെയ്ത് ആദ്യ ദിവസം ചെറിയ ബുദ്ധിമുട്ട് അനുഭവിച്ചില്ല എന്ന് പറയാൻ കഴിയില്ല. നഗരകാഴ്ച്ചകളെല്ലാം ഞങ്ങൾ നടന്നു കൊണ്ടാണ് കണ്ടത്. സെന്റ്മേരീസ് കത്തീഡ്രലും square കർഷകമാർക്കറ്റ്, അവർ തന്നെ ഉൽപ്പാദിപ്പിച്ച് വിപണനവും ചെയ്യുന്ന നമ്മൾ കാണാത്ത പച്ചക്കറിയും പഴങ്ങളും കൗതുകകരമായിരുന്നു. മ്യൂണിക്ക് ജീവിത നിലവാരം ഉയർന്ന നിലവാരമുള്ളതായതുകൊണ്ട് അവിടുത്തെ സാധനങ്ങളുടെ വില നമ്മുടെ ഇന്ത്യൻ കറൻസിയുമായി താരതമ്യം ചെയ്താൽ നമുക്ക് ഒന്നും വാങ്ങുവാനോ ഭക്ഷണം കഴിക്കുവാനോ പോലും ചെറിയൊരാശയകുഴപ്പം ഉണ്ടാക്കുന്നതാണ്.




കെട്ടിടങ്ങളുടെ രൂപഭംഗി നൂറ്റാണ്ടുകളോളം, കലാപരമായും, വൃത്തിയായും സൂക്ഷിക്കുക എന്നത് യൂറോപ്യൻ രാജ്യങ്ങളുടെ പ്രത്യേകതയെന്ന് പറയേണ്ടതില്ലല്ലോ. ഈ കാഴ്ചകൾ കണ്ടു നടന്ന ഞങ്ങൾക്ക് വൈകുന്നേരം 8 മണിയായിട്ടും നമ്മുടെ നാട്ടിലെ ഉച്ചക്ക് 3 മണിയുടെ പ്രതീതിയാണ് ഉണ്ടായത്. പകൽ കൂടുതലും രാത്രി സമയം കുറവുമായ ഒരു പ്രത്യേക അന്തരീക്ഷകാലാവസ്ഥയാണിവിടെ. ഞങ്ങളുടെ മ്യൂണിക് സന്ദർശനം കഴിഞ്ഞ് ഞങ്ങൾ ഏകദേശം 9 മണിയോടു കൂടി ഹോട്ടലിൽ എത്തിച്ചേരുകയും ചെയ്തു. അത്താഴം യൂറോപ്യൻ രീതിയിലുള്ള ഒരു കൊണ്ടിനന്റൽ ഡിന്നർ ആയിരുന്നു. 10 മണിയോടുകൂടി യാത്രയുടെ ക്ഷീണം തീർത്ത് അടുത്ത ദിവസം രാവിലെയുള്ള സഞ്ചാരത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പോടുകൂടി നിദ്രയിലാണ്ടു.

*(തുടരും)*

*****

## ടിഡിഎം ഹാളിൽ
## നവരാത്രി ദിനങ്ങളിൽ
## കലാപരിപാടികൾ അവതരിപ്പിക്കുവാൻ അവസരം

നവരാത്രി ദിനങ്ങളിൽ വൈകിട്ട് 6.00 മുതൽ 9.00 വരെ ടിഡിഎം ഹാളിൽ പരിപാടികൾ അവതരിപ്പിക്കുവാൻ താല്പര്യമുള്ളവർ 2024 ആഗസ്റ്റ് 20നു മുമ്പായി താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക.

WhatsApp : 9447665607

Email : ekmkgm@gmail.com

# ഭദ്രകാളി - അനുഷ്ഠാന കലകളിൽ

എം.ആർ.എസ് മേനോൻ - 9037126220

*തുടർച്ച*

**കേ**രളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ ഇന്നും നിലനിൽക്കുന്ന വൈവിദ്ധ്യമാർന്ന അനുഷ്ഠാന കലകളിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന ദേവത ഭദ്രകാളിയാണെന്ന് കാണാം. കേരളത്തിൽ കാവുകളില്ലാത്ത ഒരു ഗ്രാമവും കാണുകില്ല. ഏത് ഗ്രാമത്തിന്റെയും പരദേവതയായി കണക്കാക്കുന്നത് ഭദ്രകാളിയെത്തന്നെയാണ്. നായർ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം കുടുംബപരദേവതയും ഗ്രാമപരദേവതയും ഭദ്രകാളി തന്നെയാണ്. കേരളത്തിന്റെ വടക്കെ അറ്റത്ത് കാസർകോട് മുതൽ കന്യാകുമാരി ജില്ല വരെ വ്യാപിച്ച് കിടക്കുന്ന വൈവിദ്ധ്യമാർന്ന അനുഷ്ഠാന കലകളിൽ ഏറിയ പങ്കും കാളികഥയെ അടിസ്ഥാനമാക്കിയുള്ളതാണ്.

**കളമെഴുത്ത് പാട്ട്**

കളമെഴുത്തും പാട്ടും കേരളത്തിലെ ഏറ്റവും പ്രാചീനമായ കലയാണ്. പ്രാദേശിക വ്യത്യാസങ്ങളില്ലാതെ കേരളമൊട്ടാകെ പിന്തുടരുന്ന ഒന്നാണ് കളമെഴുത്ത് പാട്ട്. ക്ഷേത്രാരാധനക്കും മുമ്പും നിലനിന്നിരുന്നതാണ് കളമെഴുത്ത്. കേരളത്തിന്റെ തനതായ ഒരു ചിത്രകലാപാരമ്പര്യം കൂടിയാണ് കളമെഴുത്ത്. പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ തന്നെയാണ് കളമെഴുത്തിന് ഉപയോഗിക്കുന്നത്. പച്ചക്ക് ഇലപ്പൊടിയും, വെള്ളക്ക് അരിപ്പൊടിയും, കറുപ്പിന് കരിപ്പൊടിയും മഞ്ഞക്ക് മഞ്ഞൾ പൊടിയും, ചുവപ്പിന് മഞ്ഞളും ചുണ്ണാമ്പും ചേർത്ത് ഉണ്ടാക്കുന്ന ചുവപ്പ് പൊടിയും ആണ് ഉപയോഗിക്കുന്നത്. നാലു മുതൽ അറുപത്തിനാലു കൈകൾ വരെയുള്ള ഭദ്രകാളിയുടെ ചിത്രങ്ങൾ ആണ് കളത്തിൽ വരക്കുന്നത്. വൈക്കം ക്ഷേത്രത്തിൽ പന്ത്രണ്ട് വർഷത്തിൽ ഒരിക്കൽ നടത്തുന്ന വടക്ക് പുറത്ത് പാട്ടിൽ 4 കൈകൾ മുതൽ 64 കൈകൾ വരെയുള്ള കാളിയുടെ ചിത്രങ്ങൾ വരക്കാറുണ്ട്. കളം എഴുതി കളം പൂജ കഴിഞ്ഞ് ഭദ്രകാളിയെ സ്തുതിച്ച് കൊണ്ട് പാട്ട് പാടിയതിന് ശേഷം കളം മായ്ക്കുകയാണ് പതിവ്. മുടിയേറ്റ് തീയാട്ട് തുടങ്ങിയ അനുഷ്ഠാനകലകൾക്ക് മുമ്പും കളമെഴുത്തും പാട്ട് പതിവുണ്ട്. മാരാർ, കുറുപ്പ് സമുദായത്തിൽ പെട്ടവരാണ് ഭദ്രകാളിയുടെ കളം വരക്കുന്നത്. തിരുമാംന്ധാകുന്നിലമ്മയുടെ കളം എഴുതുന്ന കല്ലാറ്റ് കുറുപ്പമ്മാരുടെ ചിത്രപാടവം പ്രസിദ്ധമാണ്.

**കളിയാട്ടം ( തെയ്യം, തിറ)**

ഉത്തര മലബാറിലെ ദൈവാരാധ സമ്പ്രദായമാണ് തെയ്യം. തെയ്യം എന്നാൽ ദൈവം എന്നർത്ഥം. ദൈവമായിത്തീരലാണ് തെയ്യാരാധന. പിൽക്കാലത്ത് ശൈവവൈഷ്ണവ സങ്കൽപ്പങ്ങളും തെയ്യാരാധനയിൽ കടന്ന കൂടിയെങ്കിലും തെയ്യങ്ങളിൽ പ്രധാനം ഭഗവതി തന്നെ. ഉത്തര മലബാറിലെ ഏറ്റവും ആരാധകരുള്ള തെയ്യം മുച്ചിലോട്ട് ഭഗവതിയാണ്. കടാങ്കോട്ട് മാക്കം ഭഗവതിയും ചാമുണ്ഡിയും പുതിയ ഭഗവതിയും പഞ്ചുരുളിയും തുടങ്ങി പ്രസിദ്ധങ്ങളായ തെയ്യങ്ങൾ കൂടാതെ പ്രാദേശികമായി ആരാധിക്കപ്പെടുന്ന നിരവധി തെയ്യങ്ങൾ ഉണ്ട്. ഉത്തര മലബാറിൽ ഉത്സവമെന്നാൽ ആനയെഴുന്നള്ളിപ്പുകളോ പൂരങ്ങളോ അല്ല മറിച്ച് തെയ്യങ്ങളാണ്. പ്രസിദ്ധങ്ങളായ ശാക്തേയ കാവുകളായ നീലേശ്വരം മന്നംപുറത്ത്കാവ്, വളപട്ടണം കളരിവാതിക്കൽ, മാടായി തിരുവട്ടാർ കാവ് തുടങ്ങിയ ക്ഷേത്രങ്ങളിൽ പ്രധാന ആഘോഷങ്ങൾ തെയ്യം തന്നെയാണ് . ദിവസങ്ങൾ നീണ്ട് നിൽക്കുന്ന സങ്കീർണ്ണമായ ഒരാരാധനയാണ് തെയ്യം മനുഷ്യരൂപത്തിലുള്ള ദൈവങ്ങളുടെ (തെയ്യം ) മുമ്പിൽ മനുഷ്യന് തന്റെ ദു:ഖങ്ങളും ദുരിതങ്ങളും നേരിട്ട് പറയാമെന്നും പരിഹാരം തേടാമെന്നും ഉള്ള

താണ് തെയ്യാരാധയുടെ സവിശേഷത.

ജാതിവ്യത്യാസങ്ങൾക്കതീതമായി ജനതയെ ഒന്നിപ്പിക്കാൻ തെയ്യത്തിന് കഴിഞ്ഞിരുന്നു. എല്ലാ സമുദായങ്ങളുടെ ക്ഷേത്രങ്ങളിലും തെയ്യാരാധന നടക്കുന്നുണ്ടങ്കിലും തെയ്യം കെട്ടുന്നത് വണ്ണാൻ, മലയൻ, വേലൻ തുടങ്ങിയ സമുദായക്കാരാണ്. നായർ സമുദായത്തിന്റെ പ്രസിദ്ധ തെയ്യമാണ് മാക്കപ്പോതി. വയനാട്ട് കുലവൻ ആദി തീയ്യൻ എന്നാണ് കരുതപ്പെടുന്നത്. വാണിയ സമുദായത്തിന്റെ തെയ്യമാണ് മുച്ചിലോട്ട് ഭഗവതി. തെയ്യം ഏതായാലും കലശം വയ്ക്കാനുള്ള അവകാശം തീയ്യർക്കാണ്.ഇവിടെ ആരാധന പൂർത്തിയാകാൻ എല്ലാ സമുദായങ്ങളുടെയും പങ്കാളി ത്തം ആവശ്യമാണ്. എല്ലാ സമുദായങ്ങളും തെയ്യത്തിന്റെ മുമ്പിൽ വണങ്ങി നിൽക്കുന്നത് കാണാം. കളിയാട്ടം സിനിമയിൽ തമ്പുരാൻ തന്റെ മകളെ തട്ടിക്കൊണ്ട് പോയതിന് പരാതി പറയാൻ എത്തുന്നത് ഭഗവതിയുടെ കോലം കെട്ടിയിരിക്കുന്ന അതേ മലയന്റെ മുന്നിൽത്തന്നെയാണ് എന്നത് ഉത്തര മല ബാറിന്റെ സാമൂഹ്യ സവിശേഷത ചൂണ്ടിക്കാണിക്കുന്നു.ഏറെ സാമ്പത്തിക വിജയം നേടിയ കാന്താര എന്ന സിനിമ പഞ്ചുരുളി എന്ന തെയ്യത്തെ ആസ്പദമാക്കി നിർമ്മിച്ചതാണ്. കോലത്തിരി (ചിറക്കൽ) അള്ളട (നീലേശ്വരം) രാജാക്കന്മാർ തെയ്യം കലാകാരന്മാർക്ക് പെരുവണ്ണാൻ പെരുമലയൻ തുടങ്ങിയ ബഹുമതി കളും പട്ടും വളയും നൽകി ആദരിച്ചിരുന്നത് തെയ്യം കലക്ക് നൽകിയ അംഗീകാരം കൂടിയാണ്. ഇന്നും ഉത്തര മലബാറിലെ സജീവമായ ആരാധനാ രീതിയാണ് തെയ്യം.

കണ്ണൂർ കാസറഗോഡ് ജില്ലകളിലെ തെയ്യത്തിൽ കുറച്ച് വ്യത്യസ്ഥമാണ് കോഴിക്കോട് മലപ്പുറം ജില്ലകളിലെ തിറ. തെയ്യങ്ങളുടെ വർണ്ണഭംഗി ഇവക്കില്ല. തെയ്യം ദൈവം തന്നെയാന്നെങ്കിൽ തിറ ദൈവപ്രീതിക്കായി കെട്ടുന്ന കോലങ്ങളാണ്. തെയ്യത്തിൽ തോറ്റം കേട്ട് വെളിപ്പെടുന്നത് ദൈവമാണെങ്കിൽ തിറയിൽ അത് കോമരങ്ങളാണ്. തിറയുടെ അടിസ്ഥാനവും ഭഗവതി തന്നെയാണ്. സാമൂതിരി രാജവംശത്തിന്റെ അധീനതയിലുള്ള ഏറനാട് നെടിയിരുപ്പ് സ്വരൂപങ്ങളിലാണ് തിറയാട്ടം രൂപം കൊണ്ടത്.

**പൂതൻ തിറ**

ഭാരതപ്പുഴയിലെ ഇരുകരകളിലുമായി പഴയ വള്ളുവനാട് പ്രദേശങ്ങളിലും ഇന്നത്തെ തൃശ്ശൂർ ജില്ലയുടെ വടക്ക് ഭാഗത്തും ആയി സ്ഥിതി ചെയ്യുന്ന. ഭൂപ്രദേശങ്ങളിൽ കാവുകളിൽ ഉത്സവക്കാലമായാൽ നടത്തി വരുന്ന ഒരു കലാരൂപമാണിത്. പൂതൻ, മണ്ണാൻ സമുദായത്തിൽപ്പെട്ടവരാണ് പൂതൻ കെട്ടാറുള്ളത് ഉത്സവക്കാലമായാൽ പൂതൻ വീടുകൾ തോറും കയറിയിറങ്ങി തട്ടക വാസികളെ അനുഗ്രഹിക്കുന്നു. ഈ കലാരൂപത്തെ പൂതൻ തിറ എന്ന് പറയാറുണ്ടെങ്കിലും കോഴിക്കോട് മലപ്പുറം ജില്ലകളിലെ തിറയുമായി ഇതിന് ബന്ധമില്ല. കാസർകോട് മുതൽ പഴയ കൊച്ചിയുടെ വടക്ക് ഭാഗം വരെ വ്യാപിച്ച് കിടക്കുന്ന തെയ്യം തിറ പൂതൻ തുടങ്ങി അനുഷ്ഠാനങ്ങളുടെ പൊതുസ്വഭാവം ഇവ പ്രധാനമായും കാവുകളുമായി ബന്ധപ്പെട്ടവയാണെന്നതും ഹരിജൻ വിഭാഗത്തിൽ പെട്ടവർ കൈകാര്യം ചെയ്യുന്നവയാണെന്നതും ആണ്.

**പൂരക്കളി**

ഉത്തര മലബാറിലെ പൂരക്കാലം മധ്യകേരളത്തിലെ പൂരാഘോഷങ്ങളിൽ നിന്ന് വ്യത്യസ്ഥമാണ്. മീനത്തിലെ പൂരം ഉത്തര മലബാറിലെ കാവുകളിൽ പുരുഷന്മാർ ആടിപ്പാടി കളിക്കുന്ന ദൃശ്യശ്രാവ്യകലയായ പൂരക്കളി കൊണ്ടാണ് ശ്രദ്ധേയമാകുന്നത്. പ്രത്യേക താളത്തിലെ കാൽ വയ്പുകളും കരഘോഷങ്ങളു മായി 18 വിധം ഗാനങ്ങൾ പാടിക്കൊണ്ട് 18 വിധം കളികൾ പൂരക്കളിയിൽ ഉണ്ട്. പൂരക്കളിയുടെ അവസാന ദിവസം രണ്ട് പൂരക്കളി സംഘങ്ങൾ നടത്തുന്ന മത്സരത്തിന് ശേഷം അവരുടെ പണിക്കന്മാർ (ആശാന്മാർ) നടത്തുന്ന വൈജ്ഞാനിക വാദപ്രതിവാദമാണ് മറുത്ത് കളി. സംസ്കൃതത്തിലെ സാഹിത്യം, ന്യായം, വ്യാകരണം,

വേദാന്തം, ജ്യോതിഷം തുടങ്ങിയ വിവിധ മേഖലകളിൽ അഗാധമായ പാണ്ഡിത്യം ഉള്ളവരായിരിക്കും പൂരക്കളി പണിക്കന്മാർ. തീയ്യർ, മുക്കുവൻ, ചാലിയൻ, ആശാരി, മൂശാരി, തട്ടാൻ തുടങ്ങി പല സമുദായങ്ങളും പൂരക്കളി നടത്തിവരാറുണ്ടെങ്കിലും അവതരണത്തിലും പാണ്ഡിത്യത്തിലും തീയ്യർ തന്നെ മുമ്പിൽ. പിന്നോക്കം നിൽക്കുന്നതായി കരുതപ്പെട്ട് വന്ന ഒരു സമുദായം ഒരു അക്കാദമിക് വിദ്യാഭ്യാസവും ഇല്ലാതെ വൈജ്ഞാനികമായി ഇത്ര ഔന്നത്യത്തിൽ എത്തിയെന്നത് ഒരത്ഭുതമാണ്.

**കണ്യാർ കളി**

പാലക്കാട് ജില്ലയിലെ ഭദ്രകാളിക്കാവുകളിൽ നടത്തിവരാറുള്ള അനുഷ്ഠാന കലാരൂപമായ കണ്യാർകളിയും ഭഗവതിക്ക് വഴിപാടായി നടത്തുന്നതാണ്. പാലക്കാട് ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളാണ് കണ്യാർ കളിയുടെ തട്ടകം. 64 കോൽ ചുറ്റളവുള്ള പന്തലിന് ചുറ്റും എട്ട് കാലും ഒന്നു നടുക്കും നാട്ടും. അതിന്റെ ചുവട്ടിലാണ് ദേവീ സാന്നിദ്ധ്യത്തെ അറിയിക്കുന്ന പീഠവും വാളും കുത്തുവിളക്കും വയ്ക്കുന്നത്, മൂന്ന് ദിവസത്തെ ചടങ്ങുകളാണ് കണ്യാർകളിക്ക്. ആണ്ടികൂത്ത് (പാട്ട് ) , വള്ളുവൻ കൂത്ത് മലമക്കൂത്ത് എന്നിവയാണവ. ഒന്നാം ദിവസം (ആണ്ടി നടരാജനായ ശിവനാണ്) ശിവ സ്തുതികളാണ് പ്രധാനം. രണ്ടാം ദിവസം വള്ളോൻ കൂത്തിൽ തിരുവള്ളുവർ അവ്വയാർ എന്നിവരുടെ ഉപദേശങ്ങൾ തോറ്റങ്ങളിൽ നിറഞ്ഞ് കാണാം. മൂന്നാം ദിവസം മലമക്കൂത്തിൽ പൊലിപ്പാട്ടുകളാണ് അധികം. ചെണ്ട മദ്ദളം ചേങ്ങില ഇലത്താളം' എന്നീ വാദ്യങ്ങളുടെ അകമ്പടിയോടെയുള്ള പദ ചലനങ്ങളാണ് കണ്യാർ കളിയിൽ, തമിഴിൽ ഏറെ പ്രചാരം സിദ്ധിച്ച ആര്യമാലാ നാടകം ഉൾപ്പെടെ പല പുരാണങ്ങളിൽ നിന്ന് കടമെടുത്ത കഥകളും കണ്യാർകളിക്ക് ഉപയോഗിക്കുന്നു. കണ്യാർകളി ഭദ്രകാളി പ്രീതിക്ക് വേണ്ടി കാവുകളിൽ ആണ് അവതരിപ്പിച്ച് വരുന്നത്. തമിഴിൽ നിന്ന് പാലക്കാട് ജില്ലയിലേക്ക് കടന്ന് വന്നതാണീ അനുഷ്ഠാന കലാരൂപം. കണ്യാർകളിയുടെ ചടുലമായ ചുവടുകൾക്ക് ആയോധനകലയുമായി ബന്ധമുണ്ട്. ഈ കല അവതരിപ്പിക്കുന്നത് നായർ സമുദായക്കാരാണ്.

**തോൽപ്പാവകൂത്ത്**

രാമായണം കഥയാണ് തോൽപ്പാവകൂത്തിൽ അവതരിപ്പിക്കുന്നതെങ്കിലും പാലക്കാട് ജില്ലയിലെ ദേവീ ക്ഷേത്രങ്ങളിൽ ഭദ്രകാളീ പ്രീതിക്ക് വേണ്ടിയാണിത് നടത്തുന്നത്. ഇതവതരിപ്പിക്കുമ്പോൾ ദേവി കാണുന്നുവെന്നും അനുഗ്രഹിക്കുന്നുവെന്നുമാണ് വിശ്വാസം. ദാരികവധം നടക്കുന്ന സമയത്താണ് രാമരാവണ യുദ്ധം നടക്കുന്നത്. അപ്പോൾ രാവണവധം കാണാൻ ദേവിക്ക് കഴിഞ്ഞില്ല. ദേവിക്ക് രാവണവധം കാണാൻ വേണ്ടിയാണ് തോൽപ്പാവകൂത്ത് നടത്തുന്നത് എന്നാണ് വിശ്വാസം. കണ്യാർകളിയിൽ ശംഖ് ചെണ്ട മദ്ദളം ചേങ്ങില കുഴൽ ഇലത്താളം എന്നീ വാദ്യങ്ങൾ ഉപയോഗിച്ച് വരുന്നു.

24 അടി നീളമുള്ള തിരശ്ശീലക്ക് പിന്നിൽ മുളപ്പാത്തിയിൽ ചിരട്ടയിൽ കൊളുത്തിവച്ച ദീപങ്ങളുടെ വെളിച്ചത്തിൽ മാൻ തോലിൽ വരഞ്ഞെടുത്ത് സുഷിരങ്ങൾ കൊത്തിയ തോൽപ്പാവകളുടെ ചലനത്തിലൂടെയാണ് തോൽപ്പാവകൂത്ത് അവതരിപ്പിക്കുന്നത്. പാവകൂത്ത് ഇന്ന് ലോകത്ത് നിലനിൽക്കുന്ന ഏറ്റവും പ്രാചീനമായ കലാരൂപം എന്ന നിലയിൽ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ഈ പാരമ്പര്യം അവശേഷിച്ചിട്ടുള്ള അപൂർവ്വം മേഖലകളിലൊന്ന് കേരളമാണ്. പുലവർ സമുദായത്തിൽപ്പെട്ടവരാണ് ഈ കലാരൂപം അവതരിപ്പിക്കുന്നത്. കഴിഞ്ഞ വർഷം പ്രസിദ്ധ തോൽപ്പാവകൂത്ത് കലാകാരനായ ശ്രീ രാമചന്ദ്ര പുലവരെ പത്മശ്രീ നൽകി ആദരിക്കുകയുണ്ടായി.

**മുടിയേറ്റ് , തീയ്യാട്ട്**

എറണാകുളം ജില്ലയിലെയും തൃശ്ശൂർ ആലപ്പുഴ കോട്ടയം ജില്ലകളിലെയും ചില ഭദ്രകാളീ ക്ഷേത്രങ്ങളിൽ അവതരിപ്പിച്ച് വരുന്ന ഒരനുഷ്ഠാന കലയാണ് സമ്പൂർണ്ണ

നാടകരൂപമായ മുടിയേറ്റ്.യുനെസ്കോ ലോകപൈതൃകത്തിന്റെ ഭാഗമായി സംരക്ഷിക്കപ്പെടേണ്ട മഹത്തായ കലാരൂപമായി 2005 ൽ മുടിയേറ്റിനെ അംഗീകരിച്ചിട്ടുണ്ട്. മുടിയേററ് രണ്ടായിരം വർഷത്തെ പഴക്കമുള്ള ഒരു കലാരൂപമാണ്. കാളി ദാരിക യുദ്ധമാണ് മുടിയേറ്റിന്റെ കഥാതന്തു. ദേവന്മാരുമായുള്ള യുദ്ധത്തിൽ പരാജിതരായ അസുരന്മാർ ഭയപ്പെട്ട് പാതാളത്തിൽ ഒളിച്ചു. അസുരസ്ത്രീകളായ ദാരുമതിയും ദാനുമതിയും ബ്രഹ്മാവിനെ തപസ് ചെയ്ത് ദാരികൻ, ദാനവേന്ദ്രൻ എന്ന രണ്ട് പുത്രമാരെ നേടി. കുട്ടിക്കാലം മുതൽ ദേവന്മാരോട് വിദ്വേഷം വളർന്ന് വന്ന ദാരിക ദാനവേന്ദ്രന്മാർ കഠിനമായ തപസ് ചെയ്ത് തങ്ങളെ പുരുഷന്മാർ ആരും വധിക്കരുതെന്നും തങ്ങളുടെ ഓരോ തുള്ളി രക്തത്തിൽ നിന്ന് തങ്ങളെപ്പോലെ ആയിരം പേര് ഉണ്ടാകണമെന്നും വരം നേടി ലോകം മുഴുവൻ അടക്കി വാണ് സജ്ജനങ്ങളെയും മഹർഷിമാരേയും ദ്രോഹിക്കുന്നതാണ് മുടിയേറ്റിന്റെ കഥയുടെ പശ്ചാത്തലം.

കളമെഴുത്തും പാട്ടുമാണ് മുടിയേറ്റിന്റെ പ്രാരംഭചടങ്ങ്. ദാരികവധാനന്തരം കലിബാധിതമായി കൈലാസത്തിലെത്തിയ കാളിയുടെ കോപം ശമിപ്പിക്കാൻ ശിവൻ ആവശ്യപ്പെടുന്നതനുസരിച്ച് ഭൂതഗണങ്ങൾ പച്ചിലകളും പ്രകൃതി വർണ്ണങ്ങളും ചേർത്ത് കാളിയുടെ ചിത്രം വരച്ചത് കണ്ട് കാളി സന്തുഷ്ടയായി കലിയടങ്ങുന്നു. ഇതാണ് കളമെഴുത്തിന്റെ ഐതിഹ്യം. ശ്രീകോവിലിൽ നിന്ന് ദേവീചൈതന്യത്തെ ദീപത്തിൽ ഏറ്റ് വാങ്ങി കളത്തിൽ സ്ഥാപിക്കുന്നു. തുടർന്ന് കളംപാട്ടിനും പൂജക്കും ശേഷം കളത്തിലെ ദേവീചൈതന്യത്തെ അരങ്ങിലെ ദീപത്തിലേക്ക് പകരുന്നു. അരങ്ങ് കേളിയും അരങ്ങിൽ തിരശ്ശീല പിടിച്ച് അരങ്ങ് വാഴ്ത്തലുമാണ് ആദ്യ ചടങ്ങ്. തുടർന്ന് ശിവനാരദസംവാദം, ദാരികന്റെ തിരനോട്ടവും പുറപ്പാടും, കാളി പുറപ്പാട് , കോയിമ്പടനായർ പ്രവേശം, കുളി പുറപ്പാട്, കൂടിയാട്ടം (യുദ്ധം) എന്നീ ആറ് രംഗങ്ങളാണ് മുടിയേറ്റിന് . ശിവൻ. നാരദൻ, ദാരികൻ, ദാനവേന്ദ്രൻ , കൂളി , കോയിമ്പടനായർ ,കാളി എന്നിവരാണ് മുടിയേറ്റിലെ കഥാപാത്രങ്ങൾ .യുദ്ധത്തിന്റെ അവസാനം കാളിക്ക് കലി കയറുമ്പോൾ ദേവിയുടെ ചൈതന്യം ഉൾക്കൊള്ളുന്ന മുടി കോയിമ്പടനായർ പുറകിൽ നിന്നെടുത്ത് കാളിയുടെ ആയുധം നിലത്ത് കുത്തുന്നു. ഈ സമയത്ത് ദാരിക ദാനവേന്ദ്രന്മാർ ഓടി രക്ഷപ്പെടുന്നു. കലിയടങ്ങിയ ശേഷം പീഠത്തിൽ വിശ്രമിച്ച ശേഷം കാളി മുടി വച്ച് വീണ്ടും യുദ്ധത്തിന് തയ്യാറെടുക്കുന്നു. സൂര്യൻ അസ്തമിച്ചാൽ അസുരന്മാർക്ക് മായാ യുദ്ധം ചെയ്യാൻ പറ്റുമെന്നതിനാൽ കാളി തന്റെ കറുത്ത് നീണ്ട മുടി വിടർത്തി സൂര്യനെ മറക്കുമ്പോൾ സൂര്യൻ അസ്തമിച്ചെന്ന് കരുതി ദാരിക ദാനവേന്ദ്രന്മാർ പ്രത്യക്ഷപ്പെടുന്നു. വിളക്കിന് ചുറ്റും നടന്ന് ചില ചൊലുത്തുകൾക്ക് ശേഷം (വാക്ക് തർക്കം) കാളി ദാരികന്റെ വെട്ട് എടുക്കുന്നു. കിരിടം എടുത്ത് ശിവസന്നിധിയിൽ വച്ച് പീഠത്തിൽ വയ്ക്കുന്നതോടെ മുടിയേറ്റ് എന്ന കാളീ നാടകം അവസാനിക്കുന്നു. അത്യന്തം നാടകീയ രംഗങ്ങൾ നിറഞ്ഞ ഈ കാവ് നാടകം രാത്രി ആരംഭിച്ചാൽ രാവിലെ വരെ നീണ്ട്നിൽക്കും.

മാരാർ കുറുപ്പ് സമുദായത്തിൽപ്പെട്ടവരാണ് പരമ്പരാഗതമായി മുടിയേറ്റ് അവതരിപ്പിക്കുന്നത്. പാഴൂർ ശൈലി എന്ന് വിശേഷിപ്പിക്കപ്പെടുന്ന തെക്കൻ ശൈലി തിരുമറയൂർ, കീഴില്ലം, പുത്തൻകുരിശ്, പാഴൂർ എന്നിവടങ്ങളിൽ നിലനിൽക്കുന്നുണ്ട്. വടക്കൻ ശൈലി കൊരട്ടിയിലാണ് നിലനിൽക്കുന്നത്. വേഷത്തിലും പാട്ടിലും പോർ വിളികളിലും ഇവ തമ്മിൽ വ്യത്യാസമുണ്ട്.

മുടിയേറ്റിന്റെ മേഖലകൾ തന്നെയാണ് തീയാട്ടിന്റെയും തട്ടകം. ഉണ്ണിമാരാണ് തീയ്യാട്ട് അവതരിപ്പിക്കുന്നത്. മുടി യേറ്റിനെക്കാൾ തീയാട്ടിന്റെ കളം ചെറു താണെങ്കിലും രൗദ്രഭാവം നിറഞ്ഞത് തന്നെ യാണ്. കാളി ക്ഷേത്രങ്ങളിൽ വഴിപാടായാ ണ് തീയ്യാട്ട് നടത്തുന്നത്. കളം പൂജക്ക് ശേഷം ദേവിയുടെ കേശാദിപാദം വർണ്ണനയും ദാരിക വധം

കഥയും പാടിയ ശേഷം കളം മാ യ്ക്കുന്നു. തുടർന്ന് കാളിയുടെ കഥ ആടുന്നു. ദാരികന്റെ മരണവാർത്തയറിഞ്ഞ് ദുഃഖിതയായ പത്നി മനോദരി കൈലാസത്തിലേക്ക് പോ യി ശിവനെ ഭജിച്ചെങ്കിലും ശിവൻ ദർശനം നൽകാത്തതിനാൽ 'പാർവ്വത ശിവന്റെ സ്വേദ കണങ്ങൾ നൽകി അനുഗ്രഹിക്കുന്നു. തിരി ച്ച് വരുമ്പോൾ ദാരികന്റെ തലയുമായി വരുന്ന കാളിയെ കണ്ട് കോപിഷ്ടയായി മനോദരി സ്വേദകണങ്ങൾ കാളിയുടെ നേർക്കെറിഞ്ഞു. ശരീരം മുഴുവൻ വസൂരി വന്ന് ദേവി അവശയായി നിലം പതിച്ചു. ശിവന്റെ കർണ്ണങ്ങളിൽ നിന്ന് ജനിച്ച കർണ്ണാ കർണ്ണൻ കാളിയുടെ വസൂരി നക്കിയെടുത്തു. മുഖത്ത് നക്കാൻ ദേവി അനുവദിച്ചില്ല. (അതിനാലാണ് മുടിയേറ്റിലും തീയാട്ടിലും ദേവിയുടെ മുഖത്ത് വസൂരിക്കല കാണുന്നത്.) കോപിഷ്ടയായ ദേവി മനോദരിയെ ശപിച്ച ശേഷം പരമേശ്വരന്റെ അടുത്തേക്ക് പോകുന്നു. കാളിയുടെ കോപം ശമിപ്പിക്കാൻ പരമേശ്വരൻ ദിഗംബരനായി നൃത്തം ചെയ്യുന്നു. ഇത് കാണാൻ കഴിയാതെ കാളി കൈലാസത്തിന് ചുറ്റും നടക്കുന്നു. ക്രമേണ കോപമടങ്ങി പിതാവിനെ നമസ്കരിക്കുന്നു. ഇതാണ് തീയ്യാട്ടിൽ ആടുന്ന കഥ ആട്ടം കഴിഞ്ഞാൽ പന്തം കൊണ്ട് ഉഴിയുന്നു. തീ കൊണ്ടുള്ള ആട്ടാണ് തീയ്യാട്ടായി മാറിയത്. അമ്പലവാസികളായ തീയ്യാട്ട് ഉണ്ണിമാരാണ് തീയ്യാട്ട് അവതരിപ്പിക്കുന്നത്.

**തൂക്കം (ആൾത്തൂക്കം, ഗരുഡൻ തൂക്കം)**

എറണാകുളം മുതൽ തെക്കോട്ടുള്ള ജില്ലകളിൽ ഭദ്രകാളി ക്ഷേത്രങ്ങളിൽ നടന്ന് വരുന്ന ഒരു അനുഷ്ഠാന കലയാണ് തൂക്കം. പ്രധാനമായി ആൾതൂക്കം ഗരുഡൻ തൂക്കം എന്നി രണ്ട് തരം തൂക്കങ്ങളാണ് പതിവ്. സ്ഥിരമായി നടത്തി വരുന്ന തൂക്കക്കാവുകളിൽ മാത്രമേ തൂക്കം അവതരിപ്പിച്ച് വരാറുള്ളു. തൂക്കത്തിന് ചക്രങ്ങളിൽ ഉരുട്ടാവുന്ന നാലു ഭാഗങ്ങളോടു കൂടിയ ചതുരത്തിൽ ഉള്ള ഒരു അടിത്തറയും അതിൽ ഘടിപ്പിച്ചിട്ടുള്ള ഒരു വില്ലും ഉണ്ടാകും. വില്ലിന്റെ അഗ്രത്തിൽ ഒരു കപ്പിയും കയറും കൊളുത്തും ഉണ്ടാകും. ആ കൊളുത്തിൽ തൂക്കക്കാരന്റെ പുറത്ത് മാംസം തുളച്ചാണ് തൂക്കക്കാരൻ തൂങ്ങുന്നത്. കൊളുത്തിൽ കിടന്ന് തൂക്കക്കാരൻ ചില അഭ്യാസങ്ങൾ കാണിക്കും. ചില തൂക്കങ്ങളിൽ തൂക്കക്കാരൻ രണ്ട് കൈകളിൽ കുട്ടികളേയും എടുക്കും. ഇത്തരത്തിലുള്ള തൂക്കം ഇപ്പോൾ നിരോധിച്ചിരിക്കുകയാണ്. ഇപ്പോൾ ഏറ്റവും അവസാനം അങ്കമാലിക്കടുത്ത് എളവൂരിൽ നടന്ന തൂക്കത്തിനെതിരെ സ്വാമി ഭൂമാനന്ദ തീർത്ഥരുടെ നേതൃത്വത്തിൽ നടന്ന സമരം പലരും ഓർക്കുന്നുണ്ടാവും. എന്നാൽ ദേഹത്തിൽ കൊളുത്തുന്നതിന് പകരം അത് കച്ചയിൽ കൊളുത്ത് ബന്ധിപ്പിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. കായികമായി നല്ല കരുത്തും പരിശീലനവും ആവശ്യമായതിനാൽ വ്രതാനുഷ്ഠാനങ്ങളോടെ ഭക്തിപൂർവ്വമാണ് തൂക്കത്തിൽ കൊളുത്തുന്നത്. നരബലിയുടെ പ്രതീകമാണ് ആൾത്തൂക്കം. തന്നെ ത്തന്നെ ദേവിക്ക് സമർപ്പിക്കുന്നു എന്ന് അർത്ഥം. പത്തനംതിട്ട ജില്ലയിലെ ഏഴംകുളം കന്യാകുമാരി ജില്ലയിലെ കൊല്ലങ്കോട് തുടങ്ങിയ സ്ഥലങ്ങളിൽ തൂക്കങ്ങൾ പ്രസിദ്ധങ്ങളാണ്.

കഥകളിയിലെ ഹംസത്തോട് സാമ്യമുള്ള ഗരുഡന്റെ വേഷത്തിൽ നടത്തുന്ന ഒന്നാണ് ഗരുഡൻ തൂക്കം. ഗരുഡൻ തൂക്കം ചാടിലും അല്ലാതെയും നടത്തുന്നുണ്ട്. ഗരുഡൻ വേഷത്തിലുള്ള തൂക്കം വീടുകളിൽ നിന്ന് വഴിപാടായും നടത്താറുണ്ട്. എറണാകുളം ജില്ലയിലെ അരയങ്കാവിൽ തൂക്കത്തിന് നൂറിലധികം ഗരുഡന്മാർ പങ്കെടുക്കുന്നുണ്ട്. കാളി ദാരിക യുദ്ധം മുഴുവൻ കണ്ട ഒരാളാണ് ഗരുഡൻ .യുദ്ധം കഴിഞ്ഞ് കാളി മുകളിലേക്ക് നോക്കിയപ്പോൾ ഗരുഡനെ കണ്ടു. കോപിഷ്ഠയായ ദേവി ഗരുഡനെ തന്റെ വാളുപയോഗിച്ച് കൊല്ലാനൊരുങ്ങി. ദേവിയുടെ കാൽക്കൽ വീണ് ക്ഷമ ചോദിച്ചപ്പോൾ ദേവി ഗരുഡനെ അനുഗ്രഹിച്ചു. ഗരുഡൻ തന്റെ ശരീരത്തിൽ നിന്ന് ഒരു തുള്ളി രക്തം ദേവിക്ക് സമർപ്പിച്ചു. ഇതാണ് കാളീ പ്രീതിക്കായി

ഗരുഡൻ തൂക്കം നടത്തുന്നതിന്റെ ഐതിഹ്യം. രണ്ടു തൂക്കങ്ങൾക്കും മേളം പ്രധാനമാണ്.

**കുത്തിയോട്ടം, കെട്ട് കാഴ്ച**

മദ്ധ്യതിരുവിതാംകൂർ ഭാഗത്ത് ദേവീ പ്രീതിക്കായി നടത്തുന്ന ഒരനുഷ്ഠാനമാണ് കുത്തിയോട്ടം. മാവേലിക്കരക്കടുത്ത പ്രസിദ്ധ ദേവീ ക്ഷേത്രമായ ചെട്ടികുളങ്ങരയാണ് കുത്തിയോട്ടത്തിന്റെ പ്രധാന കേന്ദ്രം. കുത്തിയോട്ടത്തിന് നിശ്ചയിച്ചിട്ടുള്ള ബാലന്മാരുടെ വയറിന്റെ ഒരു ഭാഗത്ത സ്വർണ്ണനൂൽ കുത്തിയിറക്കി കുത്തിയോട്ടം നിശ്ചയിക്കുന്ന സ്ഥലത്ത് നിന്ന് ചെട്ടികുളങ്ങര ക്ഷേത്രത്തിലേക്ക് കുംഭ ഭരണി നാളിൽ ആഘോഷപൂർവ്വം എത്തിച്ച് ദേവിക്ക് സമർപ്പിക്കുന്നതാണ് കുത്തിയോട്ടം. ദേവിക്ക് കുട്ടിയെ ബലി കൊടുക്കുന്നതിന്റെ പ്രതീകാത്മക ചടങ്ങാണിത്. വ്യക്തികൾ വഴിപാടായാണ് കുട്ടികളെ ബലി നൽകുന്നത്. സ്വന്തമായി കുട്ടികളെ കുത്തിയോട്ടത്തിന് സമർപ്പിക്കാൻ ഇല്ലാത്തവർ വൻ തുക നൽകി കുട്ടികളെ ദത്തെടുക്കുകയാ ണ് പതിവ്. ഒരാഴ്ചക്കാലം ഈ കുട്ടികളെ ആദരപൂർവ്വം സംരക്ഷിക്കണം. കുത്തിയോട്ടം വഴിപാട് നൽകുന്നയാളുടെ വീട്ടിൽ തിരുവാതിരകളി പോലെ പാട്ടുകൾ പാടി കളിക്കുന്ന കുത്തിയോട്ടം ഒരാഴ്ച മുമ്പേ ആരംഭിക്കും. ഈ ദിവസങ്ങളിൽ എല്ലാവർക്കു വിഭവസമൃദ്ധമായ സദ്യ നൽകണം. ദേവി തന്നെ ഈ സദ്യയിൽ പങ്കെടുക്കുന്നുവെന്നാണ് വിശ്വാസം. ഓണാട്ടുകരയിലെ പതിമൂന്ന് കരക്കാരുടെ ദേശീയോത്സവമാണ് കുത്തിയോട്ടം. പണ്ഡിതന്മാരായ നാട്ടാശാന്മാർ രചിച്ച പടയണകുത്തിയോട്ടപ്പാട്ടുകൾ നമ്മുടെ ഗാന ശാഖയെ സമ്പന്നമാക്കുന്നു. ഗ്രാമപന്തലിട്ട് തറ മെഴുകി അലങ്കരിച്ച് പീഠത്തിൽ പട്ട് വിരിച്ച് ദേവിയുടെ വാളും പരിചയും വച്ച് കുത്തിയോട്ടത്തിന് വേദിയൊരുക്കുന്നു. കുത്തിയോട്ടത്തിന് ചുവട് വച്ച് പാടുമ്പോൾ പുതിയ കുട്ടികൾക്ക് പരിശീലനവും ലഭിക്കുന്നു. ആറ്റുകാൽ ഉൾപ്പെടെ പല ദേവീ ക്ഷേത്രങ്ങളിലും കുത്തിയോട്ടം നടത്താറുണ്ട്.

ദേവീ ക്ഷേത്രങ്ങളിലെ മറ്റൊരു പ്രധാന സമർപ്പണമാണ് കെട്ട്കാഴ്ച. മധ്യ തിരുവിതാംകൂറിലെ നിരവധി ക്ഷേത്രങ്ങളിൽ കെട്ട് കാഴ്ചകൾ അരങ്ങേറാറുണ്ടങ്കിലും ഏറ്റവും പ്രധാനം ചെട്ടികുളങ്ങര ക്ഷേത്രത്തിൽ കുംഭ ഭരണിനാൾ നടക്കുന്ന കെട്ടുകാഴ്ചയാണ്. പതിമൂന്ന് കരകളിൽ നിന്ന് വരുന്ന കെട്ടുകാഴ്ചകൾ ക്ഷേത്രത്തിന് മുന്നിലെ പാടത്ത് ഒന്ന് ചേരുന്നത് ഒരു മനോഹര ദൃശ്യമാണ്. പതിമൂന്ന് കരകളിൽ ഒരാഴ്ച മുമ്പേ കെട്ട് കാഴ്ചക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കും. കരക്കാരുടെ കൂട്ടായ പരിശ്രമമാണിത്. വന്ന് ചേരുന്ന എല്ലാവർക്കും വിഭവസമൃദ്ധമായ കഞ്ഞിസദ്യ ഉണ്ടാകും. കഞ്ഞിക്ക് പ്രധാനം മുതിരപ്പുഴുക്കാണ്. കൂടാതെ വിഭവങ്ങൾ ധാരാളം ഉണ്ടാവും.കഞ്ഞി കുടിക്കാൻ ആരെയും പ്രത്യേകം ക്ഷണിക്കേണ്ടതില്ല. അവസാന ദിവസം പണി തീർന്ന എടുപ്പുകുതിരകൾ ജനങ്ങൾ വലിച്ച് ക്ഷേത്രത്തിൽ എത്തിക്കുന്നു. സന്ധ്യക്ക് പതിമൂന്ന് കെട്ട് കുതിരകൾ കണ്ടത്തിൽ അണിനിരക്കുന്ന കാഴ്ചയെ യുനെസ്കോ ലോക പൈതൃക പട്ടികയിൽ പെടുത്തിയിട്ടുണ്ട്.ഓണാട്ടുകര പ്രദേശത്തിന് ഓണത്തേക്കാൾ പ്രധാനം കുത്തിയോട്ടവും കെട്ടുകാഴ്ചയുമാണ്.

**പടയണി.**

മദ്ധ്യതിരുവിതാംകൂറിലെ ഭദ്രകാളി ക്ഷേത്രങ്ങളിൽ ഒരനുഷ്ഠാനമാണ് പടയണി. പത്തനംതിട്ടയും, ആലപ്പുഴ ജില്ലയുടെ കിഴക്കുഭാഗങ്ങളുമാണ് പടയണിയുടെ പ്രഭവസ്ഥാനം. ഗ്രാമത്തിന്റെ രക്ഷക്കായി ദേവിയോടുള്ള പ്രാർത്ഥനയാണ് പടയണി. ദാരികവധം കഴിഞ്ഞ് കോപിഷ്ഠയായ ഭദ്രകാളിയെ ശാന്തയാക്കാൻ സുബ്രഹ്മണ്യന്റെ നിർദ്ദേശമനുസരിച്ച് ശിവൻ ഭദ്രകാളിയുടെ ഭീകരരൂപം പോ ലെ പല കോലങ്ങൾ ഉണ്ടാക്കിക്കാണിച്ചു. ഇത് കണ്ട കാളിയുടെ കോപം അടങ്ങി പൊട്ടിച്ചിരിച്ചു. ഇതാണ് പടയണിക്കോലത്തിന്റെ കഥ. ഭൈരവിക്കോലം മറുതക്കോലം യക്ഷി കോലം പക്ഷിക്കോലം തുടങ്ങിയ നിരവധി കോലങ്ങൾ പടയണിക്ക് ഉണ്ട്. ദിവസങ്ങൾ നീണ്ട് നിൽക്കുന്ന ചടങ്ങുകളോടെയാണ്

പടയണി അരങ്ങേറുന്നത്. അടക്കാമരത്തിന്റെ പാള കൊണ്ടാണ് കോലങ്ങൾ ഉണ്ടാക്കുന്നത്. നൂറ്റി ഒന്ന് പാള കൊണ്ട് വരെയുള്ള ഭീമൻ കോലങ്ങൾ പടയണിക്ക് ഉണ്ട്. തപ്പാണ് പടയണിയിലെ വാദ്യം വെളിച്ചത്തിന് ചൂട്ടുകളും (തെയ്യങ്ങൾക്കും ചൂട്ടുകളാണ് പതിവ്). ചൂട്ട് വീശുമ്പോൾ പറക്കുന്ന തീപ്പൊരികൾ വേഷങ്ങൾക്ക് രാത്രി യിൽ കൂടുതൽ ദൃശ്യപ്പൊലിമ നൽകുന്നു. ആധുനിക കാലത്ത് കവി കടമ്മനിട്ടയും സഹോദരൻ കടമ്മനിട്ട വാസുദേവൻപിള്ളയും പടയണിക്ക് പ്രചാരം നൽകുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പടയണിയുടെ താളം ഉൾക്കൊള്ളുന്ന കടമ്മനിട്ടയുടെ കവിതകളും അദ്ദേഹത്തിന്റെ ആലാപനവും കടമ്മനിട്ട വാസുദേവൻ പിള്ളയുടെ പടയണിപ്പാട്ടുകളും ഈ കലയെ പ്രശസ്തമാക്കി. പടയണിയിൽ ഏറെ പ്രശസ്തമായത് കടമ്മനിട്ട പടയണിയാണ്.

**കാളിയൂട്ട്**

ദക്ഷിണ തിരുവിതാം കൂറിലെ ഭഗവതി ക്ഷേത്രങ്ങളിൽ നടന്ന് വരുന്ന ഒരു അനുഷ്ഠാനമാണ് കാളിയൂട്ട്. ശാർക്കര, വെള്ളായണി, വെങ്ങാനൂർ തുടങ്ങി നിരവധി ക്ഷേത്രങ്ങളിൽ നടക്കുന്ന കാളിയൂട്ട് പതിനായിരങ്ങൾ പങ്കെടുക്കുന്ന ദേശീയോത്സവങ്ങളാണ്. മുടിയേറ്റിലെപ്പോലെ കാളീ ദാരിക യുദ്ധം തന്നെയാണ് കാളിയൂട്ടിലെ പ്രമേയം, നാൽപ്പത്തി ഒന്ന് ദിവസം സങ്കീർണ്ണങ്ങളായ ചടങ്ങുകൾ കാളിയൂട്ടിന് ഉണ്ട്. ഒമ്പത് ദിവസങ്ങളിലായാണ് കാളി നാടകം അരങ്ങേറുന്നത്, വെള്ളാട്ടം കളി, കുരുത്തോലയാട്ടം, നാരദൻ പുറപ്പാട്, നായർ പുറപ്പാട്, ഐരാണി പുറപ്പാട്. പുലയർ പുറപ്പാട്, മുടിയുഴിച്ചിൽ, നിലത്തിൽ പോര് എന്നിവയാണ് ഒമ്പത് ദിവസത്തെ ചടങ്ങുകൾ. കാളി എട്ടു ദിക്കിലും ദാരികനെ അന്വേഷിച്ച് വലഞ്ഞ് അവസാന ദിവസം ദാരികനെ കണ്ടുമുട്ടുന്നത് അറുപത് അടി ഉയരത്തിൽ നാലു തെങ്ങിൻ കുറ്റികൾക്ക് മീതെ കെട്ടുന്ന വേദിയിലാണ്. അത്ര ഉയരമല്ലാത്ത മറ്റൊരു വേദിയിൽ ദാരികനും ഉണ്ടാവും. പോരിന് വിളിച്ച ശേഷം താഴേ ഇറങ്ങിയ ശേഷമാണ് ദീർഘമായ യുദ്ധം. യുദ്ധാവസാനത്തിൽ കാളി ദാരികനെ കൊല്ലുന്നു. മുടിയേറ്റ് പോലത്തെ വേഷവിധാനങ്ങൾ കാളിക്കോ ദാരികനോ ഇല്ല. ഭീമാകാരവും സ്വർണ്ണവർണ്ണവുമായ തിരുമുടിക്കാണ് പ്രാധാന്യം .നാലര അടി ഉയരവും അത്ര തന്നെ വീതിയുമുള്ള വെള്ളായണി ദേവിയുടെ തിരുമുടിയും മുൻഭാഗം സ്വർണ്ണ നിർമ്മിതവും രത്നങ്ങൾ പതിച്ചതുമാണ്. മുടി തലയിൽ വയ്ക്കുമ്പോഴാണ് കാളിക്ക് ആവേശമുണ്ടാകുന്നത്. ദാരികവധത്തിന് ശേഷം കോപമടങ്ങാത്ത കാളിയുടെ തിരുമുടിയിൽ 101 കലശാഭിഷേകം നടത്തിയാണ് ശാന്തയാക്കുന്നത്

**പറണേറ്റ്**

തിരുവനന്തപുരം ഭാഗത്ത് ഭദ്രകാളി പ്രീതിക്കായി നടത്തിവരുന്ന ഒരു അനുഷ്ഠാന കലയാണ് പറണേറ്റ്. കൊടുങ്ങല്ലൂരമ്മ മകരം ഇരുപത്തി എട്ട് വരെ സഞ്ചാരത്തിലാണത്രേ? അക്കാലത്ത് ദേവിയെ ക്ഷണിച്ചു വരുത്തി നടത്തുന്ന ഒരു അനുഷ്ഠാനമാണ് പറെണേറ്റ് . ഒഴിഞ്ഞ പാടങ്ങളിൽ പന്തൽ കെട്ടി പന്തലിന് പുറത്ത് ഉയരത്തിൽ കെട്ടിയുണ്ടാക്കുന്ന കളിത്തട്ടിനാണ് പറണ് എന്ന് പറയുന്നത്. തെങ്ങുകൾ മുറിച്ച് കുഴിച്ചിട്ടാണ് പറണ് തയ്യാറാക്കുന്നത്. ഉയരം കൂടിയ പറണിൽ ദേവിയും കുറഞ്ഞതിൽ ദാരികനും കയറി നിന്നാണ് പോരിന് വിളിക്കുന്നത്. പറണിൽ ഇരുന്ന് കൊണ്ടാണ് യുദ്ധം ചെയ്യുന്നത്. അവിടെ ഇരുന്ന് കൊണ്ട ചില സംഭാഷണങ്ങൾക്കും അഭ്യാസങ്ങൾക്കും ശേഷം യുദ്ധം നിലത്ത് വച്ചാണ്. അവസാനം കാളി ദാരികന്റെ തലയറുക്കുന്നു. ദാരികശിരസ്സെന്ന സങ്കൽപ്പത്തിൽ വാഴയാണ് വെട്ടുന്നത്. കുരുതിയോടെ പറണേറ്റ് അവസാനിക്കുന്നു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭദ്രകാളിയുമായി ബന്ധപ്പെട്ട വൈവിദ്ധ്യമാർന്ന നിരവധി അനുഷ്ഠാനങ്ങൾ നിലനിൽക്കുന്നുണ്ട്. കേരളീയ ജീവിതത്തെ സമഗ്രമായി സ്വാധീനിച്ചിട്ടുള്ള ഒന്നാണ് ഭദ്രകാളി സങ്കൽപ്പം എന്ന് നമുക്കിതിൽ നിന്ന് വ്യക്തമാണ്.

(തുടരും .......)

*****

# കർക്കിടക ചികിത്സ ആയുർവേദത്തിൽ:

**ഡോ. ദേവിദാസ് വെള്ളോടി - 9747480903**

**ആയുർവേദത്തിലെ കർക്കിടക ചികിത്സ (മൺസൂൺ തെറാപ്പികൾ)**

മഴക്കാലത്ത്, പ്രത്യേകിച്ച് കർക്കിടകമാസത്തിൽ (ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ ), രോഗങ്ങൾ തടയുന്നതിനും പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിനുമായി, ആയുർവേദ സമ്പ്രദായപ്രകാരം കർക്കിടകചികിത്സ ചെയ്യുന്നതും സ്പെഷ്യൽ 'മരുന്നുകഞ്ഞി' (മെഡിക്കൽ റൈസ് സൂപ്പ്') കുടിക്കുന്നതും കേരളീയരുടെ പതിവാണ്.

**എന്താണ് വർഷകാല ചികിത്സയുടെ പ്രാധാന്യം:**

കനത്ത വേനലിന് ശേഷം, മഴ ആരംഭിക്കുകയും 'ത്രിദോഷങ്ങൾ' (വാതപിത്ത കഫബയോ എനർജികൾ) അസ്വസ്ഥമാവുകയും ചെയ്യുന്നു. അന്തരീക്ഷ മലിനീകരണവും ജലമലിനീകരണവും മൂലം പ്രകൃതി (പരിസ്ഥിതി) മലിനമായി. നമ്മുടെ 'അഗ്നിബലം' (ദഹനശേഷി) കുറയുന്നു. അതിനാൽ, ജലദോഷം, വായുവിലൂടെ പകരുന്ന രോഗങ്ങൾ, വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ,വാതസംബന്ധമായ വേദന മുതലായവ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

വർഷകാല ചികിത്സ മഴക്കാലത്ത് ശരീരവും പരിസ്ഥിതിയും അസന്തുലിതാവസ്ഥയിലാകുന്നത് തടയുന്നു. ശരീരത്തിൽ പനി, ചുമ തുടങ്ങിയ രോഗങ്ങൾ എളുപ്പത്തിൽ പിടിപെടുന്നത് തടയുകയും പ്രതിരോധശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു, വർഷകാലത്തുയുക്തമായ തൈലങ്ങൾ കൊണ്ട് ഉഴിച്ചിൽ ചെയ്യുന്നതും പ്രത്യേക കർക്കിടക മരുന്ന് കഞ്ഞി സേവിക്കുന്നതും പ്രത്യേക ഭക്ഷണക്രമം പരിശീലിക്കുകയും വേണം.

പ്രായത്തെയും ആവശ്യത്തെയും ആശ്രയിച്ച് ആയുർവേദ ചികിത്സകൾ 7 മുതൽ 21 ദിവസം വരെ നീണ്ടുനിൽക്കും.

ശരീരത്തിൽ നിന്ന് രൂക്ഷമായ പിത്തവും കഫവും ഇല്ലാതാക്കാൻ ആയുർവേദത്തിലെ 'അവിപത്തി ചൂർണം' രാത്രി കഴിച്ചു വയർ ശുദ്ധി വരുത്തുന്നത് നല്ലതാണ്.

ദഹനശക്തി മെച്ചപ്പെടുത്താൻ 'പഞ്ചക്കോല' (തിപ്പലി, തിപ്പലി വേര്, കുരുമുളക്, കൊടുവേലി, ഉണങ്ങിയ ഇഞ്ചി എന്നിവ അടങ്ങിയതാണ് പഞ്ചക്കോലീ ) ഔഷധജലം കുടിക്കുന്നത് ഉത്തമം.

**കർക്കിടക കഞ്ഞി:**

ഈ സീസണിന് അനുയോജ്യമായ ഔഷധസസ്യങ്ങളിൽ നിന്ന് പ്രത്യേക ഔഷധ കഞ്ഞി ഉണ്ടാക്കാം. പഴയ കാലങ്ങളിൽ 'ദശപുഷ്പം (പത്തു ഔഷധ പൂക്കൾ)' കൊണ്ട് മുക്കിടി പോലുള്ള മരുന്നുകൾ കുടിക്കുകയും ദശപുഷങ്ങൾ വീടുകളിൽ അലങ്കരിക്കുകയും ചെയ്തിരുന്നു.



മരുന്ന് കഞ്ഞി പല തരത്തിൽ ഉണ്ടാക്കാം.

മരുന്ന് കഞ്ഞിക്കുള്ള ഒരു സാമ്പിൾ ചേരുവ :

ഞവര അരി (നുറുക്കിയത് ) 100 ഗ്രാം

പശുവിൻ പാൽ 500 മില്ലി

നെയ്യ് 1 ടേബിൾ സ്പൂൺ

പൊടികൾ ദശപുഷ്പം (മുക്കുറ്റി, മുയൽ ചെവിയൻ, പൂവൻകുരുന്തൽ, ഉഴുവ, നിലപ്പന, ചെറൂള, വിഷ്ണുക്രാന്തി, കയ്യോന്നി, കറുക, തിരുതാളി) കുറുന്തോട്ടി, സത്തക്കുപ്പ, ഉലുവ, ജീരകം 30 ഗ്രാം, തേങ്ങ ചുരണ്ടിയത് 30 ഗ്രാം

ഞവര അരി വെള്ളത്തിൽ തിളപ്പിക്കുക, പിന്നീട് പാകം ചെയ്യുമ്പോൾ പാൽ ചേർ ക്കുക, തുടർന്ന് മരുന്നുകളുടെ ചേരുവകൾ ചേർ ക്കുക. അരി സൂപ്പ് നന്നായി പാകം ചെയ്യു മ്പോൾ തേങ്ങ ചിരകിയതും ചേർത്ത് തീ കെ ടുത്തി തണുക്കാൻ അനുവദിക്കുക. നെയ്യ് ചേർത്ത് കുടിക്കുക. നമുക്ക് രുചിക്കായി വെളു ത്തുള്ളി അല്ലെങ്കിൽ ഉള്ളി ചേർക്കാം. സാധാ രണയായി ഉപ്പ് ഒഴിവാക്കുകയോ ഇന്ദുപ്പ് (പാറ ഉപ്പ്) രുചിക്ക് വളരെ കുറച്ച് ചേർക്കുകഭ യാ ചെയ്യും.

******

രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 1200-ാ മാണ്ടത്തെ

## അഷ്ടമിരോഹിണി മഹോത്സവം

## 26-08-2024



| | | |
|---|---|---|
| രാവിലെ 3.30ന് | : | നടതുറക്കൽ, നിർമ്മാല്യം, അഷ്ടാഭിഷേകം |
| 8 മുതൽ 11 വരെ | : | ശീവേലി, പഞ്ചാരിമേളം |
| 11 മുതൽ 12 മണി വരെ | : | നാരായണീയ പാരായണം |
| 12 മണി മുതൽ | : | **ഓട്ടൻതുള്ളൽ** |
| വൈകുന്നേരം | | |
| 4.30 മുതൽ 7.00 വരെ | : | കാഴ്ചശിവേലി, പഞ്ചാരിമേളം |
| 7.00 മുതൽ 7.30 വരെ | : | **നൃത്തനൃത്ത്യങ്ങൾ അരങ്ങേറ്റം** |
| | | അവതരണം: കുമാരി മാളവിക എ. ആർ & പാർട്ടി |
| 7.30 മുതൽ 9.00 വരെ | : | **ഭരതനാട്യം.** |
| | | അവതരണം: സൗമ്യ ബാലഗോപാൽ |
| 9.00 മുതൽ | : | **വീണക്കച്ചേരി** |
| | | അവതരണം: ഡോ. പത്മവർമ്മ & പാർട്ടി |
| 10.30 മുതൽ | : | **ഭക്തിഗാനസുധ** |
| | | അവതരണം - സുധാകർ ഷേണായ് & പാർട്ടി |
| 12 മണിക്ക് | : | **അഭിഷേകം** |
| 12.15ന് | : | **വിളക്ക്** |

# രാമരാജ്യം

വിദ്വൽപ്രഭ ജെ.എസ്. – 9847537007

ഒരു മാസം ഒരു കൃതിയുടെ പേരിലറിയപ്പെടുക രാമായണമാസം. അത് ആ കൃതിയുടെ മഹത്വം വിളിച്ചോതുന്നു. കേന്ദ്രബിന്ദുവായ ശ്രീരാമൻ മാനവർക്കു മാതൃകയാണ്. ഗാന്ധിജി ഭാരതത്തെ രാമരാജ്യം എന്ന് സങ്കല്പിച്ചു. രാവണനെ ദുഷ്ടകഥാപാത്രത്തെ (തിന്മയെ) ഓരോ വ്യക്തിയുടെയും മനസ്സിൽ നിന്നും പിഴുതെറിയുമ്പോൾ രാമൻ (നന്മ) സ്ഥിരപ്രതിഷ്ഠനേടുന്നു അസുരത്വം തിന്മയ്ക്കു വഴി തെളിയ്ക്കുന്നു. നന്മയ്ക്കു പ്രതിബന്ധമാകുന്നു എന്ന വസ്തുത പ്രസ്താവ്യമാണ്.

മനസ്സാണ് രോഗങ്ങൾക്കെല്ലാം ഹേതുവായ അടിസ്ഥാനഘടകം. മനസ്സിനെ ആദ്ധ്യാത്മികതത്ത്വങ്ങളാൽ നിയന്ത്രിയ്ക്കുന്നവർക്കു സമാധാനം ലഭിയ്ക്കുന്നു. കർക്കിടകം രോഗത്തിന് കൂടുതൽ അവസരം നല്കുന്നുവെന്നാണ് ധാരണ. അതിൽ നിന്നും മോചനം ലഭിയ്ക്കാൻ ഏകമാർഗ്ഗം രാമായണം വായിയ്ക്കുക മാത്രം. മനസ്സിൻെറ കരുത്തുറ്റതാക്കി രോഗാവസ്ഥയെ ആട്ടിപ്പായിയ്ക്കാൻ മറ്റൊരു മരുന്നില്ലയെന്നത് മറക്കണ്ട.

രാമായണത്തിലെ ഓരോ കഥാപാത്രങ്ങളും നമ്മെ കർമ്മോൽസുകരാക്കുന്നവയാണ്. വിവിധ മേഖലകളിൽ പ്രവർത്തിയ്ക്കുന്നവർക്ക് അനുകരണീയമായ ധാരാളം നന്മയുടെ പ്രതീകങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. സമുദ്രം കടക്കാൻ തനിയ്ക്കു കഴിയുമോ എന്നു ശങ്കിച്ചു നിന്ന ഹനുമാനെ പ്രാപ്തനാക്കുന്നത് 'നീ മഹാനാണ്, മഹത്തായ കർമ്മങ്ങൾ ചെയ്യാൻ പിറന്നവനാണ്' എന്ന വാചകമാണ്. 'നിന്നെ ഒന്നിനും കൊള്ളില്ല' എന്നാണ് പറയുന്നതെങ്കിൽ ആ സന്ദർഭം പാഴായിപ്പോയേനെ. സേതുബന്ധനകഥ ഏതു ആധുനിക സിദ്ധാന്തത്തെ ക്കാളും കരുത്തുറ്റതാണ്. മനുഷ്യരുടെ ഒരു വാക്കുമതി ബന്ധുമിത്രാദികളെ മുന്നോട്ടു നയിക്കാൻ. മറിച്ച്, അസുഖകരമായ വാക്കുകൾ നിരാശനും, ദുഖിതനുമാക്കി മാറ്റാൻ ഒട്ടും സമയം വേണ്ട. ഇത്തരത്തിൽ എന്താണു ചെയ്യേണ്ടതെന്നും, ചെയ്യരുതാത്തതെന്നും ഉപദേശിയ്ക്കുവാനും സ്വയം ചെയ്യുവാനുമുള്ള മനസ്സാന്നിദ്ധ്യം ലഭിയ്ക്കാൻ ഈ ഗ്രന്ഥത്തെ അവലംബിയ്ക്കുക മാത്രമേ മാർഗ്ഗമുള്ളൂ. അതിലൂടെ ദു:ഖവിമുക്തി നേടാൻ കഴിയും.

നല്ല കൂട്ടുകെട്ടിലൂടെ ദുഷിച്ച സംസ്ക്കാരം നമ്മിൽ നിന്നകന്നുപോകും. രാമന്റെ സംസർഗ്ഗത്താൽ വാനരാദികൾക്കും, രാക്ഷസന്മാർക്കും മാറ്റം സംഭവിച്ചില്ലേ.? അർത്ഥവും, വ്യാപ്തിയും പ്രസക്തിയുമുണ്ടാക്കാൻ സൽഗുണസമ്പത്തിനു സാദ്ധ്യമാകും. ഉദാഹരണത്തിന് ഒരു പേപ്പറിൽ ചന്ദനം പൊതിഞ്ഞുവച്ചാൽ ആ പേപ്പറിന് ആ സുഗന്ധം. കാലങ്ങളോളം നിലനില്ക്കും. പനിനീരുനിറച്ച കുപ്പി എത്ര നാളായാലും പനിനീരിന്റെ സുഗന്ധം വീശും. ഇതുപോലെയാണ് നല്ല കൂട്ടുകെട്ട്. വിജ്ഞാനവും, സന്തോഷവും എന്നുവേണ്ട സൽഗുണങ്ങൾ നാമറിയാതെ നമ്മളിൽ വന്നു ഭവിയ്ക്കും.

രാമായണത്തിൽ പ്രകൃതിയിലെ ചരാചരങ്ങളും കഥാപാത്രങ്ങളാണ്. കർത്തവ്യനിർവ്വഹണത്തിന്റെ മകുടോദാഹരണമാണ് ജഡായു. സ്വന്തം ജീവൻ ബലിയർപ്പിച്ചുകൊണ്ടാണ് തന്റെ കർമ്മം ചെയ്യുന്നത്. ഒരു സൽകർമ്മത്തിനു വേണ്ടി സ്വജീവൻ ബലിയർപ്പിയ്ക്കുന്ന പക്ഷിയുടെ സ്ഥാനം എത്ര പ്രസക്തമാണ്. രാവണൻ സീതയെ അപഹരിച്ച് കൊണ്ടുപോയകുന്നത് കണ്ട ജഡായു രാവണനോട് എതിരിടുന്നു. യുദ്ധത്തിൽ രാവണൻ ജഡായുവിന്റെ ചിറകരിഞ്ഞു വീഴ്ത്തുന്നു. എന്നിട്ടും ആ മുറിവിനെ തൃണവല്ക്കരിച്ചുകൊണ്ട് രാമന്റെ വരവിനെ കാത്തു കിടന്ന ജഡായു ആരുടേയും ഹൃദയസ്പർശിയായ കഥാപാത്രമാണ്. തന്റെ ദൗത്യനിർവ്വഹണശേഷം ആ മടിയിൽ തലചായ്ച്ച് മരിയ്ക്കുന്നു ആകയാൽ മോക്ഷ പ്രാപ്തി ലഭിയ്ക്കുന്നു. നിസ്വാർത്ഥകർമ്മം അനുഷ്ഠിയ്

ക്കുന്നവർക്കു മുന്നിൽ മരണം പോലും വഴി മാറിപോകും. അതിലും മഹത്തരമായ സംഭവം ശ്രീരാമൻ ജഡായുവിനു വേണ്ടി ബലികർമ്മങ്ങൾ ചെയ്യുന്നുവെന്നതാണ്. ശ്രീരാമന്റെ കൃതജ്ഞത രേഖപ്പെടുന്നുന്ന രീതി വിഭിന്നമാണ്. ഈശ്വരന്റെ സൃഷ്ടിയുടെ മുഴുവൻ മികവും രാമായണകഥാപാ ത്രങ്ങളിൽ നമുക്കുകാണാം. വ്യത്യസ്ഥയായ അഹല്യ എന്ന സ്ത്രീരത്നം. ചെയ്യാത്തതെറ്റിനു ശിക്ഷിയ്ക്കപ്പെട്ടവൾ. ദേവേന്ദ്രൻ ആൾ മാറാട്ടം നടത്തി ചതിയിൽ പെടുത്തി പാവം സ്ത്രീ ഗൗതമ മുനിയുടെ ശാപത്താൽ ശിലയായി മാറി. ശ്രീരാമസ്പർശത്താൽ അഹല്യക്കു ശാപമോക്ഷം ലഭിക്കുന്നു. മറ്റൊരു കൃതിയിലും കല്ലിനു ശാപമോക്ഷം നൽകിയതായി കാണുന്നില്ല. സൽപ്രവർത്തിയെ വൈകിയാണെങ്കിലും നമ്മെ നന്മയിലേയ്ക്കു നയിയ്ക്കുമെന്ന് അസന്ദിഗ്ദ്ധമായി തെളിയിയ്ക്കുന്നു.

രാമായണം രാമന്റെ അയനം, മാർഗ്ഗം ധർമ്മ സംസ്ഥാപനയാത്ര, ധർമ്മവും അധർമ്മവും തമ്മിലുള്ള പോരാട്ടങ്ങൾ. ബാഹ്യവും ആന്തരീകവുമായ നിലപാട്. രാമാവതാരം സ്വലാഭത്തിനല്ല. ഹീനരേയും അധർമ്മത്തേയും വെട്ടി വീഴ്ത്തി ധർമ്മം സ്ഥാപിക്കുകയാണ് ലക്ഷ്യം.

രാവണൻ ചെയ്തു കൂട്ടിയ അധർമ്മങ്ങൾ ഇന്നും പല രീതിയിൽ സമൂഹത്തിൽ നടമാടുന്നു. കൈക്കരുത്തുള്ളവർ ഏതു ഹീനമാർഗ്ഗവും സ്വീകരിയ്ക്കുമെന്ന് ചുരുക്കം. ധർമ്മത്തിലുറച്ചു നില്ക്കുന്ന വിശിഷ്ടമാതൃകാ പുരുഷനാണ് ശ്രീരാമൻ. അച്ഛന്റെ വാഗ്ദാനം നിറവേറ്റാൻ രാജപദവി ഉപേക്ഷിച്ച് സസന്തോഷം കാനനത്തിലേയ്ക്ക് പോയത് യാതൊരു പരാതിയോ പരിഭവമോ ഇല്ലാതെയാണ്. ഭരതൻ കേണപേക്ഷിച്ചിട്ടും കിരീടവും ചെങ്കോലും നിരസിച്ചു.

പുത്രൻ, സുഹൃത്ത്, ജ്യേഷ്ഠ സഹോദരൻ, ധർമ്മരക്ഷകൻ എന്നിങ്ങനെ വിഭിന്നതലങ്ങളിൽ ഒരുമിച്ചു പ്രവർത്തിയ്ക്കുന്നു രാമൻ. അച്ഛന്റെ വാക്ക് ശിരസ്സാവഹിയ്ക്കാൻ ഭരതന്റെ അപേക്ഷ നിരസിയ്ക്കുന്നു. ശത്രുവിനോടു പോലും നീതി പുലർത്തുന്നു.

'ക്ഷീണിച്ചവരെ എതിർത്ത് കൂടാ' എന്ന നീതി, രാവണൻ ക്ഷീണിതനായപ്പോൾ 'ഇന്നു പോയി നാളെ വാ' എന്ന് പറയുന്നതിലൂടെ രാമൻ വരച്ചുകാട്ടുന്നു.

ശ്രീരാമൻ, വിഷ്ണുവിന്റെ മനുഷ്യാവതാരം ഭൂമിയിലെ ധർമ്മസംരക്ഷണത്തിനായി രാവണനെ നിഗ്രഹിക്കുന്നു. രാവണന്റെ അസുരകൃത്യങ്ങൾക്ക് അന്ത്യം കുറിയ്ക്കുന്നു. അധർമ്മത്തെ ധർമ്മത്താലും അസുരന്മാരെ ധർമ്മപരിപാലനത്തിലൂടെയും അറുതിവരുത്തി. സാധുപരിരക്ഷയാണ് ധർമ്മ സംസ്ഥാപനത്തിന്റെ പരമലക്ഷ്യം. രാത്രിയുടെ അന്ധകാരത്തിനു വിരാമമിടാൻ സൂര്യൻ ഉദിയ്ക്കുന്നു. അതുപോലെ രാക്ഷസാന്ധകാരത്തിന് അന്ത്യം കുറിയ്ക്കാൻ ദിവ്യപ്രഭനായ ശ്രീരാമൻ അവതാര പുരുഷനായി പിറന്നു അജ്ഞാനത്തിന്റെയും ദുർഗുണങ്ങളുടെയും. രാത്രി മാഞ്ഞ് സൂര്യനുദിയ്ക്കണം. ദിവ്യ പ്രഭുവായ രാമന്റെ പിറവിയും ഭൂമിദേവിയെ രക്ഷിയ്ക്കാൻ അനിവാര്യമായിരുന്നു.

ധർമ്മപഥത്തിൽ സഞ്ചരിയ്ക്കുന്നവർക്ക് മാത്രമേ ഈശ്വാരനുഗ്രഹം ലഭിയ്ക്കുവെന്ന ഓർമ്മപ്പെടുത്തലും കാലാതീത മായ സത്യമാണ്. ഭൂതകാലത്തും, ഇന്നും ഭാവിയിലും സമൂഹത്തിന്റെ ശാപമാകുന്നു ഒരു കൂട്ടർ. അക്കൂട്ടരെ ഉന്മൂലം ചെയ്യാൻ ശ്രീരാമപാ ത പിന്തുടരുന്നവർക്കേ സാധിക്കു. മണ്ണിന്റെ മണമുള്ള കഥാപാത്രങ്ങൾ രാമായണത്തിലുടനീളം കാണാം. മനുഷ്യരുടെ വ്യഥകളും വഴികളും, വഴിതെറ്റലുകളും വൈരാഗ്യവും, അസൂയയും, യുദ്ധവും വിരഹവും എല്ലാം നമ്മുടെ മുന്നിലെത്തിക്കുന്നു.

കള്ളകർക്കിടകം, പഞ്ഞകർക്കിടകം ഇങ്ങനെ വിശേഷിപ്പിയ്ക്കുന്ന ഈ മാസത്തെ മറികടക്കാൻ പഴമക്കാർ കണ്ടെത്തിയഉപായമാണ് രാമായണപാരായണം.

രാമനാമത്തെ ജപിച്ചീടുന്ന ജനങ്ങളും
രാമസായൂജ്യംപ്രാപിച്ചീടുവോരെന്നുനൂനം

ഭക്ത്യാദരവോടെ രാമായണം വായിയ്ക്കുന്നവർക്ക് മോക്ഷപ്രാപ്തി ലഭിക്കുമെന്ന് രാമായണം ഘോഷിക്കുന്നു,

*****

# നമ:ശിവായ

ഡോ. കെ. ഹരിഹരൻ - 9847313322

*തുടർച്ച*

**അ**ദ്ദേഹം ഭക്തിശ്രമയുക്തനാണ് എങ്കിലും അദ്ദേഹത്തിന്റെ ഭക്തിദൃഢത പരീക്ഷിക്കേണ്ടതുണ്ടായിരുന്നു. ഒരു വിഷമസന്ധി വന്നാലെ, ഭക്തിദൃഢത നിശ്ചയിക്കാനാകൂ. ഭക്തന്റെ പരീക്ഷയും പ്രതിബന്ധകാലത്താണ് നടക്കുക. ഈ സമയത്ത് ഭഗവാന്റെ നാമസ്മരണത്തോടെ കർമ്മം ചെയ്താലും ഫലം വിപരീതമാണ് ലഭിക്കുന്നത്. ഇവിടെ ഭക്തൻ അടിപതറിയാൽ, ഭക്തി പാകമായിട്ടില്ല എന്ന് തിരിച്ചറിയാം. ശരിയായ ഭക്തിയാണെങ്കിൽ ആ സത്യസന്ധത ഇവിടെ വെളിപ്പെടും. ഭഗവാൻ ശിവൻ ആയിരം താമരപ്പൂക്കളിൽ നിന്ന് ഒരെണ്ണം എടുത്തു മാറ്റി. പതിവുപോലെ പരിക്രമമായി സ്നാനാദിയെല്ലാം കഴിഞ്ഞ് ഉപവിഷ്ടനായി നാമാർച്ചന ചെയ്യാൻ തുടങ്ങി. തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് കമലപുഷ്പം അർപ്പിച്ചപ്പോഴേയ്ക്കും പുഷ്പങ്ങൾ തീർന്നു. ആയിരാമത്തെ അർച്ചനയ്ക്ക് പുഷ്പമില്ല. എഴുന്നേറ്റാൽ പൂജാക്രമവിധി തെറ്റും. ഇതിനെ പ്രയോഗവിധി എന്നു പറയും. സഹസ്രനാമപാഠം ക്രമത്തിൽ അർച്ചനാപ്രാപ്തമാണ്. വിളമ്പം വന്നാൽ എന്തു ചെയ്യണമെന്ന് പ്രമാണമില്ല. ഒന്നു കഴിഞ്ഞാൽ അടുത്തത്, ഇടയ്ക്ക് മറ്റൊന്നും ചെയ്യാൻ പാടില്ല. ജപം ചെയ്യുകയാണെങ്കിൽ അന്വശബ്ദോച്ചാരണം പാടില്ല. ചിലയാളുകൾ മാലാജപം ചെയ്യുമ്പോൾ ഇടയ്ക്കിടെ അന്യരോട് വർത്തമാനം പറയുന്നത് കാണാറുണ്ട്. അത് നിശ്ചിത സംഖ്യാജപമാകുന്നില്ല. ഒരായിരം നാമം ജപിക്കാം എന്ന് സങ്കൽപമെടുത്തു. ഇടയ്ക്ക് എഴുന്നേൽക്കേണ്ടി വന്നു, അഞ്ഞൂറു നാമമേ ജപിച്ചു കഴിഞ്ഞുള്ളൂ. കുറച്ച് കഴിഞ്ഞ് വന്ന് ബാക്കി അഞ്ഞൂറുകൂടി ജപിച്ചാൽ അത് സഹസ്രനാമം ജപമായി കണക്കാക്കാനാവില്ല. എന്നാൽ സങ്കൽപം രാവിലെ അഞ്ഞൂറും വൈകുന്നേരം അഞ്ഞൂറും എന്നാണെങ്കിൽ കുഴപ്പമില്ല. പക്ഷെ അതും നിയമപൂർവ്വമാകണം എഴുന്നേറ്റു പോയാൽ ആസനഭംഗമുണ്ടാവുകയും സഹസ്ര നാമാർച്ചനാക്രമഭംഗവും പ്രാതാകാലസങ്കല്പഭംഗവും വരുമെന്ന് ഭഗവാൻ വിഷ്ണു കരുതി. സങ്കൽപിത ബ്രഹ്മമുഹൂർത്തം കഴിഞ്ഞുപോയാൽ, പിന്നെ രാക്ഷസരായിരിക്കും പൂജ സ്വീകരിക്കുന്നത്.

അദ്ദേഹത്തിന്റെ അന്തസ്ഥിതമായ ഭക്തി പെട്ടെന്ന് ഒരു പോംവഴി കാണിച്ചു. വിഷ്ണു വിചാരിച്ചു, ഞാൻ പുണ്ഡരീകാക്ഷനാണ്. എന്റെ നയനങ്ങൾ കമലങ്ങളാണ്. ഞാൻ ഇതിനെ തന്നെ അർപ്പിച്ച് അർച്ചന പൂർത്തിയാക്കും. സ്വതവേ കണ്ണുകൾ കമലങ്ങളല്ല എന്നാൽ 'കമലമേവനയനംയസ്യ' എന്ന് വിഗ്രഹിക്കാനാവില്ല. 'കമല ഇവ നയനേ യസ്യ' എന്നാണ് വിഗ്രഹിക്കാവുന്നത്. കമലത്തേപ്പോലുള്ള നയനമാണ് അതുകൊണ്ട് പകരമാകില്ല.

കമലത്തെ പ്രതിനിധീകരിച്ച് അക്ഷതം അർപ്പിച്ചാലും മതിയോ? പോരാ പ്രതിനിധീകരിക്കുന്നത് സദൃശമായിരിക്കണം. കുശത്തിനുപകരം കാശം എടുക്കാം. 'വസ്ത്രാർപ്പേണ അക്ഷതാൽ സമർപ്പയാമി എന്നത് അവിവേകികൾ മാത്രം എടുക്കുന്ന അർത്ഥമാണ്. വിഷ്ണുവിന് കടലാസദൃശ പദാർത്ഥമെടുത്ത് സമർപ്പിക്കാമായിരുന്നു. അതുകൊണ്ട് അദ്ദേഹം നേത്രകമലം തന്നെ പറിച്ചെടുത്ത് അർപ്പിച്ചു. പ്രസന്നനായ ഭഗവാൻ ശങ്കരൻ പ്രത്യക്ഷപ്പെട്ട് വിഷ്ണുവിന് സുദർശനചക്രം നൽകി. മൂന്നു ലോകങ്ങളുടേയും രക്ഷയ്ക്കായുള്ള ഉപകരണമാണിത്. കൂടാതെ , ശങ്കരൻ തനിക്കു സമം വിഷ്ണുവിനെ പൂജ്യനുമാക്കി. ഇപ്രകാരം നിയമാതിക്രമമില്ലാതെ വിധിവിഹിതമായ പൂജ ചെയ്യുന്നതിനെയാണ് സുപൂജിതായ എന്നു പറഞ്ഞിരിക്കുന്നത്. സു എന്നതിന്റെ അർത്ഥം 'വിധിവത് പൂജനം' എന്നാകുന്നു.

സുപൂജിതായ എന്നതിന് വേറൊരു വ്യാ

ഖ്യാനവുമുണ്ട്. നല്ലതു പോലെ പൂജിക്കുക. 'ഗീത സുഗിത കർത്തവ്യാ' ഗീതയെന്നാൽ സുഗിത തന്നെ. സുഗിതി എന്നതിനർത്ഥം നല്ല രീതിയിൽ ചെയ്യുക, അർത്ഥം മനസ്സിലാക്കുക, ക്രമം മനസ്സിലാക്കി ചെയ്യുക എന്നൊക്കെയാണ്. ഇവിടെ മന്ദാരപുഷ്പം തുടങ്ങിയവ പ്രദർശനത്തിനു മാത്രമാണ്. സുപൂജിതായി എന്നതാണ് മുഖ്യം. ശങ്കരാചാര്യർ എല്ലാവർക്കും മാനസപൂജയാണ് പറഞ്ഞിരിക്കുന്നത്. മാനസപൂജയാണ് ഉത്തമോത്തമമായി ചെയ്യാവുന്നത്. ആദ്യം ഭഗവാന് വജ്രം, പവിഴം, മരതകം മുതലായ രത്നങ്ങൾ പതിച്ച ഇരിപ്പിടം മനസ്സിൽ തയ്യാറാക്കുക. പിന്നെ ഭഗവാനെ ആവാഹിച്ച് സ്വാഗതം ചെയ്ത് അതിൽ ഇരുത്തുക. മന്ത്രങ്ങളും ഓർമ്മയിൽ വരണം, പുരുഷസൂക്തമോ രുദ്രാദ്ധ്യായീയ ഷോഡശമന്ത്രമോ, ഏതെങ്കിലും പൗരാണിക മന്ത്രങ്ങളോ ഓർത്താലും മതിയാകും. ധ്യാനിക്കാൻ സാധിക്കുന്നില്ല, മനസ്സ് അങ്ങിങ്ങ് ഓടി നടക്കുന്നു എന്ന പരാതി വരാറുണ്ട്. ഇവർക്കുള്ള ഒരോരുത്തരം മാനസപൂജയാണ്. പതുക്കെപ്പതുക്കെ മന്ത്രം ജപിച്ചുകൊണ്ട്, മാനസപൂജചെയ്ത് അവസാനം ജ്യോതിർമയ ധ്യാനം ചെയ്യുക.

വളരെ ശ്രദ്ധയോടെ വേണം ഭഗവാന് നൈവേദ്യം സമർപ്പിക്കാൻ. രത്നം പതിച്ച സ്വർണ്ണതളികയും പാത്രങ്ങളും വേണം. നെയ്യ് ചേർത്താൽ തിളങ്ങും. പായസമുണ്ടങ്കിൽ കൂടുതൽ ശോഭിക്കും. പചാമൃതം ചതുർ വിധം എന്നു പറഞ്ഞിട്ടുണ്ട്. ഇവിടെ പഞ്ചവിധം എന്നു പറഞ്ഞു. നെയ്യ്, പായസം, പച്ചക്കറികൾ വേറെ പറഞ്ഞിട്ടുണ്ട്. ചപ്പാത്തി, പൂരിയും ചോറും, പുലാവും മധുരമുള്ള പലഹാരങ്ങളും, ഖാരി-പക്കാവടയും പഞ്ചമമായി ഉദ്ദേശിക്കുന്നത്. ചിലപ്പോൾ ദാൽ ആയിരിക്കാം. അൻപത്തിയാറുവിധം മനോരഥങ്ങളായ പലഹാരങ്ങൾ സമർപ്പിക്കാറുണ്ട്. ശാകാതാമയുതം അയയ്തമെന്നാൽ പതിനായിരം ആയിരക്കണക്കിന് തരത്തിലുള്ള സംയോജനമെന്നാണ് ഇവിടെ അർത്ഥം. അതിനുശേഷം മുഖശുദ്ധി. എന്നിട്ട് ആരതിയും പുഷ്പാഞ്ജലിയും എല്ലാം സങ്കല്പം കൊണ്ടു ചെയ്യാമെങ്കിൽ എന്തിനു കുറയ്ക്കണം. കുടയും വെൺചാമരാദികളും കൂടി സമർപ്പിക്കാം. സ്തുതിർബഹുവിധം ഇത് മുഖ്യമാണ്. ഏത് സ്തുതിയാണോ അറിയാവുന്നത് അത് മനസ്സിൽ ഗാനം ചെയ്ത് അതിനർത്ഥം ധ്യാനത്തിൽ ഗാനം ചെയ്യുക.

സമഷ്ടി ജീവജാലങ്ങളും ശിവൻ തന്നെയാണ്. വ്യഷ്ടി എവിടെ പ്രസന്നനാണോ, അതിന്റെ പ്രഭാവം അവിടത്തെ സമഷ്ടിയിലും കാണും. പൂജ ചെയ്ത് താങ്കൾ പ്രസന്നനായാൽ, ഒരു ലഘു സമഷ്ടി എന്ന നിലയിൽ താങ്കളും കുടുംബവും പ്രസന്നമാകും. പക്ഷെ താങ്കളുടേത് സംപൂജ്യമായിരിക്കണം. താങ്കളുടെ ജ്ഞാനത്തിനും ശക്തിക്കും അനുസരിച്ച് ശ്രദ്ധാ-ഭക്തിയോടെ സമ്യക്ക പൂജിക്കണം. ഭഗവാൻ അരുളി ചെയ്യുന്നു. ആരാണോ എനിക്ക് ഭക്തിപൂർവ്വകമായി സമർപ്പിക്കുന്നത് ഉപഹൃതനായിരിക്കുന്നുവോ, അവനെ ഞാൻ ഗ്രഹണം ചെയ്യും. വസ്തുവിനല്ല, ഭാവതനാണ് മൂല്യം. ഭാവ് എന്നും മൂല്യത്തിനു പറയാറുണ്ട്. ഭാവയുക്തമാണോ അതിന് മൂല്യമുണ്ട്. ഭഗവാന് വളരെ വിലപിടിപ്പുള്ള ആഭരണങ്ങൾ സമർപ്പിക്കാറുണ്ട് എന്നാൽ ഇത് സമർപ്പിച്ച ഭാവത്തോടെയാണോ, അതോ അഹങ്കാരത്തോടെയാണോ എന്നതാണ് അറിയേണ്ടത്.

'തസ് മൈ മകാരായ നമഃശിവായ' ഇവിടെ ഓരോ അക്ഷരവും ശിവസ്വരൂപമാണ്. ഭഗവാൻ എപ്രകാരം പൂർണ്ണനാണോ, അപ്രകാരം ഭഗവാന്റെ ഓരോ അംഗവും പൂർണ്ണമാണ്. അതുപോലെ നമഃശിവായ മന്ത്രം എപ്രകാരം പൂർണ്ണമാണോ അപ്രകാരം നമഃശിവായ മന്ത്രത്തിൽ ഘടിപ്പിച്ചിട്ടുള്ള ഓരോരോ അക്ഷരവും പൂർണ്ണമാണ്. 'മന്ത്രദേവതയോരൈക്യം' മന്ത്രത്തിന്റേയും ദേവതയുടേയും അഭിന്നതയാണ്, അങ്ങനെ മന്ത്രാക്ഷരങ്ങളും ദേവതാകളും അഭിന്നതയും കൂടി സിദ്ധമാകുന്നു. അതനുസരിച്ചു തന്നെയാണ് 'നകാരായ നമഃശിവായ, മകാരായ നമശിവായ' ഇത്യാദി വന്നിരിക്കുന്നത്. വൈദിക മന്ത്രങ്ങളിലെ ഓരോ അക്ഷരവും പ്രകാശ സ്വരൂപവും മധുരവും സാർത്ഥകവുമാണെന്ന് നാം മനസ്സിലാക്കണം.

*****

# ഇത് മലയാളനാടല്ല - തീർച്ചതന്നെ

*- ശ്രീവല്ലഭൻ നായർ*

നാളികളേറെയായ് നാട്ടിലൊന്ന് പോയിട്ട്,
ഞാനിന്ന് പോകുന്നു വീണ്ടുമെൻ നാടുകാണാൻ
എത്തി ഞാനാഹ്ലാദമോടെ നാട്ടിൽ
ഉറ്റവർ, മിത്രങ്ങളൊത്തു ചേർന്നു.
നാടൊന്നു കാണുവാൻ വെമ്പീ-
ഞാനും കൂട്ടരുമൊത്തുനടന്നു നീങ്ങി.
കാണുന്നതില്ല ഞാനെങ്ങുമെന്റെ
കേരള ഭംഗിയതെങ്ങുമില്ല.
പുഴയില്ല, പൂക്കൈതയെങ്ങുമില്ല
വയലില്ല നെൽവയൽ കാണാനില്ല,
പാടത്തുയരുന്ന പാട്ടുമില്ല,
പാടുവാൻ കർഷകരെങ്ങുമില്ല
കുനുകുനെ ചൊല്ലിയുരുമ്മി നില്ക്കും
കതിരുകൾ പാടുന്ന പാട്ടുമില്ല.
മലയില്ല, മരമില്ല, കാടുമില്ല
പുല്ലും പുഴുക്കളും പോലുമില്ല
ശിലയില്ല, അരുവികളെങ്ങുമില്ല
നദികളുമൊക്കെ വരണ്ടു പോയി.
കുന്നുകളൊക്കെ കുഴികളാക്കി
മണ്ണും ശിലയുമിളക്കിവിറ്റു
മരുഭൂവായ് മാറിപ്പോയൊന്റെ നാട്
ഇതുമലയാള നാടല്ല- തീർച്ചതന്നെ
ഇവിടുന്ന്, വയലിന്റെ മണമില്ല
പുഴയുടെ പാട്ടില്ല, പറവകളൊന്നിനേം
കാണ്മാനില്ല
ഇത് മലയാളമണ്ണല്ല തീർച്ചതന്നെ.
ഇവിടെ തുടരുവാൻ വയ്യെനിക്ക്
കരയുന്നഹൃത്തുമായ് പോയിടട്ടെ,
ഞാൻ കഴിവതും വേഗം മടങ്ങിടട്ടെ.

*****

**വിത്തത്തിലാഗ്രഹം വന്നൂപതിക്കവേ**
**ചിത്തത്തിലുൾപ്പുക്കൂ ദുഃഖങ്ങളിങ്ങനെ**
**തത്തൽപ്രകാരം വരുത്തുന്നതൊക്കെയും**
**തത്ത്വം വിചാരിക്കിലീശ്വരന്റെ കളി.**

***കൃഷ്ണലീല - കുഞ്ചൻനമ്പ്യാർ***

**2024 ജൂലൈ മാസം**
**അന്തരിച്ച കരയോഗാംഗത്തിന്**
**ആദരാഞ്ജലികൾ**



**സരോജിനി അമ്മ**
L/0557 വസന്തം,
മണ്ണൂർ
പാലക്കാട്- 678642

# 3-ാം ചരമവാർഷികം

**31.07.2024**



## തങ്കം പണിക്കർ

കല്ല്യാൺ, പ്ലോട്ട് നമ്പർ 44
കൃഷ്ണവിഹാർ, കോളനി,
പനമ്പിള്ളി നഗർ, കൊച്ചി - 682036
*സന്തപ്ത കുടുംബാംഗങ്ങൾ*

# ആഗോളതാപനവും കൂട്ടവംശനാശവും

എൻ. രാജശേഖരൻ – 9895550719

ഭൂമിയിലെ ജീവന്റെ നിലനില്പ്പ് പോലും സ്ഥിരമല്ല എന്നോർക്കുക. ശാസ്ത്രലോകത്തിനും, ഇതേ അഭിപ്രായം തന്നെയാണുള്ളത്. നാം ജീവിക്കുന്ന ഭൂമിയുടെ നിലനില്പ് പോലും സ്ഥിരമല്ല. നടന്നുകൊണ്ടിരിക്കുന്ന തീവ്രകാലാവസ്ഥാ മാറ്റങ്ങളും വരാൻ പോകുന്ന അതിതീവ്രകാലാവസ്ഥാമാറ്റങ്ങളും അത് തന്നെയാണ് നമ്മെ കാട്ടിത്തരുന്നത്, ഇക്കാലമത്രയും ഇതൊന്നും മനസ്സിലാകാതെ അന്ധരും ബധിരരുമായാണു നാം ജീവിച്ചത്. ഇതിനിടയിൽ വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവം ഏവരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് തോന്നിപ്പോകുന്നു.

റെഡ് ഇന്ത്യാക്കാരുടെ ഭൂമിയാകെ കൈവശപ്പെടുത്തി, അതു ന്യായീകരിക്കുന്നതിനുള്ള ഉടമ്പടി ഒപ്പിടാൻ 14-ാം യു.എസ്. പ്രസിഡന്റായിരുന്ന ഫ്രാൻക്ലിൻ പിയേഴ്സ് അധികാരപ്പെടുത്തിയ ഗവർണ്ണർക്ക് മുമ്പിൽ, റെഡ് ഇന്ത്യാക്കാരെ പ്രതിനിധീകരിച്ച് സിയാറ്റിൻ മൂപ്പൻ നടത്തിയ ലഘുപ്രസംഗം ശ്രദ്ധയോടെ ഉൾക്കൊണ്ട് ജീവിച്ചിരുന്നെങ്കിൽ എന്നോർത്ത് പോകുകയാണ്.

ആകാശത്തെയും ഭൂമിയെയും വിൽക്കാനും, വാങ്ങാനും കഴിയുന്നതെങ്ങനെ എന്ന ചോദ്യമാണ് മൂപ്പൻ ഗവർണ്ണറോട് ചോദിച്ചത്. മൂപ്പൻ തുടർന്ന് പറഞ്ഞത് ശ്രദ്ധിക്കുക.

വൃക്ഷങ്ങളുടെ ശരീരത്തിലെ നീര് ഞങ്ങളുടെ ഞരമ്പുകളിലൂടെ ഒഴുകുന്ന ചോര പോലെയാണ്. മണമുള്ള പൂക്കൾ ഞങ്ങൾക്ക് സഹോദരിമാരാണ്. കലമാനും, കുതിരയും, പരുന്തും ഞങ്ങളുടെ സഹോദരന്മാർ, കൊടുമുടികളും, പുൽമേടുകളും, നീർചാലുകളും, കാട്ടുജീവികളും, മനുഷ്യരും കുടുംബാംഗങ്ങളാണ്. പുഴകളിലൂടെയും, അരുവികളിലൂടെയും ഒഴുകുന്ന തിളങ്ങുന്ന ജലം, വെറും ജലമല്ല, അത് നമ്മുടെ പൂർവ്വികരുടെ ചോരയാണ്. ജലത്തിന്റെ ഒച്ച എന്റെ മുത്തച്ഛന്റെ ഒച്ചയാണ്. ഇതിലും വലിയ ഒരു പ്രകൃതി പാഠം എവിടെ നിന്ന് ലഭിക്കാൻ.

നമുക്ക് ആറാം കൂട്ടവംശനാശത്തിലേക്ക് വരാം. ഓസോൺ പാളികളിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സുഷിരങ്ങൾ, അന്റാർട്ടിക്ക് ധ്രുവങ്ങളിലെ അതിശീഘ്രമുള്ള മഞ്ഞുരുകൽ, ഹിമാലയത്തിലെ മഞ്ഞ് മലകളുടെ അതിവേഗത്തിലുള്ള ഉരുകൽ എന്നിവ മൂലം സംഭവിക്കുന്ന സമുദ്രജലനിരപ്പിന്റെ ക്രമാതീതമായ ഉയർച്ച എന്നിവയെല്ലാം ആ ഒരു ലക്ഷ്യത്തിലേക്കാണ് നീങ്ങുന്നത്.

ബ്രിസ്റ്റോൺ സർവ്വകലാശാലയിലെ ഗവേഷകരുടെ ഏറ്റവും അവസാന പഠന റിപ്പോർട്ടിൽ പോലും ഭൂമിയിലെ ജീവന്റെ നിലനിൽപ്പ് 250 ദശലക്ഷം വർഷങ്ങൾക്കുള്ളിൽ അവസാനിക്കുമെന്നാണ് പറയുന്നത്. ഭൂമിയിലുള്ള സകല സസ്തനികളെയും ഒന്നടങ്കം തകർത്തടിച്ച്കൊണ്ടുള്ള ഒരു കൂട്ടവംശനാശമാണ് ബ്രിസ്റ്റോൾ സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നത്.

നാല്പത് ഡിഗ്രിസെൽഷ്യസിനും എഴുപത് ഡിഗ്രി സെൽഷ്യസിനും ഇടയിൽ ചൂടിനെ അതിജീവിക്കാൻ കഴിയുന്ന ജീവിവർഗ്ഗങ്ങൾ മാത്രമാണ് ഭൂമിയിൽ അതിജീവിക്കുക എന്ന് പറഞ്ഞല്ലോ അറുപത്തി ആറ് ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ ഉൽക്കാപതനത്തെ തുടർന്നുണ്ടായ കാലത്തേക്ക് കാര്യങ്ങൾ എത്തിച്ചേരുന്നതാണ്.

ദിനോസറുകളുടെ കൂട്ടക്കൊലയാണ് അന്ന് നടന്നതെങ്കിൽ ഇന്നും സമാനമായ കൂട്ടവംശനാശമാണ് നടക്കുക. ക്രറ്റേഷ്യസ് കാലഘട്ടത്തിൽ ജീവിച്ചിരുന്ന 121 അടി ഉയരവും, 70000 കിലോ ഭാരമുള്ള മേയോ റാം എന്ന ദിനോസറുകളുടെയും നാശമാണ് അന്നുണ്ടായത്. ഇന്നത്തെ അർജന്റീനായിലെ പാറ്റഗോണിയ മേഖലകളിലാണ് ഇത്തരം ദിനോസറുകൾ ജീവിച്ചിരുന്നത്. ബ്രിസ്റ്റോൾ സർവ്വകലാശാലയിലെ സ്ക്കൂൾ ഓഫ് ജിയോഗ്രാഫിക്കൽ സയൻസിലെ സീനിയർ അസ്സോസിയേറ്റായ ഡോ. അലക്സാണ്ടർ ഫർണസവെത്തിന്റെ നേതൃത്വത്തിലുള്ള ഗവേഷണസംഘമാണ് ഇത്തരമൊരു നിഗമനത്തിലെത്തിയത്.

നാല്പത് ഡിഗ്രിസെൽഷ്യസിനും എഴുപത് ഡിഗ്രി സെൽഷ്യസിനും മദ്ധ്യേയുള്ള അന്തരീക്ഷത്തിൽ, കാർബൺ ഡൈഓക്സൈഡിന്റെ അളവ് ഇപ്പോഴുള്ളതിനെക്കാൾ ഇരട്ടിയായി വർദ്ധിക്കുകയും ഈ ഭയാനകമായ അന്തരീക്ഷം ഭൂമിയുടെ അന്തരീക്ഷത്തെ ഇരുണ്ടതാക്കി മാറ്റുകയും ചെയ്യും. മനുഷ്യർക്കും മറ്റ് ജന്തുക്കൾക്കും വിയർപ്പ് ഗ്രന്ഥികളിലൂടെ ശരീരത്തെ തണുപ്പിക്കാൻ കഴിയാതെ വരും. കുറച്ച് കൂടി വ്യക്തമായി പറഞ്ഞാൽ ശരീരത്തിന് സ്വയമേയുള്ള പ്രവർത്തനങ്ങളെ മുഴുവൻ ഇത്തരം കാലാവസ്ഥ തകർത്തുകളയുക തന്നെ ചെയ്യും.

കൂടാതെ 250 ദശലക്ഷം വർഷം കഴിയുമ്പോഴാകട്ടെ ഭൂമിയിലെ ഭൂഖണ്ഡങ്ങളെല്ലാം പണ്ട് ഉണ്ടായിരുന്നത് പോലെ പാംഗിയ അൾട്ടിമ എന്ന ഒരു ഒറ്റ സൂപ്പർ ഭൂഖണ്ഡമായി മാറുമെന്നും ഗവേഷകർ പറഞ്ഞിരിക്കുന്നു. ഈ പാംഗിയ അൾട്ടിമ എന്ന ഭൂഖണ്ഡം അറ്റ്ലാന്റിക്ക് സമുദ്രത്തിന്റെ നടുക്കായി ഒരു ഡോനട്ടിന്റെ ആകൃതിയിൽ നടുക്ക് സമുദ്രവും അതിനെ ചുറ്റി കരപ്രദേശവും എന്ന രീതിയിലാണ് കിടക്കുക. അതേ സമയം പസഫിക്ക് സമുദ്രം ഭൂമിയുടെ മറ്റ് കരപ്രദേശങ്ങളെയാകെ ജലത്തിനടിയിലാക്കും.

കാലങ്ങൾ കഴിയവേ, ഫലകചലനങ്ങളെ തുടർന്ന് മുമ്പ് സംഭവിച്ചത് പോലെ മാറ്റങ്ങൾ സംഭവിച്ചാൽപ്പോലും ഒരിക്കൽ ഒരൊറ്റ സൂപ്പർ ഭൂഖണ്ഡമായി മാറുക തന്നെ ചെയ്യുമെന്ന് ഗവേഷകർ തറപ്പിച്ചു പറയുന്നുണ്ട്. ഈ സൂപ്പർ ഭൂഖണ്ഡമാകട്ടെ അത്യന്തം ചൂടുള്ളതും വാസയോഗ്യമല്ലാത്തതും, വരണ്ടതുമായിരിക്കും.

ഇനി നമുക്ക് ആറാം കൂട്ടവംശനാശത്തിലേക്ക് നയിച്ച മനുഷ്യന്റെ എണ്ണമറ്റ പരിസ്ഥിതി ലംഘനങ്ങളെ കുറിച്ച് ബോധവാന്മാരായിരിക്കേണ്ടതുണ്ട്.

ഭൂമിയുടെ മൂന്നിൽ രണ്ട് ഭാഗം വരുന്ന സമുദ്രങ്ങളെ ഒന്നാകെ തന്നെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾകൊണ്ട് നിറച്ച് കഴിഞ്ഞിരിക്കുന്നു. കടലിന്റെ അടിത്തട്ട് അതിപ്രാധാന്യമുള്ള ജൈവമേഖലയാണ്. ആ സ്ഥലമാണ്, അതിസൂക്ഷ്മ പ്ലാസ്റ്റിക്ക് കണങ്ങൾകൊണ്ട് നിറച്ചിരിക്കുന്നത്. ഒരു ചതുരശ്രമീറ്ററിൽ 1.9 മില്യൺ പ്ലാസ്റ്റിക്ക് കണങ്ങളാണ് കണ്ടെത്തിയത്. ഭൂമിയെ 400 തവണ ചുറ്റാനുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സമുദ്രത്തിലുണ്ട് എന്ന് മനസ്സിലാക്കണം. മറ്റൊരു കാര്യം, ഭൂമുഖത്ത് ആഗോളതാപനത്താൽ, സംഭവിച്ച് കൊണ്ടിരിക്കുന്നതും സംഭവിക്കാൻ പോകുന്നതുമായ എല്ലാ ദുരന്തങ്ങളും, സമുദ്രത്തിലും ഉണ്ടാകുക തന്നെ ചെയ്യും എന്നതാണ്. മറ്റൊരു വൻവിപത്ത് ദിനംപ്രതി ടൺകണക്കിന് ഓക്സിജനെ പുറത്ത് വിടുന്ന മൗണ്ട് പ്ലോറോകോക്കസ് എന്ന സമുദ്രത്തിലെ ബാക്ടീരിയ സമുദ്രത്തിലെ താപത്താൽ നശിച്ച് കൊണ്ടിരിക്കുകയാണ്. ആടിയുലയുന്ന സമുദ്രത്തിന്റെ സന്തുലിതാവസ്ഥ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുക എന്നത് കണ്ടറിയണം.

6-ാം കൂട്ടവംശനാശം പടിവാതിൽക്കൽ എത്തിനിൽക്കെ, നമ്മുടെ കേരള സമൂഹത്തി

ലിപ്പോഴും നിലനില്ക്കുന്ന ചില വേദനാജന കമായ വസ്തുതകൾ മറച്ച് വച്ചിട്ട് കാര്യമില്ല.

ജീവിതത്തിന്റെ എല്ലാ തുറകളിലും മനുഷ്യൻ കാട്ടിക്കൂട്ടുന്ന നിരുത്തരവാദപരമായ പ്രവർത്തികളിലേക്ക് ഒന്നെത്തിനോക്കാതെ

വയ്യ. നമ്മുടെ സമൂഹത്തിൽ എപ്പോഴാ, എങ്ങനെയോ കടന്ന് കൂടിയിട്ടുള്ള വികലമായ സങ്കൽപ്പങ്ങളിലേക്ക് നാം ആഴത്തിൽ കണ്ണോടിച്ചാൽ നാം ആശ്ചര്യപ്പെടുക തന്നെ ചെയ്യും.

മലയാളിയുടെ അനുദിനമെന്നോണം മാറി കൊണ്ടിരിക്കുന്ന ജീവിതശൈലിയും, ഭോഗാസക്തിയും നിങ്ങളും ഞാനും കണക്ക് കൂട്ടുന്നതിലെത്രയോ വലുതാണ്. വീട്, ഭക്ഷണം, എന്നീ രണ്ട് വസ്തുതകളാണ് നാം ഉദാഹരണങ്ങളായി എടുക്കുന്നത്.

ആദ്യം വീടിന്റെ (പാർപ്പിടം) കാര്യം തന്നെയെടുക്കാം. വീടിന്റെ കാര്യത്തിൽ നാം ചെയ്ത് കൂട്ടുന്ന വിഢിത്തരങ്ങൾ ആരെയാണ് ആശ്ചര്യപ്പെടുത്താത്തത്. ഒരാൾക്ക് ആവശ്യമുള്ളതിൽ എത്രയോ കൂടുതൽ വിസ്തൃതിയുള്ള ആഡംബര ഭവനങ്ങളാണ് നാം നി ർമ്മിക്കുന്നത്. കൂടുതൽ സമ്പന്നതയുള്ളവർ കള്ളപ്പണം വെളുപ്പിക്കുന്നതിനൊ, തന്റെ സമ്പത്തിന്റെ വലുപ്പം മറ്റുള്ളവരുടെ മുന്നിൽ പ്രദർശിപ്പിക്കുന്നതിനോ എന്ത് വലിയ ഭവനങ്ങളാണ് കെട്ടിപ്പൊക്കുന്നത്. മത്സരിച്ചുള്ള ഭവനനിർമ്മാണമാണ് ഗ്രാമങ്ങളിൽ പോലും നടക്കുന്നത്. ഇത്തരം നിർമ്മിതികൾ അന്തരീക്ഷതാപനം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന പെയിന്റ്, സിമന്റ്, ടൈൽസ്, കമ്പി എന്നിവയെല്ലാം തന്നെ കേരളത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്നതാണ്. എന്നാൽ കല്ല്, പാറ, മണൽ, മണ്ണ്, ജലം എന്നീ പ്രകൃതി വിഭവങ്ങളാകട്ടെ നിർദ്ദയം ഉപയോഗിക്കുകയാണ്. സിമന്റ് കുഴക്കാനുള്ള വെള്ളം മുതൽ കോൺക്രീറ്റ് നനക്കാനുള്ള ജലം വരെ ജനങ്ങൾക്ക് കുടിക്കാൻ വേണ്ടി ശുചീകരിക്കപ്പെട്ട പമ്പ് ചെയ്യപ്പെടുന്ന ശുദ്ധജലമാണെന്ന് ഓർക്കണം.

നമുക്ക് ആവശ്യമുള്ളതിൽ കൂടുതൽ വീടുകൾ ഇതിനകം നിർമ്മിച്ച് കഴിഞ്ഞു. പ്രകൃതി വിഭവങ്ങളിന്മേൽ വൻകയ്യേറ്റമാണ് ഇവിടുത്തെ കെട്ടിടനിർമ്മാണത്തിൽ നടക്കുന്നത്. ഫ്ളാറ്റുകളും വില്ലകളും നിർമ്മിച്ച്കൊണ്ടിരിക്കുന്നത് വെറും ലാഭത്തിന് വേണ്ടി മാത്രമാണ്. പൊങ്ങച്ചത്തിനും കൊള്ളലാഭത്തിനും വേണ്ടി നടത്തപ്പെടുന്ന കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ ഉടനടി നിരോധിക്കുക തന്നെ വേണം.

അടുത്ത രംഗം ഭക്ഷണമാണ്. വിശപ്പ് ഉള്ളപ്പോഴും കണക്കില്ലാതെ നാം വാരി അകത്താക്കുന്ന ഭക്ഷണരീതി എത്രമാത്രം നമ്മുടെ ആരോഗ്യത്തിന് അപകടകരമാണെന്ന് ഒരു നിമിഷം ചിന്തിച്ചു നോക്കേണ്ടിയിരിക്കുന്നു. ഏറ്റവും മാരകമായ കീടനാശിനികൾ തളിക്കാത്ത ഭക്ഷണ സാധനങ്ങൾ ഇന്ന് കിട്ടാനില്ലാത്ത അവസ്ഥ സംജാതമായി കഴിഞ്ഞു. അരി, മുട്ട, പച്ചക്കറി, പാൽ എന്നിവയെല്ലാം അന്യസംസ്ഥാനത്തുനിന്നും ഇറക്കുമതി ചെയ്യപ്പെടുകയാണ്. കൂടാതെ മലയാളികളുടെ ഭക്ഷ്യരീതിയിൽ വലിയ മാറ്റങ്ങളാണ് വന്നു കൊണ്ടിരിക്കുന്നത്. ചോറും, കറികളും, ദോശയും, ഇഡലിയും, സാമ്പാറും, പുട്ടും, കടലക്കറിയുമെല്ലാം. ആർക്കും വേണ്ടാതായി തീർന്നിരിക്കുന്നു. ന്യൂഡിൽസും, ബർഗ്ഗറും, സാന്റവിച്ചും, ഫ്രൈഡ് റൈസും, കബാബും, ടിക്കയും, വിംഗ്സും. ഷവർമയും, കുഴിമന്തിയുമൊക്കെ മലയാളികളുടെ ഇഷ്ടവിഭവങ്ങളായി മാറിയിരിക്കുന്നു. ഇത്തരം ഭക്ഷ്യവിഭവങ്ങൾ മലയാളികളുടെ ആരോഗ്യത്തെ തകർത്തുകളയുകയാണ് ചെയ്യുന്നത്.

*(തുടരും)*

*****

# *ദൃക്ദൃശ്യ വിവേകം*( *15* )

സി. നാരായണൻ– 9819456012

അസ്തി ഭാതി പ്രിയം രൂപം
നാമ ചേത്യംശപഞ്ചകം
ആദ്യത്രയം ബ്രഹ്മരൂപം
ജഗദ്രൂപം തതോദ്വയം - 20

അസ്തി = ഉണ്ട് എന്ന അവസ്ഥ
ഭാതി = പ്രകാശിക്കുന്നു
പ്രിയം = പ്രീതികരം
രൂപം = ആകൃതി
നാമം = പേര്.
ച ഇതി = എന്നിങ്ങനെ
അംശപഞ്ചകം. = അഞ്ചു തത്വങ്ങൾ (അറിയപ്പെടുന്നു )
ആദ്യത്രയം = ആദ്യത്തെ മൂന്ന്
ബ്രഹ്മരൂപം = ബ്രഹ്മസ്വഭാവമാണ്
തതഃ ദ്വയം = മറ്റേ രണ്ട്
ജഗദ്രൂപം = ജഗത്തിന്റെ ലക്ഷണമാണ്

(ഉണ്ട് , വെളിപ്പെടുന്നു , പ്രിയകരം , രൂപം , പേര് എന്നീ അഞ്ചു ഘടകങ്ങൾ എല്ലാത്തിലും അനുഭവപ്പെടുന്നു. അവയിൽ ആദ്യത്തെ മൂന്ന് ബ്രഹ്മത്തിന്റേയും , പിന്നീടു പറയപ്പെട്ട രണ്ട് ജഗത്തിന്റേയും ലക്ഷണങ്ങളാണ്) നാം പുറത്തുള്ള ലോകത്തെ അറിയുന്നത് പഞ്ചേന്ദ്രിയങ്ങളിൽ കൂടിയാണ്. പക്ഷേ, ആ അഞ്ചും പരമാർത്ഥ സത്യമറിയാൻ ഉപയുക്തങ്ങളല്ല. ഭൗതികലോകത്തെ ഗോചരമാക്കലാണ് അവയുടെ ദൗത്യം. ആ ഇന്ദ്രിയങ്ങളിൽ കൂടെ ലഭ്യമാകുന്ന അറിവിന്റെ ശകലങ്ങളെ യുക്തിപൂർവ്വം വിശകലനം ചെയ്താൽ ലോകത്തിന്റേയും എന്റേയും സത്യത്തിലേക്കെത്താമെന്നൊരു തെറ്റിദ്ധാരണ ശാസ്ത്രജ്ഞൻമാർക്കിടയിൽ പൊതുവേ നിലവിലുണ്ട്. അതു വെറും ഭ്രമമാണ്. കാരണം, ഇന്ദ്രിയങ്ങൾക്ക് വിഷയമാകാത്ത എത്രയോ തത്ത്വങ്ങൾ ലോകത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഇന്ദ്രിയങ്ങൾക്ക് വിഷയമാകുന്നവ പോലും ചിലപ്പോളെല്ലാം തെറ്റായി അറിയപ്പെടാമെന്നിരിക്കേ, ഇന്ദ്രിയജ്ഞാനത്തെ മാത്രം ആസ്പദമാക്കി സത്യത്തെ അറിയാമെന്നു ധരിക്കുന്നത് മൂഢത്വമല്ലാതെ മറ്റെന്താണ് ?

ഉദാഹരണത്തിന്, ഞാനുണ്ടെന്നു എനിക്കനുഭവപ്പെടുന്നത്, ഏതെങ്കിലുമൊരു ഇന്ദ്രിയത്തെ ആശ്രയിച്ചല്ല. ഞാൻ എന്നത് സ്വയം വെളിപ്പെടുന്ന ഒരു സത്തയാണ്. ഇന്ദ്രിയംകൊണ്ടറിയപ്പെടാനാവാത്ത 'ഞാൻ 'എന്ന സത്തയുടെ രഹസ്യം, ഇന്ദ്രിയജ്ഞാനങ്ങളിൽ അന്വേഷിച്ചതു കൊണ്ട് എന്തു പ്രയോജനം ?

ഓരോ ജ്ഞാനത്തിനും പ്രത്യേകം ജ്ഞാനസാധനമുണ്ട്. ശബ്ദം എന്ന ജ്ഞാനം , ശ്രോത്രേന്ദ്രിയത്തിലൂടെ മാത്രമേ അറിയാനാവൂ. അതു പോലെ വർണ്ണം കണ്ണു കൊണ്ടു മാത്രവും, രുചി നാക്കുകൊണ്ടും അറിയപ്പെടുന്നു. ഈ ജ്ഞാനസാധനങ്ങളെ പ്രമാണം എന്നു പറയും.

ശബ്ദം, സ്പർശം, രൂപം , ഗന്ധം , രസം എന്നീ പ്രത്യക്ഷജ്ഞാനങ്ങളുടെപ്രമാണങ്ങൾ, ശ്രോത്രം, ത്വക്ക് , നേത്രം , നാസിക , ജിഹ്വ എന്നിവയാണ്. ഇവയിലൂടെ ലഭ്യമാവുന്ന ജ്ഞാനത്തെ പ്രത്യക്ഷജ്ഞാനമെന്നു പറയും. പ്രത്യക്ഷത്തിലൂടെ വസ്തുക്കളുടെ സ്വഭാവത്തേയും കുറെയൊക്കെയറിയാം. ഉദാഹരണത്തിന്, തീയും പുകയുണ്ടാക്കാനാവുമെന്നും, വെള്ളത്തിന് നനയ്ക്കാനാവുമെന്നും പ്രത്യക്ഷത്തിലൂടെ നമുക്കറിയാം. ഈ അറിവു വെച്ച്, പുക കണ്ടാൽ സമീപത്തെവിടെയോ തീയുണ്ടെന്നും, മണ്ണു നനഞ്ഞു കണ്ടാൽ അധികം മുൻപല്ലാതെ മഴ പെയ്തിരുന്നു

വെന്നും നമുക്കനുമാനിക്കാം. അനുമാനവും സാധുത്വമുള്ള ഒരു പ്രമാണമായി പണ്ഡിതന്മാർ അംഗീകരിക്കുന്നു. പക്ഷേ പ്രത്യക്ഷ ജ്ഞാനത്തിന്റെ എല്ലാ പരിമിതികളും അനുമാനജ്ഞാനത്തിനും ബാധകമാണ്.

ഇന്ദ്രിയങ്ങൾക്ക് അപ്രാപ്യമായ തത്ത്വങ്ങളുടെ പ്രമാണമാണ് വേദങ്ങൾ. ഒരു ഇലയുടെ നിറം പച്ചയാണെന്നു എത്ര ഉറപ്പായി കണ്ണുകൊണ്ടറിയാമോ , അത്രതന്നെ ഉറപ്പായി അതീന്ദ്രിയ സത്തകളെ കുറിച്ച് വേദത്താലുമറിയാം.

ഞാനെന്ന സത്ത അറിയപ്പെടുന്നത് ഇന്ദ്രിയങ്ങളാലല്ലെന്നു നാം കണ്ടു കഴിഞ്ഞു. അപ്പോൾ ഞാനെന്നു പൊതുവെ വിവക്ഷിക്കപ്പെടുന്ന ആത്മാവിനെപ്പറ്റിയറിയാൻ വേദത്തെയാണ് സമീപിക്കേണ്ടത്.

നാം ഇപ്പോൾ നിരൂപിക്കാനെടുത്ത 'ദൃഗ് ദൃശ്യ വിവേക ത്തിലെ ശ്ലോകം , വേദത്തിന്റെ ഭാഗമായ സരസ്വതീരഹസ്യോപനിഷത്തിലെ 58 ാ മത്തെ ശ്ലോകമാണ്.

വ്യവഹാരസീമയിൽ നാം അഭിമുഖീകരിക്കുന്ന ഏതൊരു സത്തയിലും 'ഉണ്ട്, പ്രകാശിക്കുന്നു, പ്രിയങ്കരം' 'എന്നിങ്ങനെ മൂന്നു ബ്രഹ്മലക്ഷണങ്ങളും, 'നാമം,
രൂപം' എന്നിങ്ങനെ രണ്ട് ജഗത് ലക്ഷണങ്ങളും ഉണ്ടെന്നാണ് ഈ ശ്ലോകത്തിൽ പറയുന്നത്. എല്ലാ വസ്തുവിലും ഇങ്ങനെ രണ്ടു ഘടകങ്ങളുണ്ടെന്നു തിരിച്ചറിയാൻ വലിയ സൂക്ഷ്മബുദ്ധിയൊന്നും ആവശ്യമില്ല. ഉദാഹരണത്തിന് , വൃക്ഷം എന്ന ഒരു വസ്തു വിനെയെടുക്കുക. അതിൽ 'ഉണ്ട്' എന്ന സ്ഥിരമായ ഒരു സത്തയും 'വൃക്ഷരൂപം 'എന്ന അസ്ഥിരമായൊരു സത്തയും ഉണ്ടെന്നു സ്പഷ്ടമല്ലേ?
വൃക്ഷമെന്ന ഘടകം അസ്ഥിരമെന്നു പറയാൻ കാരണം , കുറച്ചു കാലം മുൻപ് അതൊരു വിത്തായിരുന്നു . ഇപ്പോൾ വൃക്ഷമാണ് . ഇനി കുറച്ചു കാലം കഴിഞ്ഞാൽ ചിലപ്പോ ളത് മേശയോ കട്ടിലോ ആവാം. അഥവാ, വനത്തിലാണെങ്കിൽ അതിന്റെ ആയസ്സു തീർന്ന് മണ്ണിനോടു ചേരും. അതേ സമയം, ഉണ്ട് എന്ന സ്ഥിരമായ ഘടകം , ഒരു വ്യതിയാനവും കൂടാതെ നിലനിൽക്കുന്നു. വൃക്ഷം ഉണ്ട് , വിത്ത് ഉണ്ട് , മേശയുണ്ട് എന്നിങ്ങനെയുള്ള അറിവുകളി ൽ ,'ഉണ്ട്' എന്നത് സ്ഥിരമാണല്ലോ. ആ ഉണ്ട് എന്ന അംശമാണ് യഥാർത്ഥത്തിൽ അറിയപ്പെടുന്ന ഘടക വും. എന്നാൽ ആ 'ഉണ്ട്' എന്നതിനെ വിശേഷിപ്പിക്കുന്ന അംശം മാറിക്കൊണ്ടേയിരിക്കും.

ഈ തത്ത്വത്തെ ആസ്പദമാക്കി, എന്നിലുള്ള ബ്രഹ്മാംശത്തെ നമുക്കൊന്നന്വേഷിച്ചു നോക്കാം. ബ്രഹ്മം അല്ലെങ്കിൽ ആത്മാവ് നിർവികാരവും ബോധസ്വരൂപമാണന്ന് പ്രസിദ്ധമാണ്. ഞാനെന്നു പറഞ്ഞ് ആരും സ്വയം പരിചയപ്പെടുത്തിക്കൊടുക്കുന്നത് ശരീരത്തെയാണല്ലോ. പക്ഷേ, അവികാരി അല്ലെങ്കിൽ മാറ്റമില്ലാത്തത് എന്ന ലക്ഷണം യോജിക്കാത്തതു കൊണ്ട് , ശരീരം ആത്മാവാകാൻ വഴിയില്ല. മാത്രമല്ല, ശരീരം എനിക്കു വിഷയമാകുന്നുണ്ടെന്നതിനാലും, അത് അല്ലെ ആത്മാവായ ഞാനല്ല എന്നു സിദ്ധമാകുന്നു. ഇങ്ങനെ, ആത്മാവിനെ അന്വേഷിച്ച് ഉള്ളിലേക്കു കടക്കുമ്പോൾ, പ്രാണന്മാർ , മനസ്സ്, ബുദ്ധി എന്നിവയെല്ലാം, മാറ്റങ്ങൾക്ക് വിധേയമാകുന്നതു കൊണ്ടും, വിഷയീകരിക്കപ്പെടാവുന്നതു കൊണ്ടും ആത്മാവാകാൻ സാദ്ധ്യമല്ലെന്ന നിലയിൽ തള്ളപ്പെടുന്നു. പിന്നെയും ഉള്ളിലിരിക്കുന്ന ആനന്ദമയകോശവും , വരികയും പോകയും ചെയ്യുന്നതിനാൽ ആത്മാവല്ല.

ഇവിടെ ഒരു ചോദ്യമുദിക്കാം. അതെന്തെന്നാൽ , അറിയപ്പെടുന്നതിൽ ഏറ്റവും സ്ഥൂലമായ ശരീരം മുതൽ ഏറ്റവും സൂക്ഷ്മങ്ങളായ ബുദ്ധിയോ, കാരണശരീരമോ പോലും ആത്മാവല്ലെങ്കിൽ, ആത്മാവെന്ന ഒന്നില്ലെന്നല്ലേ കരുതേണ്ടത്? ഈ ചോദ്യത്തിനു വിദ്യാരണ്യമുനിയുടെ ഉത്തരങ്ങൾ താഴെ പറയുന്ന പോലെയാണ്.

സ്ഥൂലശരീരം മുതൽ സൂക്ഷ്മ ശരീരം വരെ ഒന്നും ആത്മാവായി അറിയപ്പെടാത്തതിനാൽ ആത്മാവില്ല എന്നല്ലേ സംശയം? എന്നാൽ, അന്നമയം മുതൽ ആനന്ദമയം വരെ എല്ലാത്തിനേയും ആരറിയുന്നുവോ, അതാണ് ആത്മാവ് എന്നതാണ് സത്യം. ആ ആത്മാവിനെ ആരും അറിയാത്തത്, ആത്മാവില്ലാത്തതു കൊണ്ടല്ല , ആത്മാവിനെ അറിയാൻ, അന്യമായ ഒരറിവില്ലാത്തതുകൊണ്ടാണ്.

ചായയും മറ്റും മധുരമുള്ളതാക്കുവാൻ നാം പഞ്ചസാര ചേർക്കാറുണ്ട്. എന്നാൽ പഞ്ചസാരയെ മധുരമുള്ളതാക്കാൻ പുറമേ നിന്ന് യാതൊന്നും ചേർക്കാറില്ല. കാരണം പഞ്ചസാര സ്വയം മധുരമാണ്. അതു പോലെ ആത്മാവിനോടുള്ള സംബന്ധം കൊണ്ടാണ് , പഞ്ചകോശങ്ങൾക്ക് 'ഉണ്ട്' എന്നും 'പ്രകാശിക്കുന്നു' എന്നുമുള്ള അവസ്ഥ ലഭിക്കുന്നത്.

'യേനേദം സർവ്വം വിജാനാതി തം കേന വിജാനീയാത് ?

(യാതൊന്നിനാൽ സർവ്വം അറിയപ്പെടുന്നുവോ അതിനെയറിയാൻ മറ്റൊന്നിന്റെ ആവശ്യമെന്ത് ? )

ഉള്ളതിനെയാണ് ആത്മാവെന്നു പറയുന്നത്. ആത്മാവില്ലെന്നു പറയുന്നത് , നാക്കു കൊണ്ട് നാക്കില്ലെന്നു പറയുന്നതു പോലെ വിരോധാഭാസമാണ്

ഇങ്ങനെ ആത്മാവ് ഉണ്ടെന്നും, ആ ഉണ്മ അറിവാണെന്നും യുക്തികൊണ്ടും സിദ്ധമായി. ഉപനിഷത്തിൽ പറയുന്ന, ആത്മാവിന്റെ അസ്തി ഭാതി എന്നീ ലക്ഷണങ്ങൾ യുക്തിക്ക് വിരുദ്ധമല്ല എന്നാണ് നാം കണ്ടത്. സനാതനധർമ്മം വേദത്തെ പ്രമാണമായിയെടുക്കുന്നുണ്ടെങ്കിലും അതിൽ പറയുന്നത് യുക്തിക്കു വിരുദ്ധമല്ല എന്നുറപ്പു വരുത്താറുണ്ട്.

ഇനി മൂന്നാമത്തെ ലക്ഷണമായ പ്രിയം എന്നതു ലോകത്തിലെ വസ്തുക്കൾക്കുമുണ്ടോ എന്നും സംശയം തോന്നാം. ഒരു പുഷ്പം പ്രീതിജനകമാണ് , എന്നാൽ ഒരു തേള് പ്രീതിക്കു പകരം ജുഗുപ്സയാണ് മനസ്സിൽ ജനിപ്പിക്കുക. മനസ്സിൽ പ്രീതി ജനിക്കുന്നതിന്റെ പ്രവർത്തനരീതി (മെക്കാനിസം) അറിയാത്തതു കൊണ്ടാണാ സംശയം. മനസ്സെന്നാൽ വൃത്തികളുടെ സംഘാതമാണ്. എല്ലാ വസ്തുക്കളിലും ബ്രഹ്മത്തിന്റെ സത് (ഉണ്ട്) എന്ന അംശം പ്രതിഫലിക്കുമ്പോൾ , മനസ്സിൽ ബ്രഹ്മത്തിന്റെ സത് അംശത്തിനു പുറമേ ചിത് (അറിവ്) അംശവും പ്രതിഫലിക്കും. എന്നാൽ ബ്രഹ്മത്തിന്റെ ആനന്ദം എന്ന അംശം , മനസ്സിന്റെ സാത്വികവൃത്തികളിൽ മാത്രം പ്രതിഫലിക്കുന്നു. ഇക്കാര്യമൊന്നു വിശദീകരിക്കാം. ആത്മപ്രതിബിംബം , മനസ്സിലെ വൃത്തികളുമായി യോജിക്കുമ്പോളാണ് നാം വൃത്തികളിലെ ഉള്ളടക്കത്തെ അറിയുന്നത്. പുറത്തു നിന്നുള്ള ശബ്ദം , രൂപം , ഗന്ധം മുതലായവ മനസ്സിൽ വൃത്തിരൂപമെടുക്കുന്നു , മനസ്സിൽ പ്രതിബിംബിക്കുന്ന ആത്മചൈതന്യം വൃത്തികളിലെ ശബ്ദരൂപാദികളുടെ അറിവു ജനിപ്പിക്കുന്നു. ബ്രഹ്മജ്ഞാനമുൾപ്പെടെ , എല്ലാ അറിവുകളും വൃത്തികളുടെ രൂപത്തിലാണ് അറിയപ്പെടുന്നത്. ഈ വൃത്തികൾ സത്വം രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളനുസരിച്ച് ശാന്തം , ഘോരം , മൂഢം എന്നിങ്ങനെ മൂന്നു തരത്തിലുണ്ട്. അവയിൽ ഘോര വൃത്തികൾ കോപം , ഉദ്വേഗം എന്നിവയും, മൂഢവൃത്തികൾ ദുഃഖം, ആലസ്യം എന്നിവയും ജനിപ്പിക്കുന്നു. സാത്വികമായ ശാന്തവൃത്തികളിൽ മാത്രം ആത്മാവിന്റെ ആനന്ദാംശം പ്രതിഫലിക്കുന്നുള്ളൂ. പ്രിയം, മോദം പ്രമോദം എന്നിവയാണ് ആ വൃത്തികൾ.

അഗ്നിയുടെ ചൂട്, പ്രകാശം എന്നീ രണ്ടു ധർമ്മങ്ങളിൽ ചൂടു മാത്രം വെള്ളത്തിൽ പ്രവേശിക്കുമ്പോൾ, ഉണങ്ങിയ ഒരു വിറകു കൊള്ളിയിൽ, അഗ്നിയുടെ ചൂടും പ്രകാശവും വ്യാപിക്കുമല്ലോ. വെള്ളം നിറച്ച പാ ത്രത്തിന്റെയടിയിൽ അഗ്നി കത്തുമ്പോൾ

വെള്ളത്തിൽ ചൂടു മാത്രം പ്രവേശിക്കുന്നത് അഗ്നിയിൽ പ്രകാശമില്ലാത്തതു കൊണ്ടല്ല അത് വ്യാപിപ്പിക്കാൻ വെള്ളത്തിനു സാമർത്ഥ്യമില്ലാത്തതിനാലാണ്. അതു പോലെ മനസ്സിലെ ശാന്തവൃത്തികളിൽ മാത്രം ആത്മാവിന്റെ ചിത്തും ആനന്ദവും വ്യാപിക്കുന്നു.

മാത്രമല്ല, വൃത്തികളേയില്ലാത്ത സുഷുപ്തിയിൽ ആനന്ദം അനുഭവമാകുന്നത്, ആത്മാവിന്റേതാവാനേ വഴിയുള്ളൂ എന്നത് വെറും സാമാന്യബുദ്ധിയാണ്.

ഒരു പുഷ്പത്തേയോ, സ്വന്തം പുത്രനേയോ കാണുമ്പോൾ പ്രീതിയുണ്ടാവുന്നത്, അനുകൂല പരിസ്ഥിതിയിൽ, ആത്മാവിന്റെ ആനന്ദാംശം മനോവൃത്തികളിൽ പ്രതിഫലിക്കുന്നതാണ്.

സരസ്വതീരഹസ്യോപനിഷത്തിൽ ഇങ്ങനെ പറയപ്പെട്ട അസ്തി, ഭാതി, പ്രിയം എന്നി ബ്രഹ്മലക്ഷണങ്ങൾ തന്നെയാണ് അമൃതബിന്ദുപനിഷത്തിൽ സത്, ചിത് , ആനന്ദമെന്നു പറയപ്പെട്ടിട്ടുള്ളത്. തൈത്തരിയത്തിലെ സത്യം, ജ്ഞാനം അനന്തവും ഇതു തന്നെ.

'ദൃഗ് ദൃശ്യവിവേകം' എന്ന ഈ ഗ്രന്ഥം എന്തു സിദ്ധാന്തമാണോ നമ്മെ പഠിപ്പിക്കാനുദ്ദേശിക്കുന്നത് അതിന്റെ സംഗ്രഹമാണ് 20, 21 എന്നീ ശ്ലോകങ്ങളിൽ പറയപ്പെടുന്നത്. 5-ാമത്തെ ശ്ലോകമൊഴിച്ചാൽ, 19 വരെയുള്ള ശ്ലോകങ്ങളിൽ ദൃശ്യങ്ങൾ എന്താണെന്നാണ് വിവരിച്ചത്. 20-ാമത്തെ ശ്ലോകത്തിൽ ദൃഗിന്റെ യാഥാർത്ഥ്യം ബ്രഹ്മമെന്നു പറഞ്ഞ്, അതിന്റെ ലക്ഷണങ്ങൾ അസ്തി, ഭാതി, പ്രിയം എന്നാണെന്നും, ദൃശ്യത്തിന്റെ മറ്റൊരു പേരായ ജഗത്തിന്റെ സത്ത നാമരൂപങ്ങളുമാണെന്നു പറഞ്ഞു. ശ്രദ്ധാലുവല്ലാത്ത ഒരു ജിജ്ഞാസുവിന് ഒറ്റ നോട്ടത്തിൽ ബ്രഹ്മമെന്നും ജഗത്തെന്നും പേരുകളുള്ള രണ്ടു സ്വതന്ത്ര സത്തകളുണ്ടെന്നു തോന്നാം. അങ്ങനെ, പുരുഷൻ, പ്രകൃതി എന്ന രണ്ടുണ്ടെന്നാണ് സാംഖ്യമതത്തിന്റെ അഭിപ്രായവും. പക്ഷേ അതു ശരിയല്ലെന്നു അദ്വൈതസിദ്ധാന്തം സ്ഥാപിക്കുന്നു. കാരണം, ശ്രുതിപ്രകാരം, അസ്തി (ഉണ്ട്) എന്ന ലക്ഷണം ബ്രഹ്മത്തിലേ ഉള്ളൂ. ഈ ശ്ലോകത്തിൽ , ജഗത്തിനു നാമരൂപമുണ്ട് എന്നു പറയുന്നതിനോടൊപ്പം, അസ്തിയും ഉണ്ടെന്നു പറഞ്ഞിട്ടില്ല. അതായത്, രൂപമെന്നാൽ ഒരു പരമാർത്ഥസത്തയല്ല. സമുദ്രത്തിൽ ആയിരമായിരം തിരകളുണ്ട്. പക്ഷേ അവയെല്ലാം വെള്ളത്തിന്റെ രൂപങ്ങൾ മാത്രമാണ്. വെള്ളമില്ലാതെ തിര എന്ന ഒരു വസ്തുവിനെ ഭാവന ചെയ്യുക പോലും അസാദ്ധ്യമാണ്.

അനുഭവങ്ങൾ രണ്ടു തരത്തിലുണ്ട്, യഥാർത്ഥ അനുഭവങ്ങളും അയാഥാർത്ഥ അനുഭവങ്ങളും. സ്വപ്നം അയാഥാർത്ഥ അനുഭവമാണെന്നു നമുക്കെല്ലാവർക്കുമറിയാം. കാരണം, ഉണരുമ്പോൾ അതില്ലാതാവുന്നു. ഈ ഇല്ലാതാവൽ, ജാഗ്രത്തിലെ അനുഭവങ്ങൾക്കും തുല്യമാണ്. ജാഗ്രത്തിലെ ഏതൊരനുഭവവും സ്വപ്നത്തിലും സുഷുപ്തിയിലുംഇല്ലാതാകുന്നില്ലേ ?

ജഗത്തിന് അസ്തി എന്ന ലക്ഷണമില്ലാത്തതിനാൽ ജഗത്തിന്റെ അനുഭവങ്ങൾക്ക് യാഥാർത്ഥ്യമില്ലെന്നാണ് ഈ ശ്ലോകത്തിൽ നിന്നു മനസ്സിലാക്കേണ്ടത്. ജഗത്തിന്റെഅനുഭവങ്ങളില്ലെന്നു പറയുന്നില്ല. അവ യഥാർത്ഥങ്ങളല്ല എന്നേ പറയുന്നുള്ളൂ. യഥാർത്ഥങ്ങളല്ല, എന്നുറപ്പു വന്നാൽ ഏതനുഭവവും അത്ര വേദനപ്പിക്കില്ലെന്നാണ് വസ്തുത. നമ്മുടെ ദുഃഖത്തിന്റെ വലിയ ഭാഗം എപ്പോളും മനസ്സിന്റെ ഭാവനയാണ്. ബ്രഹ്മത്തെക്കുറിച്ചു കൂടുതൽ അറിയും തോറും, ആനന്ദം തന്നെ സ്വരൂപമായ ബ്രഹ്മത്തിന്റെ അനുഭവവും കുറേശ്ശ കിട്ടിത്തുടങ്ങും. ആ പൂർണ്ണാനന്ദാനു ഭവത്തിന്റെ നിഴലിൽ, ജഗത്തിലെ ദുഃഖാനുഭവങ്ങൾ നിസ്സാരമായി തോന്നും. ഒരു യുവാവ് , മാസങ്ങളോളം സ്നേഹവതിയായ ഭാര്യയെ പിരിഞ്ഞിരുന്നതിനു ശേഷം അവളുമായി സമ്മേളിക്കുമ്പോൾ , ഇരിപ്പിടത്തിന്റെ

മാർദ്ദവക്കുറവും മറ്റും അയാളുടെ ശ്രദ്ധയിൽ പെടുമോ ?ശ്രീരാമകൃഷ്ണദേവൻ അർബുദത്തിന്റെ തീവ്ര വേദന പോലും ബ്രഹ്മാനന്ദത്തിൽ പുഞ്ചിരിയോടെ മുക്കി.

ഇങ്ങനെയുള്ള തത്ത്വങ്ങൾ കേൾക്കാൻ സുഖമുണ്ട് , പക്ഷേ പ്രായോഗികമല്ല എന്നാണ് പലരുടേയും അഭിപ്രായം. അതേ സമയം, അവർ സമത്വസുന്ദരമായ ഒരു സാമൂഹ്യവ്യവസ്ഥ പ്രായോഗികമാണെന്നു വിശ്വസിക്കയും ചെയ്യുന്നു. ശാസ്ത്രം ലോകത്തിലെ പ്രയാസങ്ങൾക്കും പ്രതിവിധി കണ്ടെത്തി ജീവിതം സുഖകരമാക്കും ഏന്നും അവർ വിശ്വസിക്കുന്നു. ശ്രീരാമകൃഷ്ണനെപ്പോലെ എത്രയൊ പേർ ജീവിച്ചു കാണിച്ചു തന്ന ഉപനിഷദ് ചിന്തകൾസത്യമോ , അതോ , പുസ്തകങ്ങളിലും സിനിമകളിലും മാത്രം കാണപ്പെടുന്ന ന്യായനിഷ്ഠമായ സമ്പത് വ്യവസ്ഥയും, യന്ത്രങ്ങൾ നമ്മുടെ എല്ലാ പോരായ്മയും തീർക്കുമെന്ന അവകാശ വാദവും സത്യമോ ഏതാണ് കൂടുതൽ വിശ്വസനീയം

ഖവായ്വാഗ്നിജലോർവീഷു
ദേവതിര്യക്നരാദിഷു
അഭിന്നാ സച്ചിദാനന്ദാ
ഭിദ്യേതേ രൂപനാമിനി ( 21 )

ഖവായ്വാഗ്നിജലോർവീഷു =
ആകാശം , വായു , അഗ്നി , ജലം , ഭൂമി എന്നിവയിലും
ദേവതിര്യങ്ങ്നരാദിഷു =
ദേവന്മാർ , മൃഗങ്ങൾ , മനുഷ്യർ മുതലായവയിലും സച്ചിദാനന്ദാ =സത് , ചിത് , ആനന്ദം എന്നിവ
അഭിന്നാ = യോജിച്ചുകൊണ്ടിരിക്കുന്നു
രൂപ നാമനി = നാമരൂപങ്ങൾ
ഭിദ്യേതേ= = വേറിട്ടുമിരിക്കുന്നു

(സത് , ചിദ് , ആനന്ദം എന്നീ അംശങ്ങൾ ആകാശം , വായു , അഗ്നി , ജലം , ഭൂമി , എന്നിവയിലും ദേവതിര്യഗ്മനുഷ്യാദികളിലും തുല്യമായി സ്ഥിതി ചെയ്യുന്നു. നാമരൂപങ്ങളിൽ മാത്രമേ അവ തമ്മിൽ വ്യത്യാസമുള്ളൂ)

കഴിഞ്ഞ ശ്ലോകം ഉപനിഷത്തിലേതായിരുന്നു. ഇത് ആ മന്ത്രത്തിനു ആചാര്യർ നൽകുന്ന വ്യാഖ്യാനമാണെന്നു പറയാം. സർവ്വാത്മഭാവം എന്ന അതിമംഗളമായ ആശയമാണ് അദ്ദേഹം പങ്കു വെക്കുന്നത്. അദ്വൈതസിദ്ധാന്തം പ്രതിപാദിക്കുന്ന ഏതൊരു ഗ്രന്ഥവും പോലെ, ഈ ഗ്രന്ഥത്തിലും മൂന്നു ഘട്ടങ്ങളായാണ് അദ്വൈതം വെളിവാക്കുന്നത്. ആദ്യത്തെ പടിയായി ആത്മാവി (ബോധം) നേയും അനാത്മാവി (ജഡമായ ദ്രവ്യം ) വിനേയും വേർ തിരിച്ചു കാണിക്കുന്നു. അത് അദ്വൈതമല്ല , സാംഖ്യമതമാണ്. രണ്ടാമത്തെ ഘട്ടത്തിൽ ആത്മാവു മാത്രമാണ് സത്യം, അനാത്മാവ് മിത്ഥ്യയാണെന്നു തെളിയിക്കുന്നു. സാംഖ്യമതപ്രകാരം രണ്ടും സമാന്തരസത്യങ്ങളാണ്. അതു പ്രകാരം , രണ്ടിനും തുല്യമായ സത്യത്വമുണ്ട്. മൂന്നാമത്തെ ഘട്ടത്തിൽ ആത്മാവു തന്നെയാണ് ബ്രഹ്മമെന്നും, ലോകത്തിലെ സർവ്വവും ആ അദ്വയസത്യത്തിലുള്ള പ്രതീതി മാത്രമാണെന്നും പ്രതിപാദിക്കുന്നു.

ഇവിടെ 20-ാമത്തെ ശ്ലോകത്തിൽ ആദ്യത്തെ ഘട്ടമായ ആത്മാനാത്മ വിവേചനമാണ് നടത്തിയതെന്നു പറയാം. അതായത് എല്ലാത്തിലേയും ബ്രഹ്മലക്ഷണങ്ങളും, അനാത്മലക്ഷണങ്ങളും വേർ തിരിച്ചു കാണിച്ചു. പക്ഷേ ആ ലക്ഷണങ്ങളിൽത്തന്നെ ആദ്യത്തേതിന്റെ സത്യത്വവും രണ്ടാമത്തേതിന്റെ മിത്ഥ്യാത്വവും സ്പഷ്ടമാണ്.

21-ാമത്തെ ഈ ശ്ലോകത്തിൽ , അസ്തിത്വവും ബോധവുമായ ബ്രഹ്മമെന്ന ഒരേയൊരു തത്ത്വം തന്നെയാണ് ലോകത്തിലെ ചേതനവും അചേതനവുമായ സർവ്വത്തായും കാണപ്പെടുന്നത് എന്നു പറയുന്നു. ആകാശം, വായു , അഗ്നി , ജലം , ഭൂമി എന്നീ പഞ്ചഭൂതങ്ങളെയാണ് ആദ്യം പ്രസ്താവിക്കുന്നത്. തമിഴ് നാട്ടിലെ, ചിദംബരത്തിൽ ആകാശമായും, കാളഹസ്തിയിൽ വായുവായും,

തിരുവണ്ണാമലയിൽ അഗ്നിയായും, തിരുവ ണൈകാവിൽ ജലമായും , കാഞ്ചീപുരത്തിൽ ഭൂമിയുമായായാണല്ലോ പരമശിവനെ പൂജിക്കുന്നത്. പഞ്ചഭൂതങ്ങളെ ശിവനെന്നു വിളി ക്കയല്ല അവിടെ ചെയ്യുന്നത് . അത് പാൻതീയിസമാണ്. പാൻതീയിസം, യാഥാർത്ഥ്യങ്ങളായ വസ്തുക്കളിൽ ഈശ്വരനെ കാണലാണ്. അദ്വൈതം പറയുന്നത് , ഈശ്വരനല്ലാതെ മറ്റൊരു യാഥാർത്ഥ്യമില്ലെന്നാണ്. സമുദ്രത്തിൽ ജലമല്ലാതെ മറ്റൊരു യാഥാർത്ഥ്യമില്ല എന്നു പറയുന്നതു പോലെയാണത്. ഉണ്ടെന്നു തോന്നപ്പെടുന്ന ആയിരമായിരം തിരകളും നുരകളും കുമിളകളുമെല്ലാം ജലം തന്നെ. സ്വപനത്തെ വിശകലനം ചെയ്താലത് എളുപ്പം മനസ്സിലാവും. സ്വപ്നത്തിൽ മനു ഷ്യരും, മൃഗങ്ങളും, ആകാശവും, കാലവും എല്ലാമുണ്ട്. പക്ഷേ, യഥാർത്ഥത്തിൽ മനസ്സു മാത്രമേയുള്ളൂ. എന്റെ മനസ്സാണ് സ്വപ്നത്തിൽ എന്റെ ഞാനും, ശരിരവും, വസ്തുക്കളുമായത്. തികച്ചും അതു പോലെ ബോധമാണ് ജാഗ്രത്തിൽ ഇന്ദ്രിയഗ്രാഹ്യമായ ജഗത്താവുന്നത് (പക്ഷേ, ജാഗ്രത്തിലും മനസ്സു തന്നെയാണ് വിഷയങ്ങളായി കാണപ്പെടുന്നതെന്ന ബുദ്ധമതക്കാരുടെ സിദ്ധാന്തത്തോട് അദ്വൈതം യോജിക്കുന്നില്ല.) അദ്വൈത സിദ്ധാന്തപ്രകാരം, ബോധം , ചിത് , ചൈതന്യം എന്നെല്ലാം വിളിക്കപ്പെടുന്ന ബ്രഹ്മമാണ് എല്ലാമായി അനുഭവപ്പെടുന്നത്.

ദക്ഷീണാമൂർത്തിസ്തോത്രത്തിലെ 'ഭൂരംഭാനലോ' എന്നു തുടങ്ങുന്ന ശ്ലോകം ഇവിടെ ഓർമ്മിക്കാം.

പഞ്ചഭൂതങ്ങൾ മാത്രമല്ല , ഉത്കൃഷ്ടമായതും അല്ലാത്തതുമായ എല്ലാമായും കാണപ്പെടുന്നത്, ശിവവും ശാന്തവുമായ ബ്രഹ്മം തന്നെ. അങ്ങനെ ഒന്നല്ലാതെ മറ്റൊന്നില്ലെന്നു വരുമ്പോൾ നമ്മുടെ ദയ, അഹിംസ, ദാനം എന്നീ സദാചാരനിയമങ്ങളൊക്കെ അർത്ഥവത്തായിത്തീരുന്നു യുക്തികൊണ്ട് നോക്കിയാലും ഇവിടെ അസ്തി എന്ന ധർമ്മമുള്ള ബ്രഹ്മം മാത്രമേയുള്ളൂ എന്നു ബോധ്യമാവും 'ഉണ്ട്' എന്ന നിലയിലാണല്ലോ നമുക്കെല്ലാം വേദ്യമാകുന്നത്. ആ 'ഉണ്ട്' എന്നതിനെ ഉണ്മ എന്നു വിളിക്കയാണെങ്കിൽ, ഉണ്മ ഒന്നിന്റേയും അഭിവാജ്യഘടകമായിത്തീരുന്നില്ലെന്നു കാണാം. പേന എന്ന ഒരു വസ്തു എനിക്ക് വേദ്യമാകുന്നുണ്ട്. ആ പേനയും ഉണ്മയും തമ്മിലുള്ള ബന്ധമെന്താണ്? ഉണ്മ പേനയുമായി വിളക്കി ചേർക്കപ്പെട്ടിട്ടൊന്നുമില്ല.

ഉണ്മയും പേനയും കൂടി പരസ്പരം വേർതിരിക്കാനാവാത്ത വിധം ഘടിച്ചിട്ടാണിരിക്കുന്നതെന്നു സങ്കല്പിക്കുക. അപ്പോൾ, ഉണ്മ അനാദിയാണെന്നിരിക്കേ, പേനയും അനാദിയാവണം. ഉണ്മ നശിക്കുന്ന ഒന്നല്ല , അപ്പോൾ പേനയ്ക്കും നാശം സംഭവിക്കാൻ പാടില്ല. അതിനും പുറമേ , പേന, ഉണ്മയുടെ ഭാഗമായിത്തീരുന്നുണ്ടെങ്കിൽ, എവിടെയൊക്കെ' 'ഉണ്ട്' എന്ന ബോധമുണ്ടോ, അവിടെയെല്ലാം പേന എന്ന ബോധവും ഉണ്ടായിരിക്കണം. അങ്ങനെ കാണപ്പെടുന്നില്ലല്ലോ. സംഭവിക്കുന്നതെന്തെന്നാൽ, ഉണ്ട് എന്നതു ബോധമായിരിക്കേ, ബോധത്തിൽ, ഉണ്മയല്ലാത്ത ഒരു ഭ്രാന്തി അധ്യസിക്കപ്പെടാം. അങ്ങനെയുള്ള അധ്യാസങ്ങളാണ് ലോകത്തിലെ വസ്തുക്കൊളൊക്കെയും. ഉണ്മയും നാമരൂപങ്ങളെന്ന ഭാവനയും ചേർന്നതാണ് ജഗത്തെന്നാണ് വേദാന്തമതം. ജഗത്ത് അനുഭവപ്പെടുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അത്, ബ്രഹ്മം എന്ന അനുഭവത്തിന്റെ ആഭാസമാണ്. അങ്ങനെ വരുമ്പോൾ ബ്രഹ്മം എന്ന ഒരേയൊരു ഉണ്മയാണ്, എണ്ണമില്ലാത്ത നാമരൂപങ്ങളായി വേദ്യപ്പെടുന്നത്. ഉണ്മ സത്യം, നാമ രൂപങ്ങൾ മായ. ആചാര്യസ്വാമികളുടെ ഭാഷയിൽ , ബ്രഹ്മസത്യം ജഗത് മിത്ഥ്യ

*****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

### 2024 ആഗസ്റ്റ് 10 മുതൽ സെപ്റ്റംബർ 10 വരെ

| | | | | |
|---|---|---|---|---|
| 1. | 15-08-2024<br>22-08-2024<br>29-08-2024<br>05-09-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 12-08-2024 | തിങ്കൾ | വുമൺസ് ഫോറം | 3.00 p.m. - 5.00 p.m. |
| 3. | 17-08-2024 | ശനി | ഹെറിറേജ് – 'കൊച്ചി വിശ്വപൈതൃകം' എന്ന വിഷയത്തെ കുറിച്ച് ശില്പശാല | 2.00 p.m - 6.00 p.m. |
| 5. | 27-08-2024 | ചൊവ്വ | ബീം – മഹാകവി കുമാരനാശാന്റെ ദുരവസ്ഥ, ലീല, നളിനി എന്നീ കൃതി കളുടെ നൃത്താവിഷ്ക്കാരം | 6.30 p.m. |
| 7. | 14-08-2024<br>21-08-2024<br>28-08-2024<br>04-09-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 8. | 30-08-2024 | വെള്ളി | ഓണം വിപണന മേള ആരംഭം | 10.30 a.m. |

മിനിക്കഥ

# ' ഉപകാരപ്രദം'

ഉണ്ണി വാരിയത്ത് – 9867179480

'എനിക്ക് ഒരു ലക്ഷ്യമുണ്ട്. എങ്ങനെയും അത് ഞാൻ പൂർത്തീകരിക്കും' അവൻ പറഞ്ഞു.

' അത് നല്ലതുതന്നെ. പക്ഷേ, അത് മറ്റുള്ളവർക്കുകൂടി ഉപകാരപ്രദമായാലേ അർത്ഥമുള്ളു' അയാൾ ഉപദേശിച്ചു.

'അത് ഞാൻ തീരുമാനിച്ചുകൊള്ളാം. ആട്ടെ, നിങ്ങൾക്ക് വല്ല ലക്ഷ്യവുമുണ്ടോ?' അവൻ പുച്ഛസ്വരത്തിൽ ചോദിച്ചു.

ലക്ഷ്യത്തിലെത്തിയവർ മറ്റുള്ളവരെ അലക്ഷ്യപ്പെടുത്താതി രിക്കാൻ ഓർമ്മപ്പെടുത്തുക എന്നതാണ് തന്റെ ലക്ഷ്യമെന്ന് അയാൾ ഒരു പുഞ്ചിരിയിലൂടെ പറയാതെ പറഞ്ഞു.

# ടെൻഷൻ

യു.എസ്. രവീന്ദ്രൻ – 9496120978

**ജീ**വിതത്തിൽ പല പ്രശ്നങ്ങളും നേരിടേണ്ടിവന്നേക്കാം. അപ്പോഴെല്ലാം മാനസിക പിരിമുറുക്കങ്ങൾ അനുഭവപ്പെട്ടേക്കാം. സമ്മർദ്ദത്തിനടിമയായി ജീവിക്കാതെ മനസ്സിന്റെ നിയന്ത്രണം സ്വന്തം ബോധത്തിന്റെ നിയന്ത്രണത്തിൽ എങ്ങിനെ കൊണ്ടുവരാം.?

**I) മാനസിക പിരിമുറുക്കങ്ങൾ ഉണ്ടാകുമ്പോൾ എന്തെല്ലാം സംഭവിക്കുന്നു?**

പിരിമുറുക്കങ്ങൾ ഉണ്ടാകുമ്പോൾ ശരീരത്തിൽ പ്രശ്നത്തെ നേരിടാനോ അതിൽ നിന്നും ഒളിച്ചോടാനോ ഉള്ള ഊർജ്ജം ശരീരത്തിൽ ഉണ്ടാകുന്നു. ആക്രമിക്കാൻ വരുന്ന പുലിയെ നേരിടാൻ ഇതു നല്ലതാണ്. എന്നാൽ സാധാരണ ജീവിതത്തിൽ പ്രത്യേകിച്ചും ഒരു അടിയന്തിരാവസ്ഥ അഭിമുഖീകരിക്കേണ്ടി വരുമ്പോഴോ, ജോലിക്കു വേണ്ടിയുള്ള ഒരിന്റർവ്യൂവിന് പോകുമ്പോഴോ ക്രിയാത്മകമായ ഒരു ഫലം മാനസിക പിരിമുറുക്കം കൊണ്ടുണ്ടാകുന്നില്ല.

1. ഇന്ദ്രിയങ്ങളാകുന്ന കണ്ണും ചെവിയും പിരിമുറുക്കം എന്ന അവസ്ഥയെ തലച്ചോറിലെ ജെല്ലി പോലുള്ള വലിയ പയറിന്റെ രൂപത്തിലുള്ള amygdala എന്ന സ്ഥലത്തേയ്ക്ക് എത്തിക്കുന്നു. ഈ പ്രദേശം വൈകാരിക പ്രതികരണങ്ങളേയും, തീരുമാനങ്ങൾ എടുക്കാനുള്ള കഴിവിനേയും നിയന്ത്രിക്കുന്ന ആസ്ഥാനമാണ്.
2. 'Amygdala' അപകടാവസ്ഥ മനസ്സിലാക്കി തലച്ചോറിന്റെ ഭാഗമായ ഹൈപ്പോതലാമസ്സിലേക്ക് സിഗ്നലുകൾ അയക്കുന്നു. ഹൈപ്പോതലാമസ്സിലെ സ്വതന്ത്രമായ നാഡീവ്യൂഹ വ്യവസ്ഥയ്ക്ക് – ശ്വാസോഛ്വാസം, ഹൃദയമിടിപ്പ്, രക്തസമ്മർദ്ദം എന്നിവയെ സംബന്ധിച്ച തീരുമാനമെടുക്കാനുള്ള സംവിധാനമുണ്ട്.
3. ഹൈപ്പോതലാമസ്സ്, അപ്പോഴത്തെ അടിയന്തിരാവസ്ഥക്കനുസരിച്ച് സ്വതന്ത്ര നാഡീ വ്യവസ്ഥയെ പ്രചോദിപ്പിച്ച് പ്രശ്നത്തിൽ നിന്നും ഒഴിഞ്ഞുപോകാനോ അല്ലെങ്കിൽ അതിനെ നേരിടാനോ മനസ്സിനെ ഒരുക്കുന്നു. അഡ്രിനാലിൻ ഗ്രന്ഥിയെ ഉണർത്തുന്നു. ഇതിനെ വേണമെങ്കിൽ കാറിന്റെ ആക്സിലറേറ്ററിനോട് താരതമ്യം ചെയ്യാം.
4. അഡ്രിനാലിൻ ഗ്രന്ഥി കൂടുതൽ പ്രവർത്തിച്ച് രക്തത്തിൽ അഡ്രിനാലിൻ എന്ന ഹോർമോൺ നിറയ്ക്കുന്നു. ഹൃദയം ഓവർസ്പീഡിൽ മിടിക്കുന്നു. പേശികളിലേയ്ക്കുള്ള രക്തപ്രവാഹം കൂടുന്നു. തന്മൂലം പഞ്ചസാരയും കൊഴുപ്പും രക്തത്തിൽ വർദ്ധിക്കുന്നു. ശരീരത്തിലെ ഊർജ്ജവും കൂടുന്നു. ശ്വാസകോശങ്ങൾ കൂടുതൽ പ്രവർത്തിച്ച് രക്തത്തിൽ കൂടുതൽ ഓക്സിജൻ ലയിപ്പിക്കുന്നു. ഇത് തലച്ചോറിന്റെ ബുദ്ധി കേന്ദ്രത്തെ ഉണർത്തി വ്യക്തിയെ അപകടാവസ്ഥയ്ക്കനുസരിച്ച് പ്രതികരിക്കാൻ പ്രാപ്തനാക്കുന്നു.
5. അപകടാവസ്ഥ തരണം ചെയ്തു കഴിഞ്ഞാൽ ഹൈപ്പൊതലാമസ്സിലെ parasympathetie nervous system പ്രവർത്തിക്കാൻ തുടങ്ങുന്നു. ഇത് കാറിന്റെ ബ്രേക്ക് പോലെയാണ്. ഇതിന്റെ സ്വഭാവത്തെ ഒരു വിശ്രമദഹനപ്രക്രിയയോട് ഉപമാനിക്കാം. സമ്മർദ്ദത്തെ കുറച്ചുകൊണ്ടുവന്നു ശരീരത്തിനേയും മനസ്സിനേയും സാധാരണ അവസ്ഥയിലേക്ക് തിരിച്ചെത്തിക്കുന്നു.

**II) നേരിടുക അല്ലെങ്കിൽ ഓടിപ്പോകുക എന്ന നയം എപ്പോഴെല്ലാം.?**

1. ഇതിന് മുൻപ് നേരിടേണ്ടവരാത്ത് ഒരു സംഭവം ആദ്യമായി സ്ക്കൂളിൽ പോകുന്ന ദിവസം. ആദ്യമായി ജോലിയിൽ പ്രവേശിക്കുന്ന ദിവസം.
2. അപ്രതീക്ഷിത സംഭവങ്ങൾ. ഒരു ദന്തഡോക്ടർ കസേരയിലിരുത്തി പരിശോധിയ്ക്കുമ്പോൾ
3. സ്വന്തം കഴിവിനെ മറ്റുള്ളവർ ഇകഴ്ത്തുമ്പോൾ ഉണ്ടാകുന്ന ദുരഭിമാനം. കൂട്ടുകാരുടെ മുൻപിൽ വച്ച് അപമാനിതനാകുമ്പോൾ ഉണ്ടാകുന്ന വിഷമം.

4. നിസ്സഹായമായ അവസ്ഥയിൽ സ്വയം ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയിൽ ഉദാഹരണത്തിന് ഒരു ട്രാഫിക്ക് ജാമിൽ മണിക്കൂറുകളോളം കുടുങ്ങിക്കിടക്കുമ്പോൾ എന്തുകൊണ്ടാണ് മാനസിക സമ്മർദ്ദം അനുഭവപ്പെടുന്നത്. സ്വസ്ഥതയില്ലാത്തത് എന്ന് സ്വയം പരിശോധിക്കുന്നത് നന്നായിരിക്കും. കാരണം കൃത്യമായി അറിഞ്ഞാൽ പരിഹാരം തന്നെയായി. പിരിമുറുക്കത്തിൻെറ വിപരീതം ശാന്തതയല്ല. പ്രതിരോധമാണ്. സ്വന്തം ബുദ്ധിയോടു പറയൂ. ഞാനിതിനെ കൈകാര്യം ചെയ്തോളാം. അപ്പോൾ ശരീരത്തിൽ സ്ട്രസ്സ് ഹോർമോണുകൾ ഉൽപ്പാദിക്കപ്പെടുന്നത് കുറയും. മനസ്സ് ശാന്തമാകും. താഴെപറയുന്ന വിധങ്ങളിലും മാനസികപിരിമുറുക്കങ്ങൾ കുറയ്ക്കാവുന്നതാണ്.

1. ദീർഘമായി ശ്വാസോച്ഛ്വാസം ചെയ്യുക. ശ്വാസകോശത്തിനു താഴെയുള്ള ഡയഫ്രം വലുതാകുമ്പോൾ അതിനോട് ബന്ധപ്പെട്ട പേശികളും പ്രവർത്തിക്കുന്നു. മാനസിക സമ്മർദ്ദം കുറയുന്നു.
2. പാട്ടുപാടുക. പാട്ടുപാടുമ്പോൾ നാം അറിയാതെ തന്നെ വയറും ഡയഫ്രവുമെല്ലാം ചലിയ്ക്കുന്നു. മനസികസമ്മർദ്ദം കുറയുന്നു.
3. വ്യായാമം ചെയ്യുക. വ്യാകുലപ്പെടാനുള്ള ഊർജ്ജം വ്യായാമത്തിലൂടെ കുറയുന്നതാണ്.
4. ചിരിക്കുക.- തലച്ചോറിൽ മാനസികസമ്മർദ്ദത്തിന് കാരണത്തിന് തുടക്കം കുറിക്കുന്ന ഹിപ്പോകാമ്പസ് തന്നെയാണ് ചിരിക്കാനും ഉത്തേജിപ്പിക്കുന്നത്. ചിരിക്കുമ്പോൾ പിരിമുറുക്കമുണ്ടാക്കുന്ന ഹോർമോണുകൾ ഉണ്ടാകുന്നില്ല.
5. വാഹനമോടിക്കുന്നവർ മദ്യപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ പോലീസുകാർ ബ്രീത്ത് അനലൈസർ ഉപയോഗിക്കാറുണ്ട്. അതുപോലെ മാനസിക പിരിമുറുക്കം പിരശോധിക്കാൻ അനുയോജ്യമായ ഒരു ബ്രീത്ത് അനലൈസർ കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണ് ഗവേഷകർ. കുറച്ചുപേർക്കു ഒരു കണക്കുപരീക്ഷ നടത്തി. പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ അവരുടെ ശ്വാസോഛ്വാസം പരിശോധിച്ചു. പരീക്ഷ എളുപ്പമെന്ന് തോന്നിയവരുടെ ശ്വാസോഛ്വാസം നോർമലായിരുന്നു. പരീക്ഷ വിഷമകരമെന്ന് തോന്നിയവരുടെ ശ്വാസോഛ്വാസം കൂടിയിരുന്നു. ഒരു പക്ഷേ ഇങ്ങനെയുള്ള Breath analyses test ഭാവിയിൽ സൈക്കോളജിസ്റ്റുകൾ ചികിത്സയുടെ ഭാഗമായി പിരിമുറുക്കം അളക്കാൻ ഉപയോഗിക്കുമായിരിക്കും. പി രിമുറുക്കങ്ങൾ ഹൃദ്രോഹത്തിനും ഹൃദയസ്തംഭത്തിനുമുള്ള സാദ്ധ്യത കൂട്ടുന്നു.
6. ശരീരം വ്യായാമം ചെയ്യുമ്പോൾ ശരീരത്തിനുണ്ടാകുന്ന ഗന്ധമല്ല മാനസ്സിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ ഉണ്ടാകുന്നത്. ആ വഴിയ്ക്ക് ഗവേഷണങ്ങൾ നടക്കുന്നുണ്ട്.
7. മാനസിക സമ്മർദ്ദം ഒരു പകർച്ച വ്യാധി പോലെയാണ്. മാനസികസമ്മർദ്ദം അനുഭവിക്കുന്ന ഒരാളുമായി ഇടപഴകുന്നവരിൽ 30 ശതമാനം പേർക്കും അസ്വസ്ഥകൾ അനുഭവപ്പെടാറുണ്ടെന്ന് ഒരു psyechoneuro endorminlogy ജേർണലിൽ വിവരിച്ചിട്ടുണ്ട്.
8. നമ്മൾ ഇഷ്ടപ്പെടുന്ന വ്യക്തികൾ മാനസികസമ്മർദ്ദങ്ങൾക്കോ ഉൽക്കണ്ഠയ്ക്കോ അടിമപ്പെട്ടവരാണെങ്കിൽ നമ്മളിൽ അതിന്റെ അസ്വസ്ഥതകൾ ഉണ്ടായേക്കാം.
9. സൈക്കിൾ ചവിട്ടൽ മാനസികസമ്മർദ്ദം കുറയ്ക്കാനുള്ള എളുപ്പവഴിയാണ്. ഇതു കുറച്ചു കാലത്തേയ്ക്കോ ദീർഘകാലാടിസ്ഥാനത്തിലോ ഒരു ചികിത്സാ വിധി കൂടിയാണ്. 2013ൽ ജപ്പാനിൽ നടത്തിയ ഒരു പഠനത്തിൽ ഒരാൾ 15 മിനിട്ട് സൈക്കിൾ ചവിട്ടിയശേഷം രക്തത്തിലെ കോർട്ടിസോൾ ലവൽ ഗണ്യമായി കുറഞ്ഞതായി കണ്ടു. റോഡിൽ സൈക്കിൾ ചവിട്ടാൻ പോയില്ലെങ്കിലും, stationary സൈക്കിൾ ചവിട്ടിയാലും ഫലം കിട്ടും.
10. വാഹനമോടിക്കുന്നവർ തിക്കിലും തിരക്കിലും Subwayകളിലും വാഹനം ഓടിക്കുമ്പോൾ അവരുടെ cortisol കോർട്ടിസോൾ ലവൽ ഉയരുന്നു. എന്നാൽ സൈക്കിൾ യാത്രക്കാർക്ക് ആ ബുദ്ധിമുട്ട് ഉണ്ടാവില്ല.

11. നടന്നു ശീലിച്ചവരും സൈക്കിൾ യാത്രക്കാരും വാഹനത്തിൽ സഞ്ചരിക്കുന്നവരേക്കാൾ ദീർഘകാലാടിസ്ഥാനത്തിൽ സന്തോഷവാന്മാരാണെന്ന് തെളിഞ്ഞിട്ടുണ്ട്.
12. ഒരു നിശ്ചിത ലക്ഷ്യത്തിലേക്ക് വാഹനമോടിച്ച് പോകുന്നവർ മുൻകൂട്ടി യാത്രാവഴി നിശ്ചയിച്ച് കൃത്യസമയത്തെത്തുവാൻ നേരത്തേ തന്നെ തയ്യാറെടുത്താൽ ഡ്രൈവിങ്ങ് മൂലമുള്ള മാനസിക സമ്മർദ്ദം കുറയ്ക്കാവുന്നതാണ്.
13. chewing gum ഉപയോഗിക്കുന്നവർക്ക് റോഡിലെ വാഹനത്തിരക്കുമൂലമുണ്ടാകുന്ന ഒച്ചയും ബഹളവും ടെൻഷന് ആശ്വാസം നൽകുന്നതായി തെളിഞ്ഞിട്ടുണ്ട്.
14. ഒരു ഓപ്പറേഷനു വേണ്ടി തയ്യാറെടുക്കുമ്പോൾ സ്വാഭാവികമായും എല്ലാവർക്കും ഒരു ടെൻഷൻ ഉണ്ടായേക്കാം. മനശാസ്ത്രജ്ഞന്മാർ ഓപ്പറേഷന് വിധേയനാകുന്നവരോട് ഇഷ്ടമുള്ള സംഗീതം കേൾക്കാനോ ഇഷ്ടമുള്ള സിനിമാ കാണാനോ ഇഷ്ടമുള്ളവരോട് സംസാരിക്കാനോ നിർദ്ദേശിക്കാറുണ്ട്. പല നിറങ്ങളിലുള്ളള 'stress balls' എന്ന പേരുള്ള പന്തുകൾ ലഭ്യമാണ്. അവ കയ്യിൽ പിടിച്ച് ഉരുട്ടികൊണ്ടിരിക്കാൻ നിർദ്ദേശിക്കാറുണ്ട്. streem bath ഉപയോഗിക്കുമ്പോൾ ഉൽകണ്ഠ ഗണ്യമായി കുറയുന്നതായി തെളിഞ്ഞിട്ടുണ്ട്.
15. വായിയ്ക്കുമ്പോഴാണ് ഉൽകണ്ഠ ഏറ്റ വും കുറയുന്നതെന്ന് ന്യൂറോസൈക്കോളജിസ്റ്റുകൾ അവകാശപ്പെടുന്നു. പാട്ടുകേൾക്കുമ്പോൾ ഉൽകണ്ഠകുറയുന്നത് 61 ശതമാനവും ചായയോ കാപ്പിയോ കഴിക്കുമ്പോൾ 54 ശതമാനവും ആണെങ്കിൽ വായിയ്ക്കുമ്പോൾ അത് 68 ശതമാനമാണ്.
16 മാനസികസമ്മർദ്ദം തലച്ചോറിനെ ചുരുക്കുന്നു. യേൽ യൂണിവേഴ്സിറ്റിയിലെ ബ്രെയിൻബാങ്കിൽ നടത്തിയ ഒരു ഗവേഷണത്തിൽ മാനസികസമ്മർദ്ദം തലച്ചോറിലെ കോശങ്ങൾ തമ്മിലുള്ള വിടവ് കുറയ്ക്കുന്നതായി കണ്ടിട്ടുണ്ട്. വികാരവിചാരങ്ങളേയും അവയവങ്ങൾ തമ്മിലുള്ള സഹകരണത്തേയും നിയന്ത്രിക്കുന്നതിനെ ഇത് ബാധിക്കുന്നു. തലച്ചോറിന്റെ തൂക്കം കുറയ്ക്കുന്നു. ഇത് ബുദ്ധിമാന്ദ്യത്തിന് ആക്കമേറ്റുന്നു.
17. **ഭക്ഷണം.** കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ഒരു പഠനത്തിൽ തലച്ചോറിലെ ഓർമ്മ കേന്ദ്രമായ ഹിപ്പോകാമ്പസിന്റെ വളർച്ച വ്യക്തി കഴിക്കുന്ന ഭക്ഷണത്തോട് ബന്ധപ്പെട്ടു കിടക്കുന്നു എന്നു പറയുന്നു. ആഴ്ചതോറും മത്സ്യം കഴിക്കുന്നവരിൽ അത് കഴിക്കാത്തവരേക്കാൾ ഓർമ്മശക്തി കൂടിയിരിക്കും എന്നു പറയുന്നു.
18. **വ്യായാമം.** വ്യായാമം ചെയ്യുന്നവരുടെയും നടത്തം ശീലമാക്കിയവരുടെയും ഹിപ്പോകാമ്പസ് കൂടുതൽ വളരുന്നു എന്നും പഠനങ്ങൾ പറയുന്നു.
19. **ധ്യാനം.** 2010ൽ ഹാർവാഡ് യൂണിവേഴ്സിറ്റി നടത്തിയ ഒരു പഠനത്തിൽ ദിവസേന ശരാശരി 27 മിനിട്ടെങ്കിലും ധ്യാനം ചെയ്യുന്നവരുടെ ഹിപ്പോകാമ്പസിന്റെ സാന്ദ്രത കൂടുന്നതായി പറയുന്നു. ധ്യാനം ഉൽകണ്ഠയും, മാനസിക സമ്മർദ്ദവും കുറയ്ക്കുന്നു. 8 ആഴ്ചയോളം ധ്യാനം ചെയ്തവരിൽ 40 ശതമാനം വരെ ഉൽകണ്ഠയും പിരിമുറുക്കവും കുറഞ്ഞതായി തെളിഞ്ഞിട്ടുണ്ട്.
20. ദീർഘശ്വാസോച്ഛ്വാസം ശീലിക്കുക. നിവർന്നിരിക്കുക നാസാദ്വാരങ്ങളിലൂടെ ശ്വാസം ദീർഘമായി എടുക്കുക.
    കഴിയുന്നത്ര സമയം ശ്വാസം പിടിച്ചശേഷം സാവധാനം പുറത്തുവിടുക. മനസ്സിനെ ശ്വാസത്തിൽ മാത്രം കേന്ദ്രീകരിക്കുക. അലഞ്ഞുനടക്കുവാൻ അനുവദിക്കരുത് ദിവസത്തിൽ 10 മുതൽ 15 മിനിട്ടുവരെ ഇങ്ങനെ ശീലിക്കുക. കാലക്രമേണ അനാവശ്യ ചിന്തകൾ വന്നു ചേരുകയില്ല.
21. കുടുംബാംഗങ്ങളെ ആലിംഗനം ചെയ്യുക. എല്ലാ പിരിമുറുക്കങ്ങളും പമ്പകടക്കും.
22. സ്ഥലസൗകര്യമുണ്ടെങ്കിൽ ഒരു വളർത്തുമൃഗത്തെ പരിപാലിക്കുക.
23. സ്വന്തം കഴിവിൽ വിശ്വാസമുണ്ടായിരിക്കുക. ഞാൻ മോശക്കാരനല്ല എന്ന വിശ്വാസം ഉണ്ടായിരിക്കട്ടെ.

*****

# ആരാണ് അമ്മ

ഡോ. രാജേശ്വരി കുഞ്ഞമ്മ - 9388382009

*തുടർച്ച*

**ഒ**രു കുട്ടിയുടെ ബാല്യത്തിനും യൗവന ത്തിനുമിടയിലുള്ള പരിവർത്തനമാണ് കൗമാ രം. ഇവിടെ ശാരീരിക വളർച്ചയോടൊപ്പം മാനസികമായും ലൈംഗികപരമായും കുട്ടി വളരുന്നു. അങ്ങനെ വരുമ്പോൾ അവരുടെ ചിന്താരീതിയിലും വൈകാരികമായ പെരുമാ റ്റങ്ങളിലും വ്യത്യാസം വരുന്നു. സാധാരണ 10 വയസ്സുമുതൽ 24 വയസുവരെ മാറ്റങ്ങൾ ഉണ്ടാകും. ശരീരങ്ങൾക്കുമാറ്റം കക്ഷത്തിലും മറ്റും മുടിവളരുക തുടങ്ങിയ ചെറിയ മാറ്റ ങ്ങൾ വരുന്നതോടുകൂടി കുട്ടികൾ ഉത്ക്ക ണ്ഠാകുലരാകാറുണ്ട്. അവർക്ക് ആകാംക്ഷ യോടുള്ള ചോദ്യം ആരോടുചോദിക്കുമെന്ന ഭയം അവിടെയാണ് രക്ഷകർത്താക്കളുടെ ചുമതല. അവർക്കറിയേണ്ട കാര്യങ്ങൾ കൂട്ടുകാരോടോ അറിവില്ലാത്തവരോടോ ചോദിച്ചു മനസിലാക്കുമ്പോൾ അത് പ്രശ് നമായിമാറുന്നു അതുകൊണ്ട് അവരുടെ ശാ രീരികവളർച്ചയിലും ആഹാരകാര്യങ്ങളിലും അതീവശ്രദ്ധ വേണം. ഇത്തരം കൗമാരവ ളർച്ച ലോകാരോഗ്യസംഘടനയുടെ അഭി പ്രായത്തിൽ 10 മുതൽ 19 വരെയാണ്. ഈ പ്രായം ശാരീരിക ശക്തി, മെമ്മറി ഒക്കെ വിക സിക്കുന്ന പ്രായം കൂടിയാണ്.

പെൺകുട്ടികൾ പ്രായമാകുന്നതു പോലെ ആൺകുട്ടികൾക്കും വ്യതിയാനം ഉണ്ടാകുന്നു. ശബ്ദം മാറുക, ഹോർമോണുക ളുടെ വ്യതിയാനം ഒക്കെ നടക്കുന്നു. പക്ഷേ പക്വതയുടെ കാര്യത്തിലെങ്ങിനെതെന്നു ശ്രദ്ധിയ്ക്കണം. ഇക്കാര്യത്തിൽ രക്ഷകർ ത്താക്കളും അദ്ധ്യാപകരും, മറ്റു മുതിർന്ന വരും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ആവശ്യമില്ലാത്ത, സൗഹൃദപരമല്ലാത്ത് നിയ ന്ത്രണം, പോഷകാഹാരക്കുറവ്, മാധ്യമങ്ങ ളുടെ സ്വാധീനം, പരസ്യം, ടെലഫോൺ, ലാ പ്ടോപ്പ് ഇവയുടെ സ്വാധീനവും അമിത ഉപ യോഗവും ഇവയെല്ലാം ശ്രദ്ധിച്ചേ പറ്റൂ. ഈ പ്രായത്തിൽ മാതാപിതാക്കളിൽ നിന്നകലം പാലിക്കുക. അവരോടൊപ്പം പോകാൻ മടി ഇവയൊക്കെ അവരുടെ പ്രത്യേക സ്വഭാവ മായിട്ടാണ് കണക്കാക്കേണ്ടത്. വിദ്യാഭ്യാസ കാര്യങ്ങളിൽ ഇന്റർനെറ്റിന്റെ ഉപയോഗം അത്യാവശ്യമായി മാറുന്നു വെന്നതുകൊണ്ട് എന്താണ് അതുവഴി അവർ മനസിലാക്കു ന്നുവെന്ന് ശ്രദ്ധിക്കണം. ഇതിനായി അവ രെ ലക്ഷ്യബോധമുള്ളവരാക്കാൻ ജീവിത നൈ പുണ്യം. (Life skill for psychosocial competence) കൗൺസലിംഗ് ഇവയിലൂടെ പരിശീലനം കൊടുക്കണം. ശബ്ദമാറ്റം, വിയർ പ്പു ഗ്രന്ഥികളുടെ പ്രവർത്തനം മൂലം അധി കമായി വിയർക്കുക, മുഖത്ത് കുരുക്കൾ ഇവയൊക്കെ ഈ പ്രായത്തിൽ കണ്ടേക്കാം. അപക്വമായ മനസിനുടമയായ ഇവർ കൂട്ടു കാരുടെ നിർബന്ധത്തിനു വഴങ്ങി ലഹരി സാധന ഉപയോഗത്തിലേക്കാകാത്ത തിരി ക്കാൻ ശ്രദ്ധിക്കണം. വീട്ടിൽ അംഗീകാരവും സ്നേഹവും കിട്ടുന്നില്ലെങ്കിൽ കിട്ടുന്നിടത്തേ ക്ക് നീ ങ്ങുക സാധാരണമാണല്ലോ ജീവി തവിജ യം നേടുന്നവർ, മനശാസ്ത്രജ്ഞർ തുടങ്ങിയവരുടെ അഭിപ്രായങ്ങൾ തേടേണ്ടി വരും. ഒന്നുമനസിലാക്കേണ്ടത് ഓരോ കുട്ടി യും മറ്റൊരാളിൽ നിന്ന് വ്യത്യസ്തമാണ്. അവരുടെ പ്രതികരണവും വ്യത്യസ്തമായിരി

ക്കും. ഇവിടെ ഐഡന്റിറ്റി ക്രൈസിസ് എന്നൊരു പദം വരുന്നു. താൻ ആരാണെന്നും തന്റെ അസ്ഥിത്വം എന്താണെന്നറിയാനുള്ള വെമ്പൽ. സമൂഹത്തിന്റെ മൂല്യങ്ങൾ ആവശ്യങ്ങൾ ഇവയൊക്കെ എന്താണെന്നുള്ള ഒരു വിഭ്രാന്തി. തന്മൂലം ഒരു ആകാംക്ഷ, വിഷാദം ഒക്കെ ഉണ്ടാകാം. മൂല്യാധിഷ്ഠിതമായ, വിശ്വാസപ്രമാണങ്ങളിലൂടെ വളർന്നു വന്ന കുട്ടി ചില സതീർത്ഥ്യരുടെ ആശയങ്ങളുമായി പൊരുത്തപെടാതെ, ശരിയും തെറ്റും വ്യക്തമായി മനസിലാക്കാതെ പരിഭ്രമിക്കുന്നു. ഇവിടെ രക്ഷകർത്താക്കളും അദ്ധ്യാപകരും, സമൂഹവുമൊക്കെ അവരുടെ പങ്ക് വഹിക്കണം. ശരീരം വളർന്നു. പക്ഷേ ചിന്തയും പെരുമാറ്റവും അപക്വമോ എന്ന വിധത്തിൽ കുടുംബകാര്യങ്ങളിലും മറ്റും അഭിപ്രായം പറയാൻ പറ്റില്ല. പക്ഷേ വഴക്കുപറയുന്നത് വളർന്നു വലുതായില്ലേ എന്നു ചിന്തിച്ചിട്ടായിരിക്കാം. അവർക്ക് ചില സ്വാതന്ത്ര്യം കൊടുക്കണം. സംശയങ്ങൾ കഴിയുന്നത്ര പറഞ്ഞുകൊടുക്കണം. ഇല്ലെങ്കിൽ അജ്ഞരുടെ കൈയ്യിൽ നിന്നും ലഭിക്കുന്നതവർ സ്വീകരിക്കാം. ശാരീരികമാറ്റങ്ങൾ സ്വാഭാവികമാണെന്നുവരെ പറഞ്ഞു മനസിലാക്കണം. അവരുടെ പെരുമാററം അനുസരണയില്ലായ്മയാണെന്നു കരുതി വാദപ്രതിവാദത്തിനു മുതിരരുത്.

ഇങ്ങനെയൊക്കെ ശ്രമിച്ചാൽ കുട്ടികളുടെ ആശങ്കകൾ നിയന്ത്രണ വിധേയമാക്കാം ഇത് ഒരു പ്രാവശ്യം കൊണ്ട് മാറ്റിയെടുക്കാൻ സാധിക്കില്ല. തുടർച്ചയായി കൗൺസലിംഗ്, മരുന്ന് വേണമെങ്കിലത് കൂടാതെ കുട്ടിക്ക് പ്രശ്നപരിഹാരത്തിനുള്ളതെങ്കിൽ ട്രെയിനിംഗ്, രക്ഷകർത്താക്കൾക്കു ജീവിതനൈപുണ്യപരിശീലനം, ഇവ കൊടുക്കണം. കൂടാതെ മദ്യപാനം, വഴക്ക്, സംസാരഭാഷ, കുട്ടികളോടുള്ള വാദപ്രതിവാദങ്ങൾ ഇവയ്ക്കൊ നിയന്ത്രണം വേണം. അവർക്കുകൂടി വീട്ടിലെ ഉത്തരവാദിത്ത്വങ്ങളിൽ ഇടപെടാനുള്ള അവസരം കൊടുക്കണം. ഉത്തരവാദിത്ത്വമില്ലായ്മ ഒരു മാനസിക വൈകല്യമാണ്. അവരെ അധികം കുറ്റപെടുത്താതെ അഭിനന്ദിച്ചും അംഗീകരിച്ചും പെരുമാറുമ്പോൾ കുട്ടികൾ പ്രായത്തിനനുസരിച്ച പക്വത നേടും. മാതാപിതാക്കൾ തമ്മിലുള്ള കലഹം കുട്ടികളെ മാനസികമായി തളർത്തുകയും നിരാശയിലകപ്പെട്ട് വഴിതെറ്റിപോകാനിടയാക്കുക യും ചെയ്യും.

കുട്ടികളിൽ കാണുന്ന സ്വഭാവവൈകല്യങ്ങൾ അടുത്ത ലക്കത്തിൽ.

(തുടരും)

*****

## വിദ്യാർത്ഥികൾ വിവേകമുള്ളവരാകണം

നന്മയേത് തിന്മയേത് എന്ന വകതിരിവിനുള്ള വൈഭവമാണ് കുട്ടികൾ നേടേണ്ടത്. ഈ നേട്ടം ഉണ്ടാക്കാനുള്ള ശിക്ഷണമാണ് അദ്ധ്യാപക കൃത്യം. ഇതു ചെയ്യാത്ത അദ്ധ്യാപകൻ വെറും യന്ത്രം. ആലോചിക്കാനും അറിയാനും കഴിവുള്ള ജീവിയാണ് മനുഷ്യൻ. സത്യവും അസത്യവും കയ്പും മധുരവും ശുദ്ധിയും അശുദ്ധിയും തിരിച്ചറിയാൻ മനുഷ്യനു കഴിയണം. ഈ അതിപ്രധാന കൃത്യം നിർവഹിക്കാൻ പാഠപുസ്തകങ്ങളുടെ ആവശ്യമില്ല. ഋഷിമാർ പാഠപുസ്തകങ്ങൾ ഉപയോഗിച്ചിരുന്നില്ല. അവർ നൽകിയത് ഓർമ്മയിൽ സൂക്ഷിച്ചു വയ്ക്കേണ്ട മന്ത്രങ്ങളാണ്. അവരത് പ്രായോഗിക ജീവിതത്തിൽ പരിഭാഷപ്പെടുത്തുകയും ചെയ്തു. ഇക്കാലത്തെ വിദ്യാർത്ഥി പുസ്തകക്കൂനകൾക്കിടയിലാണ് ജീവിക്കുന്നത്. അവ അവനെ ശ്വാസം മുട്ടിക്കുന്നു.

*– യങ് ഇന്ത്യ 29.1.1925*

# എന്റെ അമ്മയുടെ കഥ, എന്റെയും

പ്രീത ജയകുമാർ - 8319638274

സമയും രാത്രി ഒരു മണിയോടടുത്തു. ആശുപത്രിയും പരിസരവും ഗാഢനിദ്രയിൽ അലിഞ്ഞിരിക്കുന്നു. ഐസിയുവിന്റെ ആളൊഴിഞ്ഞ നീണ്ട ഇടനാഴിയിൽ നിരനിരയായി ഇട്ടിരിക്കുന്ന കസേരകളിൽ ഒന്നിൽ മരവിച്ച മനസ്സുമായി ഞാനിരുന്നു. നെഞ്ചിലെ നെരിപ്പോട് നീറിക്കൊണ്ടിരിക്കുന്നു. അകത്ത്, തീവ്രപരിചരണ വിഭാഗത്തിലെ ശീതീകരിച്ചമുറിയിൽ ചേതനയറ്റു കിടക്കുന്ന എന്റെ അമ്മ. ഇന്നേക്ക് അഞ്ചുദിവസമാകുന്നു. ആ കിടപ്പിന് ഒരു മാറ്റവും ഇല്ല.

നീണ്ട വരാന്തയിൽ ഞാൻ ജീവച്ഛവം പോലെ കണ്ണടച്ചിരുന്നു. ചുറ്റുമുള്ള ശൂന്യത എന്നെ വീർപ്പുമുട്ടിച്ചു കൊണ്ടിരുന്നു. വിജനമായ ആ പരിസരം എന്നെ കൂടുതൽ കൂടുതൽ അസ്വസ്ഥയാക്കി. എന്റെ ചുറ്റും മരണമണികൾ മുഴങ്ങി...മരണത്തിന്റെ മടുപ്പിക്കുന്ന ഗന്ധം അന്ന് ഞാൻ അറിഞ്ഞു. ആ മണം അവിടെ നിറഞ്ഞു.

ഒന്നും മനസ്സിലാവാതെ, പിടയുന്ന മനസ്സുമായി ഡോക്ടർ പുറത്തുവരുന്നതും നോക്കി അക്ഷമയായി ഞാൻ കാത്തിരുന്നു. കുറേ നേരം ആ ഇരിപ്പ് തുടർന്നു. എനിക്ക് കൂട്ടിനായി ഭീതിപ്പെടുത്തുന്ന ഏകാന്തതയും.

എനിക്ക് ഞാനിന്നും പക്വതയില്ലാത്ത കുട്ടി തന്നെയാണ്. ഇരുട്ട് കണ്ടാൽ പേടിച്ചോടിയിരുന്ന എനിക്ക് ഇതെല്ലാം കണ്ട്, പിടിച്ച് നിൽക്കാൻ കഴിയുമോ? അമ്മയുടെയും അച്ഛൻെറയും മാത്രമല്ല എല്ലാവരുടെയും കുട്ടിയായ ഞാൻ അതിൽ നിന്നും വളർന്നില്ല.

അധികം താമസിയാതെ ഐസിയുവിന്റെ വാതിൽ കരഞ്ഞു. വാതിൽ പാളികൾ ചെറുതായി വിടർത്തി, വെളുത്ത കുറിയ ചെറുപ്പക്കാരനായ ഡോക്ടർ എന്നെ അടുത്തേക്ക് വിളിച്ചു. നിസ്സംഗതയോടെ അദ്ദേഹം എന്റെ മുഖത്തുനോക്കി. ഒന്നും പറയാൻ കഴിയാതെ നോട്ടം തുടർന്നു. ഒടുവിൽ പതിയെ പറഞ്ഞു.

അമ്മയുടെ വൈറ്റൽസ് ഒക്കെ ഡൗൺ ആയിക്കൊണ്ടിരിക്കുന്നു. കൂടിയാൽ ഒരു മണിക്കൂർ. ഞങ്ങൾ കഴിഞ്ഞ രണ്ടു മണിക്കൂർ ആയിട്ട് സിപിആർ കൊടുത്തുകൊണ്ടിരിക്കുന്നു. ആശാവഹമായ ഒരു ചലനവും അമ്മയിൽ നിന്നും കാണുന്നില്ല.

ഒറ്റശ്വാസത്തിൽ അവരത് പറഞ്ഞു നിർത്തി. എനിക്കൊന്നും ഉൾക്കൊള്ളാൻ ആവുന്നില്ല.

എന്റെ കേൾവി നഷ്ടപ്പെട്ടു കഴിഞ്ഞതുപോലെ. ഒന്നും മനസ്സിലാവാതെ ഞാൻ ചുമരും ചാരി, വീഴാതെ പിടിച്ചുനിന്നു.

'എന്താ വേണ്ടത് ലൈഫ് സപ്പോർട്ട് മാറ്റിക്കോട്ടെ'

'ഇനി പ്രതീക്ഷക്ക് ഒരു വകയുമില്ല.'

'എനിക്കൊന്നും അറിയില്ല. ലൈഫ് സപ്പോർട്ട് തുടർന്നാൽ എത്രനേരം?'

നിശ്ചേതനമായ ഈ കിടപ്പ് ആദ്യത്തെ ദിവസം കണ്ടപ്പോഴേ എന്തോ പന്തികേട് തോന്നിയതാണ്. നേരെയാവും എന്നൊരൊറ്റ പ്രതീക്ഷയിൽ ഇതുവരെ കാത്തിരുന്നു. ആ കിടപ്പിനു മാത്രം ഒരു മാറ്റവും കണ്ടില്ല.

അവിടെ ഇരുന്നോളൂ കുറച്ച് ഫോർമാലിറ്റീസുകൾ ഉണ്ട്. ഉടനെ വിളിക്കാം എന്നും പറഞ്ഞ് ഡോക്ടർ വാതിൽ അടച്ചു.

എനിക്കെന്റെ അമ്മയെ അപ്പോൾ തന്നെ കാണണം എന്നു തോന്നി. അമ്മ അത്രവേഗം പോകില്ല. എന്നെ കാണാതെ എന്റെ അമ്മ പോവില്ല.

ജീവിതം അനിശ്ചിതത്വത്തിന്റെ തീരാകഥയാണ്.....

കസേരകളിലൊന്നിൽ വേച്ചു വേച്ചു പോയിരുന്നു. കണ്ണുകൾ താനേ അടഞ്ഞു. എന്റെ

അമ്മയുടെ സക്രിയരൂപം എന്നെ തൊട്ടുണർത്തി. ഇവിടെ ഞാനും എന്റെ അമ്മയും മാത്രം. ഓർമ്മ വച്ച് നാൾ മുതൽ കേൾക്കുന്ന, കാണുന്ന, അനുഭവിക്കുന്ന എന്റെ അമ്മയുടെ കുട്ടിയായി ഞാൻ മാറി.

ഒറ്റക്കുട്ടിയായിരുന്ന എന്റെ ജീവനാഡിയും ജീവശ്വാസവും എന്റെ അമ്മയായിരുന്നു. അമ്മയ്ക്ക് ഞാനും.

നാട്ടിലെ സ്കൂളിൽ അധ്യാപികയായിരുന്നു എന്റെ അമ്മ. ഒരു തനതായ വ്യക്തിത്വത്തിന്റെ ഉടമ. ആത്മാർത്ഥതയോടെ തന്റെ സേവനം നിർവഹിച്ചിരുന്ന ഒരു ആദർശ അധ്യാപികയായിരുന്നു അമ്മ. വിദ്യയാണ് ക്ഷയിക്കാത്ത ധനം എന്ന് ഉറച്ചു വിശ്വസിച്ചിരുന്ന അവർ ഒരു തികഞ്ഞ വിജ്ഞാനദാഹിയായിരുന്നു. പുസ്തകങ്ങളോടായിരുന്നു ചങ്ങാത്തം.

വള്ളത്തോളിനെയും, വൈലോപ്പിള്ളിയെയും ഏറെ ഇഷ്ടപ്പെട്ടിരുന്ന എന്റെ അമ്മക്ക് അവരുടെ കൃതികളെല്ലാം ഹൃദിസ്ഥമായിരുന്നു. വിവേകാനന്ദൻ അമ്മയുടെ മനസ്സിലെ സ്ഥിരപ്രതിഷ്ഠയായിരുന്നു. അദ്ദേഹത്തിനെക്കുറിച്ച പരാമർശിക്കുമ്പോൾ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകും. അത്രയും നിർമ്മലഭക്തിയായിരുന്നു അമ്മയ്ക്ക് വിവേകാനന്ദനോട്. നരേന്ദ്രന്റെ പ്രാർത്ഥന എത്രവട്ടം ചൊല്ലി കേൾപ്പിച്ചിരിക്കുന്നു.

വീട്ടിലെന്തു വിശേഷം നരേന്ദ്ര, നീ വീർപ്പുമുട്ടി കരയുന്നതെന്തിനോ

കേൾക്കുന്തോറും മനസ്സു നിറയുന്ന ഈരടികൾ

നാട്ടിലെ അമ്മയുടെ തറവാട്ടുവീട്ടിലായിരുന്നു ഞങ്ങൾ. മുത്തച്ഛനും അമ്മമ്മയും വല്യമ്മമാരും അമ്മാവനും ചെറിയമ്മയും അവരുടെയെക്കെ മക്കളും അടങ്ങിയ ഞങ്ങളുടെ കുടുംബ വീട്, ഒരു സാധാരണ നാട്ടിൻ പുറത്തെ തറവാടായിരുന്നു. മുത്തച്ഛൻ സ്നേഹത്തിന്റെ പ്രതീകമായിരുന്നു. കലാഹൃദയമുള്ള ഒരു ലോലചിത്തനായിരുന്നു. അച്ഛച്ഛൻ എന്ന് വിളിക്കുന്ന ഞങ്ങളുടെ മുത്തച്ഛൻ.

അവരുടെ അഞ്ചു മക്കളിൽ മൂന്നാമത്തേതായിരുന്നു എന്റെ അമ്മ. വല്യമ്മമാർ വീട്ടിലെ അന്നത്തെ സ്ഥിതിവിശേഷങ്ങൾ കാരണം നേരത്തെ തന്നെ കുടുംബജീവിതത്തിലേക്ക് ചേക്കേറി. പഠിക്കാഞ്ഞിട്ടല്ല, മൂത്ത വല്യമ്മ ഒരു ധിഷണാശാലിയായിരുന്നു. പക്ഷെ പെൺകുട്ടികളുടെ ജീവിതലക്ഷ്യം ഗാർഹിക ജീവിതമാണെന്ന് മാത്രം വിശ്വസിച്ചിരുന്ന ഒരു കാഘട്ടത്തിലെ ജനത അവരെ അതിൽ തളച്ചിട്ടു. അമ്മയും പഠിക്കാൻ സമർത്ഥയായിരുന്നു. സ്വന്തം പ്രയത്നം മൂലം അക്കാലത്തു, സ്വപ്നതുല്യമായ ഒരു തൊഴിൽ അധ്യാപകനമായിരുന്നതുകൊണ്ടും ഒരു ടീച്ചറാകാൻ അമ്മക്ക് കഴിഞ്ഞു. ഒന്നുകൊണ്ടും അന്നത് എളുപ്പമായിരുന്നില്ല. സാഹചര്യങ്ങളോട് ഒരുപാട് മല്ലടിച്ചാണ് അമ്മ പത്താം ക്ലാസിനു ശേഷം ടീച്ചർ ട്രെയിനിങ്ങിനു ചേർന്നത്. ഗാന്ധിജിയുടെ ആദർശപരമായ ബേസിക് ട്രെയിനിങ്ങ് ഉയർന്ന സ്ഥാനത്തോടെ പാസായി അവർ ജോലിയിൽ കയറി.

തറവാട്ട് വീട്ടിൽ നിന്ന് ദൂരെ മാറി താമസിച്ചു ജോലിചെയ്യാൻ താല്പര്യമില്ലാത്തതിനാൽ വീടിന്റെ അടുത്തുള്ള സ്കൂളിൽ ചേർന്നു.

പിഎസ് സി മുഖേന ദൂരെയുള്ള ഒരു സ്കൂളിൽ അമ്മക്ക് ഗവൺമെന്റെ നിയമനം കിട്ടിയിരുന്നു. അന്ന് ഞാൻ വെറും കൈക്കുഞ്ഞായിരുന്നത്രെ. അമ്മമ്മയെയും കൂട്ടി അവിടെ കുറച്ചു ദിവസങ്ങൾ തങ്ങി. അത് ശരിയാവില്ല എന്ന് കണ്ടിട്ടാവണം അവർ തിരിച്ചു പോന്നു. അതിനു ശേഷമാണു നാട്ടിലെ സ്ക്കൂളിൽ ചേർന്നത്. ഒരു മനയ്ക്കലെ സ്കൂളായിരുന്നു അത്.

തികഞ്ഞ സാത്വികനായ ഒരു തിരുമേനിയായിരുന്നു അതിന്റെ മാനേജർ. അവർ ആ വിദ്യാലയത്തെ ഒരു സരസ്വതി ക്ഷേത്രമായിത്തന്നെ സംരക്ഷിച്ചു. ചുറുചുറുക്കും ഊർജ്ജസ്വലതയും പഠിപ്പിക്കാനുള്ള പാടവും കൈമുതലായുള്ള അമ്മ അവരുടെയൊക്കെ

മതിപ്പിനർഹയായിരുന്നു, കണ്ണിലുണ്ണിയായിരുന്നു.

അച്ഛന് മറുനാട്ടിലായിരുന്നു ജോലി. അമ്മയും ഞാനും നാട്ടിലും അച്ഛൻ ഇടയ്ക്കൊക്കെ നാട്ടിൽ വരും. അവ ഉത്സവദിനങ്ങളായിരുന്നു എനിക്ക് ഓണത്തിനും ക്രിസ്തുമസ്സിനും മധ്യവേനൽ അവധിക്കുമൊക്കെ സ്ക്കൂൾ അടയ്ക്കുമ്പോൾ ഞങ്ങൾ തീവണ്ടിയിൽ അച്ഛന്റെയടുത്തേയ്ക്ക് പോകും.

എന്നെ ആദ്യമായി ട്രെയിനിൽ കൊണ്ട് പോയ കഥ അമ്മ പറഞ്ഞിട്ടുണ്ട്. എനിക്ക് കഷ്ടിച്ചു രണ്ടുമാസം പ്രായമുള്ളപ്പോഴാണത്രേ അത്. തുണികൊണ്ടു കെട്ടിയുണ്ടാക്കിയ തൊട്ടിലിൽ ട്രെയിനിന്റെ താളാത്മകമായ ചലനത്തിൽ ആടിയാടി ഉറങ്ങിയ എന്നെപ്പറ്റി അമ്മ പറഞ്ഞു തരുമ്പോൾ, ഞാൻ എന്നെത്തന്നെ പിഞ്ചുകുഞ്ഞായി വിഭാവനം ചെയ്തു. ആ യാത്ര ഇന്നും നിലയ്ക്കാതെ തുടരുന്നു. ലക്ഷ്യം മാറി എന്നു മാത്രം.

അമ്മയുടെ ജോലിസമയത്തൊക്കെ അമ്മ ആരോഗ്യവതിയായിരുന്നു. രാവിലെ സ്കൂളിലേക്ക് പുറപ്പെടുമ്പോഴേക്കും അമ്മമ്മ ഉച്ചഭക്ഷണം ചോറ്റുപാത്രത്തിൽ റെഡിയാക്കി വെച്ചിട്ടുണ്ടാവും. അന്നൊക്കെ വല്യമ്മമാർ വീട്ടിൽ ഉണ്ടായിരുന്നതിനാൽ വീട്ടുജോലികളൊന്നും അമ്മക്കൊരിക്കലും ചെയ്യേണ്ടി വന്നിട്ടില്ല എന്നുമാത്രമല്ല, അമ്മ സ്കൂളിൽ പോകുമ്പോൾ എന്നെ നോക്കി വളർത്തിയതും എന്റെ വല്യമ്മമാർ തന്നെ.

എന്റെ പഠനകാര്യത്തിൽ അമ്മ വളരെ നിഷ്കർഷ പാലിച്ചിരുന്നു. ചെറിയ ക്ലാസ്സിലായിരുന്നെങ്കിലും ചിട്ടയോടെ എല്ലാ പാഠങ്ങളും മുൻകൂട്ടി എന്നെ പഠിപ്പിച്ചു തയ്യാറാക്കിയിരുന്നു. പാഠങ്ങളെല്ലാം ശ്രദ്ധയോടെ പഠിച്ചു വരുന്ന എന്നെ അധ്യാപകർക്കും വളരെ കാര്യമായിരുന്നു. അവർ പഠിപ്പിക്കുന്നതും ശ്രദ്ധിച്ചു മുൻബെഞ്ചിൽ തന്നെ ഇരിപ്പുറപ്പിക്കുന്ന കുട്ടികളെ അധ്യാപകർ കുറച്ചധികം സ്നേഹിക്കും. രാവിലെ സ്കൂളിൽ പോകുന്നതിനുമുമ്പ് നിത്യേന രണ്ടു പേജ് നി റയെ കോപ്പിയെഴുത്ത് രണ്ടുഭാഷകളിലും എഴുതുക എന്നത് ഒഴിച്ച് കൂടാൻ വയ്യാത്ത അഭ്യാസമായിരുന്നു. പളുങ്കുമണികളേക്കാൾ സുന്ദരമായ കൈയ്യക്ഷരം അമ്മയുടെ കൈമുതലായിരുന്നു. ഞാനും അത്തരം ഒരു കൈയ്യക്ഷരത്തിന്റെ ഉടമയാവണമെന്നു അമ്മയ്ക്ക് നിർബന്ധമായിരുന്നു.

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ അമ്മയുടെ ദൂരവീക്ഷണവും അതിനുള്ള ശിക്ഷണവും എന്റെ ജീവിതത്തിൽ വഹിച്ച പങ്ക് നന്ദിയോടെ മാത്രമേ ഓർക്കാനാവൂ. നല്ല കൈപ്പടയ്ക്കുള്ള സമ്മാനങ്ങൾ വാരിക്കൂട്ടുമ്പോഴൊക്കെ എന്റെ അമ്മയുടെ പരിരക്ഷണത്തിനു മുമ്പിൽ ഞാൻ അറിയാതെ ശിരസ്സു നമിക്കും. ഒരു ആദർശവിദ്യാർത്ഥിക്കനുചിതമായി അമ്മ വളർത്തി.

സ്ക്കൂൾ വിട്ടു വന്നാൽ മറ്റുള്ള കുട്ടികൾ കളിക്കാനും കുളത്തിൽ ചാടി തിമർക്കാനുമൊക്കെ മെനക്കെടുമ്പോൾ, ഞാൻ വീടിന്റെ പടിപ്പുരയിലെ കഴൽ പടിയിൽ ഇരുന്ന്, അക്ഷമയോടെ മിഴിയും നട്ട് അമ്മയുടെ വരവ് പ്രതീക്ഷിക്കുകയാവും. ദൂരെ നിഴലു കണ്ടാൽ മതി, എന്റെയുള്ളം കുളിർക്കും. ഞാൻ, അമ്മയറിയാതെ മറ്റുള്ള കുട്ടികളെ പോലെ കുളത്തിൽ കുളിക്കാൻ പോകുന്നതോ, തനിച്ച് എവിടെയും കളിക്കാൻ പോകുന്നതോ അമ്മക്കിഷ്ടമായിരുന്നില്ല. എവിടെ പോകുമ്പോഴും അമ്മ നിഴലായി കൂടെയുണ്ടാകും. ഇപ്പോൾ തോന്നുന്നു, പെൺകുട്ടികളുടെ സുരക്ഷയോർത്തയായിരുന്നു ആ ചട്ടങ്ങളെല്ലാം എന്ന്. പെൺകുട്ടികളുടെ സുരക്ഷ എത്ര വെല്ലുവിളിയായ ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഇത്ര മോശമല്ലാത്ത് ആ കാലത്തുപോലും കുട്ടികളുടെ സുരക്ഷ എന്താണെന്ന് അവർ നന്നായി മനസ്സിലാക്കിയിരുന്നു.

*(തുടരും)*

ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ

Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ॐ

# 1200 ചിങ്ങമാസ ഫലം.

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു



(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) വിദ്യാർത്ഥികൾക്ക് ബുദ്ധിപരമായ മികവ് പുലർത്താൻ കഴിയുന്നതിനാൽ മത്സരപരിക്ഷകരളിൽ നേട്ടങ്ങൾ പ്രതീക്ഷിക്കാം.കലാലയത്തിലെ കലഹ സാധ്യതയുള്ള സാഹചര്യങ്ങളിൽ നിന്നും വിട്ട് നിൽക്കുവാൻ ശ്രദ്ധിക്കണം. സ്വയാർജിത ധനം മന്ദഗതിയിലാണെങ്കിലും കൈവശം വന്ന് ചേരും. ആഗസ്റ്റ് സെപ്തംബർ 10, 11 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. ഭഗവതി , വിഘ്നേശ്വര പ്രീതികരമായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹു ഗ്രഹദോഷ നിവാരണ അർച്ചനയും നടത്തുക.



( ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) വിദേശയാത്രക്ക് ശ്രമിക്കുന്നവർക്ക് ആഗ്രഹ സഫലീകരണം ഉണ്ടാകും. സർക്കാർ സഹായത്തോടെ വീട് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സർക്കാരിൽ നിന്നും ധന ലഭ്യത പ്രതീക്ഷിക്കാം. കർമ്മരംഗത്തെ മന്ദത തുടരും ചിലവ് അധികരിക്കും. ഉദരസംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരമാകും. . സെപ്തംബർ 12, 13 തിയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതണ് സർപ്പ പ്രീതിയും ദുർഗ്ഗാ ക്ഷേത്ര ദർശ്ശനവും നടത്തുക.



(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം). വിദ്യാഗുണം ഉണ്ടാകുമെങ്കിലും വിദ്യാർത്ഥികളിൽ ലൗകിക വിഷയങ്ങളോടുള്ള അമിതമായ താൽപര്യം പഠനത്തിൽ മടി സൃഷ്ടിക്കും. പൂർവ്വികമായ ധനധാന്യാദി ലാഭം പ്രതീക്ഷിക്കാം. ഭുമിക്കും, വസ്തുവകൾക്കും വേണ്ടി ധനം ചിലവഴിക്കും. സെപതംബർ 15, 16, ദിവസങ്ങൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ദേവീക്ഷേത്ര ദർശനവും, മന്ത്രജപവും നടത്തുക



(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം) സർക്കാരിൽ നിന്നും, വസ്തുവകകളിൽ നിന്നും, മേലധികാരികൾ മുഖനയും ധനലാഭം പ്രതീക്ഷിക്കാം. പൊതുവെ ലൗകീക സുഖങ്ങളോട് ആസക്തി വർദ്ധിക്കും. തൊണ്ട, തോൾ മുതലായ ഭാഗണളിൽ രോഗസാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. ആഗസ്റ്റ് 20, 21 ദിവസങ്ങൾ ശുഭകർമായിരിക്കില്ല. ഒരു ക്ഷേത്രത്തിൽ ഗണപതി ഹോമം നടത്തുകയും ദേവീക്ഷേത്രത്തിൽ ഐക്യമത്യ അർച്ചന നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) ഏത് രംഗത്തും കഴിവ് തെളിയിച്ച് ആദരവ് നേടാൻ സാധിക്കും. അശ്രദ്ധ മൂലവും ഭാഗ്യപരീക്ഷണങ്ങളിലൂടെയും ധന നഷ്ടസാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കണം. ആഗസ്റ്റ് 22, 23 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ദേവീ ക്ഷേത്ര ദർശ്ശനം നടത്തി പ്രാർത്ഥിക്കുകയും ഒരു ഭഗവതി സേവ നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) വവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകുലമായ ഫലങ്ങൾ പ്രതീക്ഷിക്കാം.. ധന വിനയോഗവും, രേഖാമൂലമുള്ള കരാറുകളും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ നിയമ നടപടികൾക്കും നഷ്ടങ്ങൾക്ക് സാധ്യതയുണ്ട്. അസ്ഥി രോഗം വർദ്ധിക്കാതിരിക്കാൻ ആവശ്യമായ പരിശോധന നടത്തണം. ആഗസ്റ്റ് 24, 25 ദിവസങ്ങൾ അനുകൂലമല്ല. സർപ്പ പ്രീതികരങ്ങളായ് വഴിപാടുൾ നടത്തുക:



തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) വിവാഹമോചനത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലം പ്രതീക്ഷിക്കാം. സർക്കാരിൽ നിന്നോ മേലധികാരികളിൽ നിന്നോ അംഗീകാരവും ആദരവും ലഭിക്കും. സാഹിത്യ കലാരംഗത്ത് പ്രവൃത്തി ചെയ്യുന്നവർക്ക് ഗുണകരമായ സാഹചര്യങ്ങൾ സംജാതമാകും. പാദത്തിന് പുകച്ചാലും വിണ്ടു കീറലും മൂലം അസ്വസ്ഥത തോന്നും. ആഗസ്റ്റ് 27, 28ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. . ദേവീപ്രീതി വരുത്തുക.



(വൃശ്ചികക്കൂർ വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട) കർമ്മരംഗത്ത് നിപുണത തെളിയിക്കാൻ സാധിക്കും മേലധികാരികൾ അനുകൂലമായി പ്രവർത്തിക്കും ജീവിത പങ്കാളി നിമിത്തം ചില ഭാഗ്യാനുവെങ്ങൾ ഉണ്ടാകും. ചില ഭക്ഷണങ്ങൾ അലർജിക്കു കാരണമാകുന്നതിനാൽ ഉദരരോഗ സാധ്യത ഉണ്ട്. ആഗസ്റ്റ് 29, 30 തിയതികൾ ശുഭകരമല്ല. സർപ്പപ്രീതികരമായ കർമ്മങ്ങളും ലക്ഷ്മി പൂജയും നടത്തുന്നത് അഭിഷ്ടഫലസിദ്ധിക്ക് കാരണമാകും.



(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) സാഹിത്യകലാരംഗത്ത് പ്രവർത്തിക്കുന്നവർക്കും, വിദ്യാർത്ഥികൾക്കും അനുകുല ഫലങ്ങൾ ലഭിക്കും. സർക്കാറിൽ നിന്നും മേലധികാരികളിൽ നിന്നും ശത്രുതാപരമായ നടപടികൾക്ക് സാധ്യതയുള്ളതിനാൽ ഔദ്യോഗികമായ കാര്യങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ആഗസ്റ്റ് 31, സെപ്തംബർ 1 തിയതികൾ ശുഭകാര്യാരംഭത്തിന് സീകാര്യമല്ല.. ദുർഗ്ഗാദേവീ ക്ഷേത്ര ദർശ്ശനം നടത്തി ജയ ദുർഗ്ഗാ ശൂലിനി ദുർഗ്ഗാ മന്ത്രങ്ങളാൻ അർച്ചന നടത്തുന്നത് പരീക്ഷാവിജയത്തി നും, ശത്രുത മൂലമുള്ള പരാജയത്തിനും പരിഹാരമാകും.



(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) വീട് വാങ്ങുവാനോ, നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യമാണ്. മുടങ്ങി പോയ വിവാഹാലോചനകൾ പുനർചിന്തനത്തിലൂടെ നടക്കാൻ സാധ്യത ഉണ്ട്.പഠന കാര്യത്തിൽ അലസത ഉണ്ടെങ്കിലും പരിശ്രമം വിജയിക്കും. സെപ്തംബർ 2 , 3 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. മഹാലക്ഷ്മി പ്രീതികരമായ ജപവും ദേവീക്ഷേത്ര ദർശ്ശനവും നടത്തുന്നത് വിദ്യാ ലാഭത്തിനും സാമ്പത്തിക പ്രശ്നങ്ങൾക്കും ഒരു പരിധി വരെ നല്ലതാണ്.



(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) അനുകുലമായ വിവാഹാലോചനകൾ വന്ന് ചേരും. അലസത പല കാര്യങ്ങൾക്കും തടസ്സം സൃഷ്ടിക്കും. കർമ്മരംഗത്ത് അസ്വസ്ഥതക്ക് പരിഹാരമാകും. മൂത്രാശയ രോഗങ്ങൾ വരാതിരിക്കാൻ മുൻകരുതൽ എടുക്കുന്നത് നല്ലതാണ്.സെപ്തംബർ 5, 6 തിയതികൾ പ്രായേണ ഗുണം കുറയും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും ദേവീപ്രീതരങ്ങളായ വഴിപാടുകളും നടത്തുക.



(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) പൊതുവെ കാലം അനുകൂലമാണ്. വസ്തുവകകളിൽ നിന്നും വിദേശത്തു നിന്നും പ്രതീക്ഷിക്കുന്ന ധനലാഭം ഉണ്ടാകും കാലിന് മരവിപ്പ് അനുഭവപ്പെടാം സെപതംബർ 7,8 തിയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. വിഷ്ണു പ്രീതിയും സർപ്പപ്രീതിയും വരുത്തുക. ക്ഷേത്ര ദർശ്ശനം നടത്തി കണ്ണന് തുളസിമാല ചാർത്തുകയും സർപ്പത്തിന് പാട്ട് നടത്തുകയും ചെയ്യുന്നത്. ദൃഷ്ടിദോഷം മാറുന്നതിനും കാര്യവിഘ്നം മാറുന്നതിനും നല്ലതാണ്.

*ശുഭമസ്തു ശംഭോമഹാദേവ!*
*എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 29/175cm,Revathi, MBA, Kitchen Treasures,Marketing Analyst, Pref: Graduate/ PG/Professionals, Mob:9995719824, 9895066224

Email: indumahesh1988@gmail.com
Date of Birth: 4-3-1995(12am)
Sishta Dasa:

ര ശു   മ

| | | | |
|---|---|---|---|
| ച മാ | ശി | | ല |
| ര മ | ഗ്രഹനില | | കു |
| ബു ശു | & അംശകം | | |
| | ഗു | സ | |

സ   ച ഗു കു   ബു മാ   ശി

ല

Contact Address:
MR.BALAGOPALAN . K
NENMELIL HOUSE
OPPOSITE NSS KARAYOGAM
POONITHURA
ERNAKULAM -682038

Nambiar-Nair Boy, 33yrs, 170cm, Karthika 3/4(Edavam),B.Tech-MBA, Teritorry Manager - Sales Marketing with an MNC Electrical Industry placed at Ernakulam,Pref: Girls from Nambiar family, Professionally qualified and preferably employed, Mob:91+ 09449596908, 9380115593

Email:ppcnambiar@gmail.com
Date of Birth:23-8-1989(2.04pm)
Sishta Dasa: Ravi : 4-1-29

ശുശി ര

| | | | |
|---|---|---|---|
| | | ച | ഗു |
| സ | ഗ്രഹനില | | |
| | & അംശകം | | ര ശി കു |
| മ | ല മാ | | ബു ശു |

ച ഗു ബു   മാ   മ   കു

ല   സ

Contact Address:
Parents Originally from Kannur and Presently living in Bangalore

Nair /Boy, 27/5'8",Pooram, Masters in Engineering(Materials Engineering) from University of Exeter,UK,Master of Science in Hospitality Entrepreneurship and innovation from Glion Institute of HigherEducation Switzerland , Involved into family Business firm Menon Bearings Ltd, Mob:8007772017,
Email:schtmenon5@gmail.com
Date of Birth:13-6-1997(12.25am)
Sishta Dasa:Sukran:4-5-27

ശു   ബുല

| | | | |
|---|---|---|---|
| മ ശി | മാ | ര ബു | ശു |
| ല | ഗ്രഹനില | | |
| ഗു | & അംശകം | | ച |
| | | | കു സ |

കു മ   സ   മാ ശി   ഗു

ച   ര

Contact Address:
MRS.SUCHETA NITIN MENON
MENON ENCLAVE, 262 E WARD
LAXMINARAYAN NAGAR
PATOLEWADI, KADAMWADI RD,
KOLHAPUR - 416003

Nair Boy, 33Yrs/170cm,Chathayam, BE Honours Mechanical,Planning Engineer,Divorcee,Pref: Graduate/ Professionals, Mob:8547776890

Email:girijarajan23@gmail.com
Date of Birth:29-07-1991(8.23pm)
Sishta Dasa:

| | | | |
|---|---|---|---|
| മ | മാ | ശി | ബു |
| ച ഗു | ഗ്രഹനില | | |
| | & അംശകം | | ശു കു |
| ല | സ | ര | |

Contact Address:
Mr.T.RAJAN
MADHAVAM
AISWARYANAGAR
KUNNATHURMEDU
PALAKKAD - 13

**രമ്യാന്തര : കമലിനീഹരിതൈ : സരോഭി :**
**ഛായാദ്രുമൈർന്നിയമിതാർക്കമരീചിതാപ:**
**ഭ്രയാത് കശേശയരജോമൃദുരേണുരസ്യാ :**
**ശാന്താനുകൂലപവനശ്ച ശിവശ്ച പന്ഥാ :**

*-അഭിജ്ഞാനശാകുന്തളം 4.10*

വനദേവതമാർ ശകുന്തളയ്ക്കു നൽകുന്ന യാത്രാമംഗളാശംസ

പദ്യതർജ്ജമ :

ചേർന്നീടട്ടെയിടയ്ക്കിടക്ക് സരസീ-
ജാലം സപങ്കേരുഹം
ചാലേ ചോലമരങ്ങൾ തിങ്ങിമറവാ-
ർന്നീടട്ടെ സൂര്യാതപം
ചെന്താർപൂമ്പൊടി പോലെ പൂഴിമൃദുവായ്-
ത്തീരട്ടെ മാർഗ്ഗങ്ങളിൽ
സന്ധിക്കട്ടെയിവൾക്കു യാത്ര ശുഭമായ്
വാതാനുകൂല്യത്തോടേ

*- ഏ. ആർ. രാജരാജവർമ്മ*

# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl , 28/167cm,Uthram,Fair,Engg Graduate,Prob Officer KGB,Pref: Professionals/PSU-Govt Officers, Nonmatching stars-Puruttathi, Thriketta, Chithira, Visakham, Mob:8547516527, 8089016527

Email:nkumarcheppayil@gmail.com
Date of Birth:30-4-1996(8.20am)
Sishta Dasa:

മാ കു ല

| | | | |
|---|---|---|---|
| മ ശി | ര കു | ല ശു ബു | |
| ച ബു | ഗ്രഹനില & അംശകം | | സ |
| ശി | | മാ | ര |
| ഗു | | | ച സ / ശു മ |

ഗു

Contact Address:
MR.NANDAKUMAR C
KISMAT
KOTHERIL HOUSE
KOTHERIL ROAD
VADUTHALA
ERNAKULAM - 682023

---

Nair Girl, 26yrs/172cm,Pooyam, BA LLB, Practising Lawyer HC, Pref: Ernakulam Area professional prefered, Mob:9446482230, 9961082230

Email:rajivdivakaran@yahoo.com
Date of Birth:2-5-1998(10.15pm)
Sishta Dasa:Saturn 9-8-20

| | | | |
|---|---|---|---|
| ബു ശു | ര മ കു | | |
| ഗു ശി | ഗ്രഹനില & അംശകം | | ച |
| മാ | | | സ |
| ല | | | |

Contact Address:
MR.RAJEEV DIWAKARAN
SABARIGIRI
NEDIYEDATH ROAD
AIMS PONEKKARA P.O
ERNAKULAM - 682041

---

Nair Girl, 23yrs /157cm, Punartham 3/4(Mithunam), M.Com(IB), Logistics, Pref: Graduate/ PostGraduate, Mob:9944635775

Email:shobanacochin@gmail.com
Date of Birth:13-12-2000(5.56am)
Sishta Dasa:Guru 15-9-5

ര സഗു ചശു

| | | | |
|---|---|---|---|
| | | ഗു മ | ച മാ സ |
| | ഗ്രഹനില & അംശകം | | |
| ബു ലമ / ശു | | | |
| മാ / ശി | ര ല ബു | | കു / കു |

ശി

Contact Address:
MR.RADHAKRISHNAN
NO.1, BAVANS
R.G. NAGAR
GANDHIJI ROAD
RATHINAPURI P.O
COIMBATORE -641027

---

Nair Girl, 28/160cm, Revathy, B.Tech (Electronics & Communication), Private job in Bangalore (Associate Consultant), Native Ernakulam, Pref: Mob:9847803788

Email:sasipmundolil@yahoo.co.in
Date of Birth: 12-09-1995(3.29am)
Sishta Dasa:Buda - 01-01-16.18

ശിമാ മ

| | | | |
|---|---|---|---|
| ച / ച | ശി മാ | | |
| മ | ഗ്രഹനില & അംശകം | | ല / ബു |
| ശു | | | ര |
| കു | ഗു | കു സ | ബു ശു |

ല ഗു ര സ

Contact Address:
EDAPPALLY
KOCHI - 682024


www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),

Radheyam
Guest House

# ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്



എറണാകുളം കരയോഗത്തിന്റെ ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിൽ
സൗകര്യപ്രദമായ 38 മുറികൾ, വിശാലമായ പാർക്കിംഗ്,
വിവാഹാവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ





**ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്**
**തെക്കേ നട, കാരക്കാട്ട് റോഡ്, ഗുരുവായൂർ - 680101**

**ബുക്കിങ്ങിനായി വിളിക്കുക. - 0487-2504700, 8547871161, 9446365116**

## എറണാകുളം കരയോഗത്തിന്റെ
# ആയുഷ്യം മെഡിക്കൽസ്

നിങ്ങൾക്ക് ആവശ്യമുള്ള മരുന്നുകൾ ഓർഡർ ചെയ്യൂ. മരുന്നുകൾ വീട്ടിൽ എത്തിക്കുന്നതാണ്.

**Ph: 9446488833, 0484-2361160 (Extn.127)**






ഹോം സർവ്വീസിന് വിളിക്കൂ......

**ഇംഗ്ലീഷ് മരുന്നുകൾ 5 മുതൽ 15 ശതമാനം വരെ ഡിസ്‌ക്കൗണ്ട്**

## എറണാകുളം കരയോഗത്തിന്റെ വിവിധ ക്ലാസ്സുകൾ

വയലിൻ, കരാട്ടേ, യോഗ, ഭരതനാട്യം, സിനിമാറ്റിക് എന്നിവ നടത്തുന്നു.

കൂടുതൽ വിവരങ്ങൾക്ക് - 0484 2361160





## നല്ല കൂട്ടാൻ കട

എറണാകുളം കരയോഗം നല്ല കൂട്ടാൻ കടയിൽ നിന്നും വിവിധതരം പ്രഥമനുകൾ, ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കൂട്ടാനുകൾ, പലഹാരങ്ങൾ, അച്ചാറുകൾ എന്നിവ ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് - 9778410765

## എറണാകുളം കരയോഗം മാംഗല്യം



www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്ട്രർ ചെയ്യൂ, ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്തൂ

കൂടുതൽ വിവരങ്ങൾക്ക് - 0484 -2361160



## ജ്യോതിഷം

എറണാകുളം കരയോഗത്തിൽ ജ്യോതിഷാചാര്യൻ ജി.കെ. മേനോന്റെ സേവനം തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ
പ്രവർത്തന സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ

കൂടുതൽ വിവരങ്ങൾക്ക് - 8848036518, 9645683491

TO LIVE & LET LIVE

## ചൈത്രം

മാനസിക സംഘർഷം, ഏകാന്തത, ആത്മഹത്യാപ്രേരണ തുടങ്ങിയ നിങ്ങളുടെ വിഷമങ്ങൾ പങ്കുവയ്ക്കുവാൻ ഒരു കൗൺസിലിങ്ങ് കേന്ദ്രം.
സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്.
പ്രവർത്തന സമയം ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

കൂടുതൽ വിവരങ്ങൾക്ക് - 0484 2361161

## പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് ആന്റ് വനിതാ ഹോസ്റ്റൽ

എറണാകുളം കരയോഗത്തിന്റെ കീഴിൽ ഒരു ഓൾഡേജ് ഹോമും വനിതാ ഹോസ്റ്റലും നടത്തി വരുന്നു.



കൂടുതൽ വിവരങ്ങൾക്ക്
9188081355, 0484 -2345061

## ക്ലിനിക്ക് ഓൺ വീൽസ്



സമൂഹത്തിലെ നിർദ്ധനരായ രോഗികൾക്ക് സേവനം നൽകുവാൻ എറണാകുളം കരയോഗത്തിൽ സഞ്ചരിക്കുന്ന ആശുപത്രിയുടെ സേവനം ഒരുക്കിയിട്ടുണ്ട്

കൂടുതൽ വിവരങ്ങൾക്ക് - 9188640743

## ആംബുലൻസ് സർവ്വീസ്

എറണാകുളം കരയോഗത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സർവ്വീസിന്റെയും മൊബൈൽ ബോഡി ഫ്രീസറിന്റെയും സേവനം ലഭ്യമാണ്.



കൂടുതൽ വിവരങ്ങൾക്ക് - 9387306579

DATE OF PUBLICATION: 10-08-2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 | AUGUST 2024 | Issue No.8

ആഗസ്റ്റ്
20
ചൊവ്വാഴ്ച

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ്: ആഗസ്റ്റ്മാസ പരിപാടി

## ശ്രീ കലാമണ്ഡലം ഉണ്ണിക്കൃഷ്ണക്കുറുപ്പ് അനുസ്മരണം




കളിയരങ്ങിലെ അനശ്വര ഗായകനായിരുന്ന ശ്രീ കലാമണ്ഡലം ഉണ്ണികൃഷ്ണക്കുറുപ്പിന് സമർപ്പിച്ചു കൊണ്ടുള്ള ഒരു പ്രത്യേക പരിപാടിയാണ് എറണാകുളം കരയോഗം കഥകളി ക്ലബ്ബ് ആഗസ്റ്റ് മാസത്തിൽ വിഭാവനം ചെയ്യുന്നത്. 2024 ആഗസ്റ്റ് മാസം 20-ാം തിയ്യതി വൈകുന്നേരം 5.30 ന് എറണാകുളം കരയോഗം വക ടി ഡി എം കാവേരി ഹാളിൽ വച്ച് നടക്കുന്ന ഈ പരിപാടിയിലേക്ക് എല്ലാവരേയും സാദരം ക്ഷണിക്കുന്നു. ഈ അവസരത്തിൽ സപ്തതി പിന്നിട്ട പ്രസിദ്ധ കഥകളി ഗായകൻ ശ്രീ. പാലനാട് ദിവാകരനെ ആദരിക്കുന്നു.

5.30 pm
ശ്രീ കലാമണ്ഡലം ഉണ്ണിക്ക്യഷ്ണക്കുറുപ്പ് അനുസ്മരണവും
ശ്രീ പാലനാട് ദിവാകരന് അനുമോദനവും



5.45 pm
ഡോക്യുമെന്ററി പ്രദർശനം......
**വെങ്കലനാദം**
രചന, സംവിധാനം
വിനു വാസുദേവൻ
നിർമ്മാണം
കലാമണ്ഡലം ഉണ്ണിക്ക്യഷ്ണക്കുറുപ്പനുസ്മരണദിനാചരണക്കമ്മിറ്റി
സർവ്വമംഗള പ്രൊഡക്ഷൻസ്

6.45 pm
കഥകളിപ്പദക്കച്ചേരി
ദീപ പാലനാട്, മീര രാംമോഹൻ
ചെണ്ട : ഗോപീകൃഷ്ണൻ തമ്പുരാൻ
മദ്ദളം : ആർ.എൽ.വി സുദേവ് വർമ്മ



## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

കൊച്ചി വിശ്വപൈതൃകം എന്ന വിഷയത്തെ അധികരിച്ച് നടത്തുന്ന ശില്പശാല.
എറണാകുളം ടിഡിഎം ഹാളിൽ 2024 ആഗസ്റ്റ് 17-ാം തീയതി ശനിയാഴ്ച വൈകീട്ട് 2 മണിക്ക്.
പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9871568309 എന്ന നമ്പറിൽ Whats App വഴി അറിയിക്കുക.
ഏവർക്കും സ്വാഗതം.

## ബീം ആഗസ്റ്റ് മാസ പരിപാടി

മഹാകവി കുമാരനാശന്റെ ദുരവസ്ഥ ലീല, നളിനി എന്നീ കൃതികളുടെ നൃത്താവിഷ്ക്കാരം
അവതരണം
ശ്രീമതി കലാമണ്ഡലം സുഗന്ധി
27-08-2024 ചൊവ്വാഴ്ച വൈകുന്നേരം 6.30ന്
ടി.ഡി.എം. ഹാളിൽ
ഏവർക്കും സ്വാഗതം.

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.